2024 OCTOBER 26

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Pho 917 324 4 62 1122



# ഉപതിരഞ്ഞെടുപ്പ് ചൂടിൽ കേരളം



## കേരള സെന്റർ അവാർഡ് അഭിമാനമായി



Joyalukkas
GOLDEN DIWALI
THE BIGGEST DIWALI OFFER
24K
FREE
1 GM (24K)
LAKSHMI IDOL
OR GOLD BAR
ON DIAMOND & PRECIOUS STONE JEWELLERY PURCHASES WORTH USD 1500 & GOLD JEWELLERY PURCHASE WORTH USD 5500
24K
FREE
500 MG (24K)
GOLD BAR
ON DIAMOND AND PRECIOUS STONE JEWELLERY PURCHASES WORTH USD 1000
NO MAKING CHARGES ON 8GM GOLD COINS
0% DEDUCTION ON OLD GOLD EXCHANGE
10% PAY IN ADVANCE AND GET GUARANTEED GOLD RATE PROTECTION
SCAN FOR LATEST JEWELLERY COLLECTION
OFFER VALID UNTIL 3RD NOV. 2024
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

# മലയാളിയുടെ മികവിനു അംഗീകാരം: കേരള സെന്റർ അവാർഡ് അഭിമാനമായി



അമേരിക്കയെ റിപ്പബ്ലിക് എന്നു വിളിക്കുന്നു. എന്തുകൊണ്ട് ഡമോക്രസി എന്ന് വിളിക്കുന്നില്ല?  അറ്റോർണി ഹാഷിം മൂപ്പൻ

ജീവിതം ഒരു യാത്രയാണ്. അതിനാൽ സുഖപ്രദമായ ഷൂ ധരിക്കണം. എറിക് ഷൂ കമ്പനി ഉടമ വർക്കി ഏബ്രഹാം.

നാട്ടിൽ കാലില്ലാതായവർ ഇഴയുന്ന ദൈന്യത കണ്ടു. ഇവിടെ കാലില്ലാത്തവർ കൃത്രിമ കാൽ വച്ച് ഓടുകയും ചാടുകയും ചെയ്യുന്നു. അതിനാൽ എന്തെങ്കിലും ചെയ്യാൻ തോന്നി. ഞങ്ങൾ അഞ്ചു പേർ. അതിനാൽ പത്ത് കാലുകൾ നൽകാൻ തീരുമാനിച്ചു. ജോൺസൺ സാമുവൽ

ഭഗവാൻ കൃഷ്ണൻ പറഞ്ഞതുപോലെ നിഷ്കാമ കർമ്മമാണ് ഇവിടെ എഴുത്തുകാർ നിർവഹിക്കുന്നത്.

സാംസി കൊടുമൺ

എന്റെ കലോപാസനകൾക്ക് (മോഹിനിയാട്ടം) ഇവിടം പറ്റിയതല്ല എന്നു തോന്നി. എന്നാൽ ക്രമേണ ഇവിടെ പഠിക്കുന്ന കുട്ടികളുടെ മികവും അർപ്പണ ബോധവും കണ്ടപ്പോൾ അവർ നാട്ടിലുള്ളവരേക്കാൾ ഒട്ടും പിന്നിലല്ലെന്ന് ബോധ്യമായി. ഡോ. സുനന്ദ നായർ

റേസിസത്തിനിടയിൽ എന്റെ പൈതൃകത്തെപ്പറ്റി പഠിച്ചതോടെ പിതാവിനോട് ഒരു ഇന്ത്യൻ പതാക ചോദിച്ചു വാങ്ങി. എന്റെ ബെഡ് റൂമിൽ അമേരിക്കൻ പതാകയ്ക്കൊപ്പം ഇന്നും അതുണ്ട്. നമ്മുടെ പൈതൃകത്തിൽ നാം അഭിമാനപൂരിതരാകണം. വെസ്ലി മാത്യൂസ്, ന്യൂജേഴ്സി ഇന്ത്യാ കമ്മീഷൻ ചെയർ

കേരള സെന്ററിന്റെ മുപ്പത്തിമൂന്നാമത് അവാർഡ് ദാന ചടങ്ങ് ഹൃദയഹാരിയായി. സ്വന്തമായി വലിയ നേട്ടങ്ങൾ കൈവരിക്കുകയും സമൂഹത്തിന് ഏറെ നന്മകൾ ചെയ്യുകയും ചെയ്ത എട്ടു പേരെ കണ്ടെത്തി അവാർഡുകൾ നൽകി ആദരിച്ചത് മലയാളി സമൂഹത്തിന് മാതൃകയും പ്രചോദനവുമായി.

അവാർഡ് കമ്മിറ്റി ചെയർ ഡോ. തോമസ് ഏബ്രഹാമിന്റെ ആമുഖത്തോടെ ചടങ്ങുകൾ ആരംഭിച്ചു. എം.സി ഡെയ്സി സ്റ്റീഫനെ അദ്ദേഹം ക്ഷണിച്ചു.  1999 ലും, 2020-ൽ കോവിഡ് കാലത്തും മാത്രമാണ് അവാർഡ് മുടങ്ങിയതെന്ന് ഡയ്സി സ്റ്റീഫൻ പറഞ്ഞു. ഇതിനകം 185 പേർക്ക് അവാർഡുകൾ നൽകിയതായി ഡോ. തോമസ് ഏബ്രഹാം പറഞ്ഞു. ശശി തരൂർ, കോൺഗ്രസ് അംഗം പ്രമീള ജയ്പാൽ എന്നിവരൊക്കെ അതിൽപ്പെടും. അവാർഡ് ജേതാക്കൾ പിന്നീട് കൂടുതൽ ഉയർച്ചയിലെത്തുന്നതും നമ്മൾ കണ്ടു.

റിയ അലക്സാണ്ടർ ദേശീയ ഗാനങ്ങൾ ആലപിച്ചു.

കേരള സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാന്റെ സ്വാഗതത്തിനു ശേഷം നൂപുരയുടെ പൂജാ ഡാൻസ് അരങ്ങേറി.

സുവനീർ കമ്മിറ്റി ചെയർ പി.റ്റി. പൗലോസ്, മേരി ഫിലിപ്പ്, ജി. മത്തായി, ഏബ്രഹാം തോമസ്, രാജു തോമസ് എന്നിവർ സുവനീറിന്റെ കോപ്പി ജമിനി തോമസിന് നൽകി പ്രകാശനം ചെയ്തു.

അവാർഡ് നിർണയ രീതിയെപ്പറ്റി ഡോ. തോമസ് ഏബ്രഹാം നൽകിയ വിവരണത്തിനുശേഷം പബ്ലിക് സർവീസിനുള്ള അവാർഡ് ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ്, ന്യൂജേഴ്സി ഗവൺമെന്റ് ഇന്ത്യാ കമ്മീഷൻ ചെയർമാനും വിവിധ ബോർഡുകളിൽ അംഗവുമായ വെസ്ലി മാത്യൂസിന് സമ്മാനിച്ചു. വലിയ ഭാവിയുള്ള യുവാവാണ് വെസ്ലിയെന്ന് സെനറ്റർ ചൂണ്ടിക്കാട്ടി.

ഒരു സ്റ്റേറ്റ് മഹത്തരമാകുന്നത് (ഗ്രേറ്റ്) അവിടെയുള്ള ജനങ്ങൾ എത്ര മഹത്തുക്കൾ ആണെന്നതിനെ ആശ്രയിച്ചിരിക്കുന്നു... വെസ്ലി മാത്യൂസിന് സെനറ്റർ കെവിൻ നൽകിയ ബഹുമതി പത്രത്തിൽ ചൂണ്ടിക്കാണിക്കുന്നു.

മറുപടി പ്രസംഗത്തിൽ മറ്റുള്ളവരെ സഹായിക്കാത്ത ജീവിതം വ്യർത്ഥമാണെന്ന

അടിക്കുറിപ്പോടെ മദർ തെരേസായുടെ ഒരു ചിത്രം തന്റെ ഡാളസിലെ വീട്ടിലുള്ളത് വെസ്ലി മാത്യൂസ് ചൂണ്ടിക്കാട്ടി. ചെറുപ്പത്തിൽ തന്റേയും സഹോദരിയുടേയും മനസിൽ അത് മായാത്ത ഓർമയായി.

നമ്മുടെ മുൻ തലമുറയുടെ ത്യാഗത്തിലാണ് നമ്മുടെ ജീവിതം കെട്ടിപ്പെടുത്തിരിക്കുന്നത്. അവസരങ്ങൾ തേടി വന്നതിനാൽ അവർ അത്രയൊന്നും സിവിക് മൈൻഡഡ് ആയിരുന്നില്ല.

ഡാളസിൽ ജനിച്ചുവളർന്ന താൻ ചെറുപ്പത്തിൽ റേസിസം അനുഭവിച്ചിട്ടുണ്ട്. സ്കൂൾ സിസ്റ്റത്തിൽ തന്നെപ്പോലുള്ളവർ നാലു പേരെ അന്നുണ്ടായിരുന്നുള്ളു. അന്ന് എന്റെ പൈതൃകത്തെപ്പറ്റി അഭിമാനം തോന്നിയില്ല. എന്നാൽ പിതാവിന്റെ കൈയ്യിൽ നിന്ന് ഇന്ത്യയെപ്പറ്റിയും കേരളത്തെപ്പറ്റിയും പുസ്തകങ്ങൾ വാങ്ങി വായിച്ചതോടെ ആ ചിന്താഗതി മാറി. ഇന്ത്യൻ പതാക വാങ്ങി അമേരിക്കൻ പതാകയ്ക്കൊപ്പം ബെഡ്റൂമിൽ പ്രതിഷ്ഠിച്ചു. ഇന്നും അത് അവിടെയുണ്ട്. ഇന്ത്യൻ അമേരിക്കൻ ആണ് നാം. അതിൽ അഭിമാനം കൊള്ളുന്നവർ.

താൻ ഇലക്ടഡ് അല്ല. സർക്കാർ ഉദ്യോഗസ്ഥനാണ്. സെനറ്റർ കെവിനും അസംബ്ലി വുമൺ മിക്കേൽ സൊളാജസും ഇലക്ടഡ് ആണ്. രണ്ടു വിഭാഗത്തിന്റെയും ലക്ഷ്യം സേവനം തന്നെ. തന്റെ സമപ്രായക്കാരനായ സെനറ്റർ കെവിനും വലിയ ഭാവിയുണ്ടെന്ന് വെസ്ലി പറഞ്ഞു.

ജീവകാരുണ്യ പ്രവർത്തനത്തിനുള്ള അവാർഡ് ഏറ്റുവാങ്ങിയ ജോൺസൺ സാമുവേലിന്റെ പ്രസംഗം ഏവരുടേയും ഹൃദയങ്ങളെ സ്പർശിക്കുന്നതായി. യൂത്ത് ഫോറം അംഗം ആനി അലസ്കാണ്ടർ അദ്ദേഹത്തെ പരിചയപ്പെടുത്തി. ജി. മത്തായി അവാർഡ് സമ്മാനിച്ചു. ജോണി സഖറിയ, വർഗീസ് ഏബ്രഹാം എന്നിവരും സന്നിഹിതരായിരുന്നു.

പതിനേഴ് വയസിൽ അമേരിക്കയിലെത്തിയ താൻ 2011-ൽ കേരളത്തിലെത്തിയപ്പോൾ കാലില്ലാത്ത ഒരാളെ കണ്ടത് ജോൺസൺ സാമുവേൽ അനുസ്മരിച്ചു. അയാളുടെ സ്ഥാനത്ത് താനായിരുന്നെങ്കിൽ എന്ന് ആലോചിച്ചു. അമേരിക്കയിലെ കാലില്ലാത്തവർ കൃത്രിമ കാലിൽ നടക്കുന്നു. എന്തുകൊണ്ട് ഇന്ത്യയിൽ അത് പറ്റുന്നില്ല.






അങ്ങനെ ഞങ്ങൾ അഞ്ച് കുടുംബാംഗങ്ങൾ ഓരോ വർഷവും പത്ത് കാലുകൾ നൽകാൻ തീരുമാനിച്ചു. 2014-ൽ അത് തുടങ്ങി ആരെയും അറിയിച്ചില്ല. മൂന്നുവർഷം കഴിഞ്ഞപ്പോൾ പലരും അറിഞ്ഞു. അവരും സഹായിക്കാനെത്തി. ഇതുവരെ 204 പേർക്ക് കാൽ നൽകി. ഈവർഷം 100 പേർക്ക് കാൽ നല്കും.

ജർമ്മൻ കമ്പനിയിൽ നിന്നു വാങ്ങുന്ന ഏറ്റവും മികച്ചതാണ് നൽകുന്നത്. അതിന് 2000 ഡോളർ വില വരും. കാലുകൾ നഷ്ടപ്പെടുന്നത് കൂടുതലും വാഹനാപകടത്തിലാണ്. അതോടെ അവർ ഡിപ്രഷനിലാകുന്നു. പിന്നെ ചിന്തിക്കുന്നത് ആത്മഹത്യയെപ്പറ്റിയാണ്. അതിനാൽ കാൽ നൽകുമ്പോൾ ജീവിതം ആണ് നൽകുന്നത്. കാലില്ലാത്തവരെ ആർക്കെങ്കിലും അറിയാമെങ്കിൽ അറിയിക്കണം. അവർക്ക് നാം കാൽ നൽകും.

ഇത് തന്റെ സംഘടനയൊന്നുമല്ല. അതിനാൽ ആർക്കും സഹായിക്കാം.

അലക്സ് എസ്തപ്പാൻ അപ്പോൾ തന്നെ 1000 ഡോളർ നൽകി. കേരള സെന്ററിന്റെ സഹായവും വാഗ്ദാനം ചെയ്തു.

ബാങ്കിംഗിലോ ഷൂ നിർമ്മാണത്തിലോ തനിക്ക് ഒരു പരിചയവുമില്ലായിരുന്നുവെന്ന് ബിസിനസ് ലീഡർഷിപ്പ് അവാർഡ് നേടിയ വർക്കി ഏബ്രഹാം പറഞ്ഞു. തന്റെ നേട്ടങ്ങളെല്ലാം ദൈവത്തിന്റെ അനുഗ്രഹം മാത്രമാണ്. ധാരാളം വിഷമതകൾ നേരിട്ടു. 2007-08 കാലത്ത് ഹാനോവർ ബാങ്ക് പ്രതിസന്ധിയിലായി. തുടർന്ന് സഹായത്തിനായി മുത്തൂറ്റ് ഫിനാൻസ്, ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ഗീവർഗീസ് മത്തായി, മറ്റ് ചില സുഹൃത്തുക്കൾ എന്നിവരെ കൂടെ കൂട്ടി. അതോടെ സ്ഥിതി മാറി. ഇന്നിപ്പോൾ ബാങ്കിന്റെ ആസ്തി 3 ബില്യൻ ഡോളറാണ്. മൈനോരിറ്റി ഉടമയായ ചുരുക്കം ചില ബാങ്കുകളിലൊന്നാണ്. പത്ത് ഡോളറിന്റെ ഷെയർ ഇപ്പോൾ 18 ഡോളറിനാണ് വിൽക്കുന്നത്. അതുപോലെ സ്മോൾ ബിസിനസ് ലോൺ (എസ്.ബി.എ) നൽകാനുള്ള അനുമതിയും ലഭിച്ചു.

ലതർ ബിസിനസിലെ പ്രമുഖ കമ്പനിയാണ് തന്റെ ഉടമസ്ഥതയിലുള്ള വി.എ സ്മിത്ത്. ഏറ്റവും നല്ല ലതർ കിട്ടുന്നത് ദക്ഷിണേന്ത്യയിലാണെന്നത് രഹസ്യമാണ്. അത് കൂടുതലും ഇറ്റലിയിലേക്ക് കയറ്റി പോകുന്നു.

ഇന്നിപ്പോൾ തന്റെ സ്ഥാപനങ്ങൾക്ക് ശക്തമായ പിൻബലമുണ്ട്. എല്ലാം ദൈവാനുഗ്രഹം കൊണ്ട് മാത്രം. എല്ലാ നേട്ടങ്ങളും 104 വയസുള്ള അമ്മയ്ക്കും ഭാര്യ സൂസിക്കും സമർപ്പിക്കുന്നു. അതുപോലെ ബന്ധുമിത്രാദികൾക്കും ജീവനക്കാർക്കും.

ജീവിതം ഒരു യാത്രയാണ്. അതിനാൽ സുഖകരമായ ഷൂ ധരിക്കണം- കൂട്ടച്ചിരിക്കിടയിൽ അദ്ദേഹം പറഞ്ഞു.

യൂത്ത് ഫോറം സെക്രട്ടറി സാമുവേൽ ജോസഫ് വർക്കി ഏബ്രഹാമിനെ പരിചയ








പ്പെടുത്തി. സെനറ്റർ കെവിൻ തോമസും അസംബ്ലി വുമൺ മിഷേൽ സൊലാജസും ചേർന്ന് അവാർഡ് സമ്മാനിച്ചു.

ലിറ്ററി അവാർഡ് നേടിയ സാംസി കൊടുമണ്ണിനെ മനോഹർ തോമസ് പരിചയപ്പെടുത്തി. അമേരിക്കയിലെ അടിമ വ്യവസ്ഥിതിയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ നോവൽ ഇപ്പോൾ ഇ-മലയാളി ഖണ്ഡശ്ശയായി പ്രസിദ്ധീകരിക്കുന്നു. പി.റ്റി. പൗലോസ്, ഡോ. തെരേസ ആന്റണി, ഫിലിപ്പ് മഠത്തിൽ എന്നിവരുടെ സാന്നിധ്യത്തിൽ ഏബ്രഹാം ഫിലിപ്പ് അവാർഡ് സമ്മാനിച്ചു.

തനിക്ക് മുന്നേ 31 എഴുത്തുകാർക്ക് ഈ അവാർഡ് ലഭിച്ചെന്ന് മറുപടി പ്രസംഗത്തിൽ സാംസി ചൂണ്ടിക്കാട്ടി. ഇനിയും ധാരാളം പേർ വരാനുണ്ട്. അവർക്കായി വേദിയൊരുക്കുന്നത് മഹത്തായ കാര്യമാണ്. മലയാളി മറ്റൊരാളെ അംഗീകരിക്കാത്ത കാലത്ത് അവരെ അംഗീകരിക്കാനുള്ള കേരള സെന്ററിന്റെ നടപടി അഭിനന്ദനമർഹിക്കുന്നു. ഇതിലൂടെ നിങ്ങളും ആദരിക്കപ്പെടുന്നു.

ഭഗവാൻ കൃഷ്ണൻ പറഞ്ഞത് നിഷ്കാമ കർമം ചെയ്യാനാണ്. എപ്പോഴെങ്കിലും അംഗീകാരം വരും. 40 വർഷം മുമ്പ് താൻ എഴുതാൻ തുടങ്ങിയതാണ്. അംഗീകാരമൊന്നും പ്രതീക്ഷിച്ചല്ല അത്.

മൂന്നാം തലമുറയിലെത്തി നിൽക്കുന്ന പ്രവാസി മലയാളി സമൂഹത്തെ സ്വയം വിലയിരുത്തേണ്ട കാലമായെന്നും സാംസി ചൂണ്ടിക്കാട്ടി.

പെർഫോമിംഗ് ആർട്സ് രംഗത്തുള്ള സംഭാവനയ്ക്ക് അവാർഡ് ലഭിച്ച ഡോ. സുനന്ദ നായരെ ഡോ. ബൻജി തോമസ് പരിചയപ്പെടുത്തി. ഡോ. ഉണ്ണി മൂപ്പനും, ആഷാ രമേഷും ചേർന്ന് അവാർഡ് സമ്മാനിച്ചു.

ഡൽഹിയിൽ നിന്ന് താൻ രാവിലെ വന്നതേയുള്ളുവെന്ന് ഡോ. സുനന്ദ നായർ പറഞ്ഞു. അവിടെ സർക്കാർ ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര ഫെസ്റ്റിവലിൽ പങ്കെടുക്കാൻ പോയതാണ്. അമേരിക്കയിൽ നിന്നു ക്ഷണിച്ച രണ്ടുപേരിൽ ഒരാളായിരുന്നു താൻ.

2005-ൽ അമേരിക്കയിലേക്ക് വരുമ്പോൾ മുംബൈയിൽ ലക്ചററായിരുന്നു. ഇന്ത്യൻ കലകൾക്ക്, പ്രത്യേകിച്ച് മോഹിനിയാട്ടത്തിനു, അമേരിക്കയിൽ പ്രസക്തിയോ ആരാധകരോ ഇല്ലെന്നായിരുന്നു ധാരണ. അതിനാൽ വരാൻ മടിയായിരുന്നു.

എന്നാൽ താൻ താമസമുറപ്പിച്ച ന്യൂ ഓർലിയൻസിൽ നൃത്തം അവതരിപ്പിക്കാനും കുട്ടികളെ പഠിപ്പിക്കാനും അവസരം കിട്ടിയപ്പോൾ സന്ദേഹമൊക്കെ മാറി. കത്രീന മൂലം ന്യൂ ഓർലിയൻസിൽ നിന്നു ഹൂസ്റ്റണിലേക്ക് മാറി. അവിടെ പഠിക്കുന്ന കുട്ടികളുടെ മികവും അർപ്പണ ബോധവും പ്രതീക്ഷയ്ക്കപ്പുറമായിരുന്നു. നാട്ടിലുള്ളവർക്കൊപ്പമോ അതിലും മികച്ചവരോ




ആണവർ. തന്റെ കലാപ്രവർത്തനത്തിന് കേരള സെന്റർ നൽകിയ ആദരവിനും അവർ നന്ദി പറഞ്ഞു.



ലീഗൽ സർവീസിന് അവാർഡ് നേടിയ ഹാഷിം മൂപ്പനെ സാമന്ത ജോസഫ് പരിചയപ്പെടുത്തി. അറ്റോർണി അപ്പൻ മേനോൻ അവാർഡ് സമ്മാനിച്ച്. ഭാവിയിൽ ഒരു സുപ്രീം കോടതി ജഡ്ജിയാവാൻ അർഹനാണ് ഹാഷിം എന്ന് അദ്ദേഹം പറഞ്ഞു.



ആദരവിന് നന്ദി പറഞ്ഞ ഹാഷിം മൂപ്പൻ, മാതാപിതാക്കൾ നൽകിയ പ്രചോദനവും ആത്മവിശ്വാസവും എടുത്തു പറഞ്ഞു. വീട്ടുകാരേയും നാട്ടുകാരേയും പിരിഞ്ഞ് അരനൂറ്റാണ്ട് മുമ്പ് തന്റെ മാതാപിതാക്കൾ ഇവിടെ വന്നതിനാലാണ് തനിക്ക് ഈ ഭാഗ്യങ്ങൾ ഉണ്ടായത്.

അവാർഡിന് പ്രത്യേക നന്ദിയുണ്ട്. അറ്റോർണിമാരെ ആരും ആദരിക്കില്ല എന്നാണ് അമ്മ പറഞ്ഞത്.

അമേരിക്കയെ എന്തുകൊണ്ടാണ് റിപ്പബ്ലിക് എന്നു പറയുന്നതെന്നും, ഡമോക്രസി എന്നു പറയാത്തതെന്നും വിശദീകരിക്കണമെന്ന് അമ്മ പറഞ്ഞു. എന്തായാലും അതിന് ഞാൻ മുതിരുന്നില്ല. എല്ലാവർക്കും ഒരിക്കൽകൂടി നന്ദി.

നഴ്സിംഗ് ലീഡർഷിപ്പിന് അവാർഡ് നേടിയ സുജ തോമസിനെ ഡോ. അന്ന ജോർജ് പരിചയപ്പെടുത്തി. മേരി ഫിലിപ്പിന്റെ സാന്നിധ്യത്തിൽ അസംബ്ലി വുമൺ സൊലാജസും ഡോ. ഉണ്ണി മൂപ്പനും ചേർന്ന് അവാർഡ് സമ്മാനിച്ചു.

കേരള സെന്ററിന് നന്ദി പറഞ്ഞ സുജ തോമസ് നഴ്സിംഗ് എന്നാൽ ഒരു ജോലി മാത്രമല്ല ഒരു സമർപ്പണം കൂടിയാണെന്ന് ചൂണ്ടിക്കാട്ടി. ഈ ജോലിയോടുള്ള താത്പര്യവും അർപ്പണബോധവും ആണ് നഴ്സുമാരെ വ്യത്യസ്തരാക്കുന്നത്. വലിയ ഉത്തരവാദിത്വവും ഏറെ അഭിമാനം പകരുന്നതുമാണ് ഈ ജോലി. 'നൈന' യുടെ പ്രസിഡന്റ് എന്ന നിലയിലും തികച്ചും അഭിമാനത്തോടെയാണ് താനിവിടെ നിൽക്കുന്നത്. തനിക്ക് വ്യക്തിപരമായി ലഭിച്ച ഒരു അവാർഡ് എന്നതിലുപരി ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള ഒരു അംഗീകാരമായി ഇതിനെ താൻ കാണുന്നു. ഓരോ രോഗികൾക്കും മികച്ച സേവനം



നൽകാനുള്ള ഉത്തരവാദിത്വമാണ് ഓരോ നഴ്സുമാർക്കുമുള്ളത്- സുജ തോമസ് ചൂണ്ടിക്കാട്ടി.

ഈ മേഖലയിൽ സേവിക്കാൻ കഴിഞ്ഞത് ഒരു പദവിയാണ്. നാഷണൽ അസോസിയേഷന്റെ പ്രസിഡന്റ് എന്ന നിലയിൽ സംഘടനയെ പ്രതിനിധീകരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു.

ആൽബനിയിൽ അടുത്തിടെ വിജയകരമായ ദ്വിവത്സര സമ്മേളനം സംഘടന നടത്തി. ടീമിന്റെ പരിശ്രമവും സംഭാവനയും ഇല്ലാതെ ഇത് സാധ്യമാകുമായിരുന്നില്ല. അതിനാൽ ഇത് വ്യക്തിഗത പ്രയത്നത്തിന്റെ പ്രതിഫലനമല്ല, മറിച്ച് നഴ്സിംഗ് തൊഴിൽ നവീകരിക്കാൻ ശ്രമിക്കുന്ന നിരവധി വ്യക്തികളുടെയും സംഘടനകളുടെയും കൂട്ടായ കഠിനാധ്വാനവും അഭിനിവേശവുമാണ്. കാര്യക്ഷമമായ പ്രൊഫഷണലുകൾ നൽകേണ്ട ഏറ്റവും ഉയർന്ന പരിചരണം ഓരോ രോഗിക്കും ആവശ്യമാണെന്ന് ഉറപ്പാക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ഇത് അടയാളപ്പെടുത്തുന്നു.



ആരോഗ്യ സംരക്ഷണത്തിന്റെ വെല്ലുവിളികളെ നേരിടാൻ നമുക്ക് ഐക്യത്തോടെ നിലകൊള്ളാം. ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള നമ്മുടെ വിദ്യാഭ്യാസവും അവബോധവും പ്രോത്സാഹിപ്പിക്കുന്നതിന് ആരോഗ്യപരിപാലന നയങ്ങൾ മെച്ചപ്പെടുത്താൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം. നമ്മുടെ എല്ലാവരുടെയും ആരോഗ്യകരമായ ഭാവി രൂപപ്പെടുത്തുന്നതിൽ ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ പ്രവർത്തനം പ്രധാനമാണ്.

കമ്യൂണിറ്റി സർവീസ് അവാർഡ് നേടിയ സിബു നായരെ ജോയൽ തോമസ് പരിചയപ്പെടുത്തി. സെനറ്റർ കെവിൻ തോമസും അസംബ്ലിവുമൻ മൈക്കേൽ സോളജാസും ചേർന്ന് അദ്ദേഹത്തിന് അവാർഡ് സമ്മാനിച്ചു. കോശി തോമസ്, തോമസ് ജോയി എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.






കേരളം സെന്ററിന്റെ മൂന്ന് പതിറ്റാണ്ടത്തെ സേവനം എടുത്തു പറഞ്ഞ സിബു നായർ നമ്മുടെ സമൂഹത്തിനു അതുവഴി ഉണ്ടായ നേട്ടങ്ങളും ചൂണ്ടിക്കാട്ടി. ഗവർണറുടെ ഓഫീസിൽ തന്റെ പ്രവർത്തനങ്ങൾ ഏഷ്യൻ സമ്മോഹത്തെ ലക്ഷ്യമിട്ടാണ്. ആരോഗ്യം, വിദ്യാഭ്യാസം, ചെറുകിട ബിസിനസ് തുടങ്ങിയ രംഗങ്ങളിലൊക്കെ ഏഷ്യൻ സമൂഹം മുന്നേറുന്നതിനുള്ള പ്രവർത്തനങ്ങളാണ് കൂടുതലായും ശ്രദ്ധിക്കുന്നത്-അദ്ദേഹം പറഞ്ഞു.

സെനറ്റർ കെവിൻ തോമസ്, അസംബ്ലിവുമൻ സോളജസ്, മുൻ സെനറ്റർ അന്നാ കപ്ലാൻ എന്നിവരെ കേരള സെനറ്റർ പ്രത്യേക അവാർഡ് നൽകി ആദരിച്ചു. കേരള സെന്റർ ഡയറക്റ്റാർ ബോർഡ് ചെയർ ഡോ. മധു ഭാസ്കർ അവരുടെ സേവനങ്ങൾ വിവരിച്ചു. ഇന്ത്യൻ സമൂഹത്തിന്റെ നന്ദി അറിയിക്കുന്നതിനാണ് ഈ ആദരം.

ഡോ. തോമസ് എബ്രഹാം, അലക്സ് എസ്തപ്പാൻ എന്നിവർ അവാർഡുകൾ സമ്മാനിച്ചു. ബിജു ചാക്കോ, അജിത് കൊച്ചൂസ് എന്നിവർ സന്നിഹിതരായിരുന്നു.

കേരളി ടിവിയുടെ അവാർഡ് പരിപാടിയും ഇതോടൊപ്പം നടന്നു (റിപ്പോർട്ട് അന്യത്ര)

നൂപുര ഡാൻസ് അക്കാദമിയുടെ നൃത്തത്തിന് ശേഷം കേരള സെന്റർ സെക്രട്ടറി രാജു തോമസ് നന്ദി പറഞ്ഞു.

ഡിന്നറോടു കൂടി ചടങ്ങുകൾ സമാപിച്ചു.










The Kerala Center
ANNIVERSARY CELEBRATION










India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
Jan 10th, 2025
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
GOKULAM PARK
Convention Center
KOCHI
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# ഉപതിരഞ്ഞെടുപ്പ് ചൂടിലമർന്ന് രാഷ്ട്രീയ കേരളം








**എ.എസ് ശ്രീകുമാർ**

മുമ്പെങ്ങുമില്ലാത്ത വിധം സി.പി.എം രാഷ്ട്രീയം കലങ്ങിമറിയുകയും പിണറായി വിരുദ്ധ വികാരം ഭരണത്തെത്തന്നെ ബാധിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും ഉപതിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നത്. നവംബർ 13-ന് നടക്കുന്ന വോട്ടെടുപ്പിന്റെ ഫലം നവംബർ 23-ന് പ്രഖ്യാപിക്കും. 2026-ൽ നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ടെസ്റ്റ് ഡോസാണ് ഈ ഉപതിരഞ്ഞെടുപ്പ് എന്ന് പറയാനാവില്ലെങ്കിലും ഇതൊരു മുന്നറിയിപ്പാണ്.

സി.പി.എമ്മിനെ ഇപ്പോൾ വേട്ടയാടിക്കൊണ്ടിരിക്കുന്നത് കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ ആത്മഹത്യയും നിർഭാഗ്യകരമായ ആ സംഭവത്തിലേയ്ക്ക് നയിച്ച പി.പി ദിവ്യയെന്ന പാർട്ടിക്കരിയെ ചുറ്റിപ്പറ്റിയുള്ള, ഒട്ടും ആശാസ്യകരമല്ലാത്ത സംഭവവികാസങ്ങളുമാണ്. മലപ്പുറത്തെ സ്വർണം പൊട്ടിക്കലുമായി ബന്ധപ്പെട്ട് ദിനംപ്രതി ആരോപണമുന്നയിച്ച് ആഞ്ഞടിച്ച പി.പി അൻവറിന് ഇപ്പോൾ ആ പഴയ ഊർജമില്ലെങ്കിലും അദ്ദേഹം ഉയർത്തിയ ഗുരുതരമായ വിഷയങ്ങൾ ജനമനസിൽ രൂഢമൂലമായിട്ടുണ്ട്.

മൂന്ന് മണ്ഡലങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നതെങ്കിലും കേരളമൊന്നാകെ ഈ ജനാധിപത്യ പോരാട്ടത്തിന്റെ ചൂടിലമർന്നിരിക്കുന്നു. ഇടിവെട്ടി പെയ്യുന്ന തുലാവർഷത്തിനാകട്ടെ ആ ചൂട് ശമിപ്പിക്കാനുമാവുന്നില്ല. കാരണം തിരഞ്ഞെടുപ്പുകൾ നമുക്കെന്നും വലിയ ഉൽസവമാണ്.

രൂപീകരണം മുതൽ കോൺഗ്രസിന്റെ ഉറച്ച കോട്ടയായ വയനാട്ടിൽ പ്രിയങ്കാ ഗാന്ധി നോമിനേഷൻ സമർപ്പിച്ചതോടെ ആ ഉൽസവ ലഹരി ഉച്ചസ്ഥായിയിലായി. പത്തുവർഷത്തിനു ശേഷം കേരളത്തിലെത്തിയ സോണിയാ ഗാന്ധി, വയനാടൻ മനസിലിടം പിടിച്ച മുൻ എം.പി രാഹുൽ ഗാന്ധി, അഖിലേന്ത്യാ കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ, എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ എന്നിവർക്കൊപ്പമാണ് കണ്ണൂർ കളക്ടറേറ്റിലെത്തി പ്രിയങ്ക നാമനിർദേശ പത്രിക സമർപിച്ചത്.

അതിന് മുമ്പ് ആവേശക്കടലിൽ ആറാടിയ പതിനായിരക്കണക്കിന് പ്രവർത്തകരെ സാക്ഷി നിർത്തി റോഡ്ഷോ നടത്തിയ പ്രിയങ്ക, ഉരുൾ പൊട്ടലിൽ മരിച്ചവരുടെ കുഴിമാടത്തിൽ റീത്ത് സമർപ്പിക്കുകയും ചെയ്തു. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സി.പി.ഐയുടെ ദേശീയ നേതാവ് ആനിരാജയെ 3,64,422 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തി മണ്ഡലം നിലനിർത്തിയ രാഹുൽ ഗാന്ധി റായ്ബറേലിയുടെ എം.പിയായി തുടരാൻ തീരുമാനിച്ചതോടെയാണ് വയനാട് പ്രിയങ്കയുടെ കന്നിയങ്കത്തിന് വേദിയായത്.

ഇതുവരെ സംഘടനാ തലത്തിലും സാണിയയുടെ കാമ്പയിൻ മാനേജരും രാഹുൽ ഗാന്ധിയുടെ പ്രചാരണ പരിപാടികളുടെ നിരീക്ഷകയുമൊക്കെയായി പ്രവർത്തിച്ച പ്രിയങ്ക 52-ാം വയസിൽ പാർലമെന്ററി രാഷ്ട്രീയത്തിലേയ്ക്ക് ഔദ്യോഗികമായി ചുവടുവച്ചിരിക്കുന്നു. വയനാടിന്റെ കുടുംബമാവുന്നതിൽ അഭിമാനമുണ്ടെന്ന് പറഞ്ഞ പ്രിയങ്ക പ്രചാരണത്തിരക്കിലേയ്ക്ക് കടക്കുകയാണ്. പ്രചാരണത്തിന് ശക്തിപകരാൻ കോൺഗ്രസിന്റെ മുതിർന്ന ദേശീയ നേതാക്കൾ ഒന്നടങ്കം എത്തുന്നതോടെ വയനാട് ദേശീയ ശ്രദ്ധ ആകർഷിക്കും.

2024-ൽ രാഹുൽ ഗാന്ധി നേടിയ ഭൂരിപക്ഷം പരമാവധി കുറയ്ക്കാനുള്ള പോരാട്ടത്തിലാണ് സി.പി.എമ്മിന്റെ സ്ഥാനാർത്ഥി സത്യൻ മൊകേരി. അങ്ങനെയെങ്കിൽ അത് സർക്കാർ-സി.പി.എം-ഇടതുമുന്നണി അനുകൂല വികാരമായി അവർക്ക് വ്യാഖ്യാനിക്കാനാവും. 2024-ൽ 1,41,045 വോട്ടുകൾ നേടിയ കെ സുരേന്ദ്രനെയാണ് ബി.ജെ.പി മത്സരിപ്പിച്ചത്. ഇക്കുറി കന്നിയങ്കം കുറിച്ച നവ്യ ഹരിദാസ് അത്രയെങ്കിലും വോട്ട് പിടിച്ചില്ലെങ്കിൽ പാർട്ടിക്ക് നാണക്കേടാണ്. അത് മോദിപ്രഭാവത്തെ മങ്ങലേൽപ്പിക്കും.

എക്കാത്തും ഇഞ്ചോടിഞ്ച് മൽസരം നട



ക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലം ഇപ്പോൾ അക്ഷരാർത്ഥത്തിലൊരു യുദ്ധക്കളമായി മാറിയിരിക്കുന്നു. കോൺഗ്രസിലെ പൊട്ടിത്തെറിയാണ് അവരുടെ ഉറക്കം കൊടുത്തുന്ന ഒരു സുപ്രധാന വിഷയം. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽ മാങ്കൂട്ടത്തിലിനെ സ്ഥാനാർത്ഥിയാക്കിയതിൽ പ്രതിഷേധിച്ച് കോൺഗ്രസിനോട് ഇടഞ്ഞ ഡോ. പി സരിൻ സി.പി.എം സ്വതന്ത്ര സ്ഥാനാർത്ഥിയായി മൽസരിക്കുന്നുവെന്നതാണ് ഇവിടുത്തെ പ്രത്യേകത.

കെ.പി.സി.സി സോഷ്യൽ മീഡിയ സെൽ കൺവീനറും യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയുമായിരുന്ന സരിനെ സംഘടനാവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ പാർട്ടിയിൽ നിന്ന് പുറത്താക്കിയിരുന്നു. തുടർന്നാണ് അദ്ദേഹം ഇടതു ക്യാമ്പിലെത്തിയത്. യൂത്ത് കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി എ.കെ ഷാനിബും പാർട്ടി വിട്ടിരിക്കുകയാണ്. അദ്ദേഹം കോൺഗ്രസ് സ്ഥാനാർത്ഥിക്കെതിരെ സ്വതന്ത്രനായി മൽസരിക്കുന്നത് പാർട്ടിക്ക് തലവേദനയാണ്.

ബി.ജെ.പിയുടെ ശക്തമായ അടിത്തറയുള്ള പാലക്കാട്ട് കഴിഞ്ഞ തവണ ഫോട്ടോ ഫിനിഷായിരുന്നു. പാർട്ടി സ്ഥാർത്ഥിയായ മെട്രോമാൻ ഇ ശ്രീധരൻ വോട്ടെണ്ണലിന്റെ തുടക്കംമുതൽ ലീഡ് ചെയ്തിരുന്നു. ഒരു ഘട്ടത്തിൽ ബി.ജെ.പി പാലക്കാട്ട് അക്കൗണ്ട് തുറന്നു എന്നു തോന്നിച്ചിടത്ത് നിന്നാണ് 3,859 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ കോൺഗ്രസിന്റെ യുവ നേതാവ് ഷാഫി പറമ്പിൽ വിജയിച്ചത്. കവിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഷാഫി വിജയിച്ചതോടെയാണ് പാലക്കാട്ട് മൽസരിക്കാൻ രാഹുൽ മാങ്കൂട്ടത്തിലെത്തുന്നത്. കോൺഗ്രസ് രാഷ്ട്രീയത്തിന് മുതൽക്കൂട്ടായ രാഹുൽ മാങ്കൂട്ടത്തിൽ എന്ന യുവ നേതാവ് ആനുകാലിക സംഭവവികാസങ്ങളിൽ അതിശക്തമായ ഇടപെടലുകൾ നടക്കിക്കൊണ്ടാണ് തന്റെ സാന്നിധ്യം സജീവമാക്കുന്നത്.

ബി.ജെ.പിയുടെ അപ്രതീക്ഷിത സ്ഥാനാർത്ഥിയായിട്ടാണ് സി കൃഷ്ണകുമാർ എത്തിയത്. ജില്ലയിൽ നിന്ന് തന്നെയുള്ള മുതിർന്ന നേതാവായ സി കൃഷ്ണകുമാർ ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ പാലക്കാട്ടുനിന്ന് മൽസരിച്ചിരുന്നു. 2021-ൽ ഇ ശ്രീധരൻ മത്സരിച്ചപ്പോൾ നേരിയ വ്യത്യാസത്തിന് കൈവിട്ട് പോയ മണ്ഡലം മൂന്നര വർഷത്തിന് ശേഷം ഒരിക്കൽ കൂടി ജനവിധി തേടുമ്പോൾ കൈക്കലാക്കാൻ കഴിയുമെന്നാണ് ബി.ജെ.പി പ്രതീക്ഷ.

ചേലക്കരയിലാകട്ടെ ആവേശം അലയടിച്ചുയരുകയാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിന് കേരളത്തിൽ ആശ്വാസം നൽകിയ ഏക മണ്ഡലമായിരുന്നു ചേലക്കര ഉൾപ്പെടുന്ന ആലത്തൂർ. അഞ്ച് മാസങ്ങൾക്ക് മുൻപ് നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ തൃശൂർ ബി.ജെ.പി പിടിച്ചെടുത്തപ്പോൾ ആലത്തൂർ മാത്രം എൽ.ഡി.എഫിനൊപ്പം നിന്നു. 20,111 വോട്ടിന്റെ ഭൂരിപക്ഷമാണ് കെ രാധാകൃഷ്ണന് ആലത്തൂരിൽ ലഭിച്ചത്.

ആലത്തൂരിന്റെ മുൻ എം.പി രമ്യ ഹരിദാസാണ് ചേലക്കരയിൽ കോൺഗ്രസ് സ്ഥാനാർത്ഥി. ആലത്തൂരിന് കീഴിലുള്ള രാധാകൃഷ്ണന്റെ സ്വന്തം മണ്ഡലത്തിൽ എൽ.ഡി.എഫിന്റെ ലീഡ് 5173-ലേക്ക് ചുരുക്കാൻ 2019-ലെ തിരഞ്ഞെടുപ്പിൽ രമ്യയ്ക്കായിരുന്നു. രാധാകൃഷ്ണന് വോട്ടുള്ള സ്വന്തം ബൂത്തിൽ വരെ മുന്നേറാൻ രമ്യയ്ക്ക് ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സാധിച്ചിട്ടുണ്ട്. ഇത് സി.പി.എമ്മിനെ ആശങ്കപ്പെടുത്തുന്നുണ്ട്. രാധാകൃഷ്ണനു പകരം മുൻ എം.എൽ.എ കൂടിയായ യു.ആർ പ്രദീപാണ് സി.പി.എമ്മിനു വേണ്ടി കളത്തിലിറങ്ങിയിരിക്കുന്നത്.



2016-ൽ ചേലക്കരയിൽ നിന്ന് ജയിച്ച പ്രദീപ് 2021-ൽ ഒരു ടേം പൂർത്തിയാക്കിയപ്പോൾ തന്നെ കെ രാധാകൃഷ്ണനു വേണ്ടി മണ്ഡലം ഒഴിഞ്ഞു കൊടുക്കുകയായിരുന്നു. ഇതിനിടെ ചേലക്കരയിൽ നിന്ന് രമ്യ ഹരിദാസിനെ പിൻവലിക്കണമെന്നും തന്റെ പാർട്ടിയായ ഡി.എം.കെയുടെ സ്ഥാനാർഥിയെ പിന്തുണയ്ക്കണമെന്നുമുള്ള പി.വി അൻവറിന്റെ ആവശ്യം കോൺഗ്രസ് തള്ളിയത് ഒരു കൗതുക വാർത്തയായി.

വലിയ വിജയപ്രതീക്ഷയുണ്ടെന്നും ചേലക്കരയിലെ ജനങ്ങൾ ഒരുപാട് പ്രതീക്ഷയോടെയാണ് ബി.ജെ.പിയെ കാണുന്നതെന്നും അവരുടെ സ്ഥാനാർത്ഥി കെ ബാലകൃഷ്ണൻ പറഞ്ഞു. ബി.ജെ.പിയുടെ നിയോജക മണ്ഡലം ജനറൽ സെക്രട്ടറിയാണ് കെ ബാലകൃഷ്ണൻ. തിരുവില്വാമല മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്നു.


India Press Club of North America
Jan 10th 2025
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
GOKULAM PARK
Convention Center
KOCHI
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
PLATINUM
MAIN SPONSOR
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com


MALABAR
GOLD & DIAMONDS
Pay 10%
Advance and block the gold rate
Don't let Gold rate fluctuations affect your jewellery purchase
Valid until 29th October, 2024
Get a FREE diamond voucher worth USD 50
ON FIRST BOOKING until 10th October, 2024
*T&C Apply

# ട്രംപും കമലയും കട്ടയ്ക്ക് നിൽക്കുമ്പോൾ

## ഒരു ഒക്ടോബർ സർപ്രൈസ് റീക്യാപ്


എ.എസ് ശ്രീകുമാർ




അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരെ വല്ലാതെ പേടിപ്പെടുത്തുന്ന മാസമാണ് ഒക്ടോബർ. കാരണമുണ്ട്. 'കുപ്രസിദ്ധ'മായ ഒക്ടോബർ സർപ്രൈസിന്റെ ഇരയായവരാണ് 2016-ൽ ഹിലരി ക്ലിന്റനും 2020-ൽ ഡൊണാൾഡ് ട്രംപും. അതിനാൽ തന്റെ ദുരനുഭവത്തിന്റെ വെളിച്ചത്തിൽ ഇക്കുറി കമലാ ഹാരിസിന് ഒക്ടോബർ ആദ്യം തന്നെ ഹിലരി മുന്നറിയിപ്പും നൽകുകയുണ്ടായി. ഹില്ലരി ക്ലിന്റന്റെ പ്രസിഡൻഷ്യൽ കാംപെയ്ൻ ചെയർമാനും ബിൽ ക്ലിന്റന്റെ കാലത്ത് വൈറ്റ് ഹൗസ് ചീഫ് ഓഫ് സ്റ്റാഫുമായിരുന്ന ജോൺ പോഡെസ്റ്റയുടെ ഇമെയിലുകൾ വിക്കിലീക്സ് പുറത്തുവിട്ടതിനെ തുടർന്നുണ്ടായ വിവാദമാണ് ഹിലരിയുടെ ഓവൽ ഓഫീസ് സ്വപ്നം തട്ടിത്തെറിപ്പിച്ചത്.

emalayalee.com

2016 ഒക്ടോബറിലാണ് ഹിലരിയുടെ ഇമെയിലുകൾ ചോർന്നത്. വിക്കിലീക്സ് പുറത്തുവിട്ട ഇമെയിൽ വിഷയത്തിൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന് അന്നത്തെ എഫ്.ബി.ഐ ഡയറക്ടർ ജെയിംസ് ബ്രിയെൻ കോമെ ജൂനിയർ യു.എസ് കോൺഗ്രസിന് നിർദേശം നൽകുകയുണ്ടായി. നവംബർ 8-ാം തീയതി തിരഞ്ഞെടുപ്പ് നടക്കാനിരിക്ക 11 ദിവസം മുമ്പായിരുന്ന കോമെയുടെ നടപടി. ഇതോടെ ജനസമ്മിതിയിൽ മുന്നിലായിരുന്ന ഹിലരിയുടെ ലീഡ് പിന്നോക്കം പോവുകയും അവർ പരാജയപ്പെടുകയുമായിരുന്നു.



ഹില്ലരിയുടെ സ്വകാര്യ സെർവറിൽ നിന്ന് നീക്കം ചെയ്യപ്പെട്ട 350 ഇമെയിലുകൾ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിച്ച അതേ ദിവസമാണ് പോഡെസ്റ്റയുടെ ഇമെയിലുകൾ പ്രത്യക്ഷപ്പെട്ടത്. 2008-16 കാലയളവിൽ അയച്ച പോഡെസ്റ്റയുടെ രണ്ടായിരത്തോളം ഇമെയിലുകളാണ് വിക്കിലീക്സ് അന്ന് പുറത്തുവിട്ടത്. എന്നാൽ അമേരിക്കൻ സുരക്ഷാ ഏജൻസികൾ ഈ ഇ-മെയിൽ ചോർച്ചയ്ക്ക് കുറ്റപ്പെടുത്തിയത് റഷ്യയെ ആണ്.

സിറിയ അടക്കമുള്ള വിഷയങ്ങളിൽ അമേരിക്കയുമായി ഇടഞ്ഞ റഷ്യയുടെ, അമേരിക്കൻപ്രസിഡന്റ്തിരഞ്ഞെടുപ്പിൽ

**ഒക്ടോബർ സർപ്രൈസിന് നിരവധി പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. പ്രസിഡന്റ് സ്ഥാനാർത്ഥിയെക്കുറിച്ചുള്ള പൊതുജനാഭിപ്രായം മാറ്റിമറിക്കാൻ സാധ്യതയുള്ളതും തിരഞ്ഞെടുപ്പ് ഫലത്തെ നിർണായകമായി സ്വാധീനിക്കാൻ സംഘടിപ്പിക്കപ്പെടുന്നതുമായ, തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള മാസത്തിലെ സുപ്രധാന വെളിപ്പെടുത്തലോ അല്ലെങ്കിൽ സംഭവമോ ആണ് ഒക്ടോബർ സർപ്രൈസ്. ഇത് ചിലപ്പോൾ സ്വാഭാവികമായി സംഭവിക്കുന്നതാവാം അല്ലെങ്കിൽ സൃഷ്ടിക്കപ്പെടുന്നതുമാവാം.**

ഇടപെടാനുള്ള ശ്രമം ആണ് ഇതെന്നാണ് അമേരിക്കൻ സൈബർ സെക്യൂരിറ്റി വക്താക്കൾ വാദിച്ചത്. എന്നാൽ അമേരിക്കൻ ആരോപണം തള്ളിയ റഷ്യ, വിക്കിലീക്സ് ഒരു സ്വതന്ത്ര സംഘടനയാണെന്നും അതുമായി തങ്ങൾക്ക് യാതൊരു ബന്ധമില്ലെന്നും വിദേശകാര്യ വക്താവിലൂടെ മോസ്കോയിൽ അറിയിക്കുകയുണ്ടായി.

അതേസമയം 2016-ൽ ഹിലരിയോടേറ്റുമുട്ടിയ ട്രംപിന് ഒക്ടോബറിലെ ഹോളിവുഡ് ടേപ് വിവാദം ഏശിയില്ല. തിരഞ്ഞെടുപ്പിന് ഒരു മാസം മുമ്പ്, അതായത് 2016 ഒക്ടോബർ 7-നാണ് വിവാദ ടേപ്പ് പുറത്തായത്. ആക്സസ്സ് ഹോളിവുഡിന്റെ ഷോയ്ക്ക് വേണ്ടിയുള്ള ഒരു എപ്പിസോഡിൽ ആങ്കർ ബില്ലി ബുഷുമായുള്ള സംഭാഷണമദ്ധ്യേ ട്രംപ് സ്ത്രീകളെ അപമാനിക്കുന്ന വിധത്തിൽ സംസാരിക്കുകയുണ്ടായി. 2015 സെപ്റ്റംബറിൽ റെക്കോഡ് ചെയ്ത വീഡിയോയാണ് ഒക്ടോബറിൽ സംപ്രേഷണം ചെയ്തത്. ട്രംപോ ട്രംപിന്റെ അനുയായികളോ ഇത് മൈൻഡ് ചെയ്തില്ല. ട്രംപ് പ്രസിഡന്റാവുകയും ചെയ്തു.

എന്നാൽ 2020-ലെ ഒക്ടോബർ സർപ്രൈസ് ട്രംപിനെ കുടുക്കി. ട്രംപിന്റെ ഇൻകം ടാക്സ് നികുതി വെട്ടിപ്പിന്റെ കണക്ക് മാധ്യമങ്ങൾ പുറത്തുവിട്ടത് അദ്ദേഹത്തിന് ഇടിത്തീയായി. യു.എസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വർഷവും വൈറ്റ് ഹൗസിലെ ആദ്യ വർഷവും ആദായനികുതിയായി ട്രംപ് അടച്ചത് 750 ഡോളർ മാത്രമാണ്.

അതേസമയം, 2017-ൽ ട്രംപിന്റെ കമ്പനികൾ ഇന്ത്യയിൽ 1,45,400 ഡോളർ നികുതിയടച്ചതായും ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. ട്രംപും എതിരാളി ജോബൈഡനും തമ്മിലുള്ള ആദ്യ തിരഞ്ഞെടുപ്പു സംവാദം 2020 സെപ്റ്റംബർ 30-ന് നടക്കാനിരിക്കെ തലേദിവസമാണ് ട്രംപിന്റെയും അദ്ദേഹത്തിന്റെ വിവിധ കമ്പനികളുടെയും 20 വർഷത്തെ



നികുതി രേഖകൾ അടങ്ങിയ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടത്.

സെപ്റ്റംബർ 20-ലെ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ 15 വർഷത്തിനിടെ 10 വർഷവും ട്രംപ് ആദായനികുതി നൽകിയിട്ടേയില്ല. കച്ചവടമെല്ലാം നഷ്ടമായിരുന്നുവെന്ന് അദ്ദേഹം സത്യവാങ്മൂലം നൽകിയിരുന്നു. വ്യാജ വാർത്ത എന്നായിരുന്നു ട്രംപിന്റെ പ്രതികരണം. വൈറ്റ് ഹൗസിലെ ആദ്യ 2 വർഷം ട്രംപിന്റെ വിദേശവരുമാനം 7.3 കോടി ഡോളറായിരുന്നു. ഒക്ടോബർ ട്രംപിനും ഭാര്യ മെലാനിയ ട്രംപിനും കോവിഡ് പോസിറ്റീവ് ആവുകയും ചെയ്തു. ഒടുവിൽ 2020 നവംബർ 3-ന് നടന്ന തിരഞ്ഞെടുപ്പിൽ ജോ ബൈഡൻ വിജയിച്ചപ്പോൾ ട്രംപിന്റെ കാര്യത്തിൽ ഒക്ടോബർ സർപ്രൈസ് യാഥാർത്ഥ്യമായി.

ഒക്ടോബർ സർപ്രൈസിന് നിരവധി പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. പ്രസിഡന്റ് സ്ഥാനാർത്ഥിയെക്കുറിച്ചുള്ള പൊതുജനാഭിപ്രായം മാറ്റിമറിക്കാൻ സാധ്യതയുള്ളതും തിരഞ്ഞെടുപ്പ് ഫലത്തെ നിർണായകമായി സ്വാധീനിക്കാൻ സംഘടിപ്പിക്കപ്പെടുന്നതുമായ, തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള മാസത്തിലെ സുപ്രധാന വെളിപ്പെടുത്തലോ അല്ലെങ്കിൽ സംഭവമോ ആണ് ഒക്ടോബർ സർപ്രൈസ്. ഇത് ചിലപ്പോൾ സ്വാഭാവികമായി സംഭവിക്കുന്നതാവാം അല്ലെങ്കിൽ സൃഷ്ടിക്കപ്പെടുന്നതുമാവാം.

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് രംഗത്ത് 1800-കളുടെ തുടക്കം മുതൽ ഇപ്പോൾ ഒക്ടോബർ സർപ്രൈസ് എന്നറിയപ്പെടുന്ന രീതിയെ 'റൂർബാക്കിംഗ്...' അല്ലെങ്കിൽ 'റൂർബാച്ചിംഗ്...' എന്ന് വിളിച്ചിരുന്നു. എന്നാൽ റൊണാൾഡ് റീഗന്റെ 1980-ലെ പ്രസിഡൻഷ്യൽ കാമ്പെയ്ൻ മാനേജരായി പ്രവർത്തിച്ച വില്യം കേസിയാണ് 'ഒക്ടോബർ സർപ്രൈസ്' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. അതോടെ ഈ പദത്തിന് ഇന്നത്തെ നിലയിലുള്ള രാഷ്ട്രീയ മാനം കൈവരികയും ചെയ്തു.

ഏതായാലും തിരഞ്ഞെടുപ്പിന് ഇനി വെറും 12 ദിവസങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. ട്രംപും കമലയും ഇഞ്ചോടിഞ്ച് പോരാട്ടത്തിലാണ്. ഇത്തവണ ഒരു ഒക്ടോബർ സർപ്രൈസിന് സാധ്യതയുണ്ടോയെന്ന് ലോകജനത ഉറ്റുനോക്കുന്നുണ്ട്. 2016-ൽ ജനകീയ വോട്ടുകളിൽ മുന്നിലായിരുന്നിട്ടും ഇലക്ടറൽ വോട്ടുകൾ ഹിലാരിയെ ചതിച്ച ചരിത്രം നമ്മുടെ മുന്നിലുണ്ട്. അതിനാൽ ഇലക്ടറൽ വോട്ട് ആരെ തുണയ്ക്കുമെന്ന് കാത്തിരുന്നു കാണാം.

# പാലക്കാട്ടെ ത്രികോണപ്പോരിൽ പണ്ട് ഒന്നിച്ച് തുഴഞ്ഞവർ ഇന്ന് രണ്ട് വള്ളത്തിൽ

**എ.എസ് ശ്രീകുമാർ**

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് സീറ്റുകളിൽ, കോൺഗ്രസിലെ പൊട്ടിത്തെറികൊണ്ട് ശ്രദ്ധേയമായ നിയമസഭാ മണ്ഡലമാണ് പാലക്കാട്. പാലക്കാട്ട് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽ മാങ്കൂട്ടത്തിലിനെ സ്ഥാനാർത്ഥിയാക്കിയതിൽ പ്രതിഷേധിച്ച് കോൺഗ്രസിനോട് ഇടഞ്ഞ ഡോ. പി സരിന്റെ നീക്കത്തിലൂടെയാണ് മണ്ഡലം രാഷ്ട്രീയ കേരളത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറിയത്. ഇപ്പോൾ യൂത്ത് കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി എ.കെ ഷാനിബും പാർട്ടി വിട്ടിരിക്കുകയാണ്. കോൺഗ്രസ്-ആർ.എസ്.എസ് ബാന്ധവം ആരോപിച്ച് ഷാനിബ് കോൺഗ്രസിൽ നിന്ന് രാജി വെച്ചിരിക്കുന്നുവെന്നതാണ് കൗതുകകരം.

രാഹുൽ മാങ്കൂട്ടത്തിൽ കൈപ്പത്തി ചിഹ്നത്തിൽ മൽസരിക്കുമ്പോൾ, കഴിഞ്ഞ തവണ ഒറ്റപ്പാലത്ത് കൊൺഗ്രസ് ടിക്കറ്റിൽ പോരാടിയ ഡോ. പി സരിൻ ഇവിടെ സി.പി.എം സ്വതന്ത്രനായി ജനവിധി തേടും. പാർട്ടി ചിഹ്നത്തിലായിരിക്കില്ല സരിൻ മത്സരിക്കുക. പൊതുവോട്ടുകൾ കൂടി നേടുക എന്ന ലക്ഷ്യത്തോടെയാണ് പാർട്ടി ചിഹ്നം ഒഴിവാക്കുന്നത്. ബി.ജെ.പി സ്ഥാനാർത്ഥിയെ ചൊല്ലിയുള്ള പ്രതിസന്ധി തുടരുന്നതിനാൽ പാലക്കാട്ടെ ചിത്രം പൂർണമായി തെളിഞ്ഞിട്ടില്ല.

പാലക്കാട് ജില്ലയിലെ പാലക്കാട് നഗരസഭയും പാലക്കാട് താലൂക്കിലെ കണ്ണാടി, പിരായിരി എന്നീ ഗ്രാമപഞ്ചായത്തുകളും ആലത്തൂർ താലൂക്കിലെ മാത്തൂർ ഗ്രാമപഞ്ചായത്തും ഉൾക്കൊള്ളുന്ന നിയമസഭാ മണ്ഡലമാണ് പാലക്കാട് മണ്ഡലം. പാലക്കാട് ലോക്സഭാ മണ്ഡലത്തിന് കീഴിൽ വരുന്ന പാലക്കാട് കേരളത്തിൽ ഏറ്റവും വാശിയേറിയ പോരാട്ടം നടക്കുന്ന നിയമസഭാ മണ്ഡലം കൂടിയാണ്. അക്ഷരാർത്ഥത്തിൽ ത്രികോണ മൽസരമാണിവിടെ നടക്കുന്നത്.




2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിലും ഇഞ്ചോടിഞ്ച് മൽസരമാണിവിടെ നടന്നത്. വോട്ടെണ്ണൽ തുടങ്ങി അവസാന മണിക്കൂറുകൾ വരെ ബി.ജെ.പി സ്ഥാനാർത്ഥിയായ മെട്രോമാൻ ഇ ശ്രീധരനാണ് ലീഡ് ചെയ്തതിരുന്നത്. ഒരുഘട്ടത്തിൽ ബി.ജെ.പി പാലക്കാട്ട് അക്കൗണ്ട് തുറന്നു എന്നു തോന്നിച്ചിടത്ത് നിന്നാണ് 3,859 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ഷാഫി പറമ്പിൽ വിജയിച്ചത്.

2006-ൽ കോൺഗ്രസിലെ എ.വി ഗോപിനാഥനെതിരെ വിജയിച്ച സി.പി.എം സ്ഥാനാർഥി കെ.കെ ദിവാകരനെ പരാജയപ്പെടുത്തിയായിരുന്നു ഷാഫിയുടെ കന്നി വിജയം. 1967, 1970, 1996 തിരഞ്ഞെടുപ്പുകളിൽ മാത്രമാണ് സി.പി.എം സ്ഥാനാർഥികൾക്ക് ഇവിടെനിന്ന് വിജയിക്കാനായത്. കേരളത്തിൽ ബി.ജെ.പിക്ക് വലിയ മുന്നേറ്റമുള്ള പാലക്കാട് മണ്ഡലത്തിൽ ബി.ജെ.പി കഴിഞ്ഞ തവണ സി.പി.എമ്മിനെ പിന്തള്ളി രണ്ടാം സ്ഥാനത്തെത്തിയിരുന്നു.

കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തിന് മുതൽക്കൂട്ടായ രാഹുൽ മാങ്കൂട്ടത്തിൽ എന്ന യുവ നേതാവ് ആനുകാലിക സംഭവവികാസങ്ങളിൽ അതിശക്തമായ ഇടപെടലുകൾ നടക്കിക്കൊണ്ടാണ് തന്റെ സാന്നിധ്യം സജീവമാക്കുന്നത്. എ ഗ്രൂപ്പ് അനുഭാവിയെന്ന് അറിയപ്പെടുന്ന രാഹുൽ മാങ്കൂട്ടത്തിൽ കെ.എസ്.യുവിന്റെ സംസ്ഥാന ഭാരവാഹിയായി പ്രവർത്തിച്ചാണ് യൂത്ത് കോൺഗ്രസ് നേതൃനിരയിലെത്തിയത്. 2023 നവംബർ 15 മുതൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായി തുടരുന്നു. ഇന്ത്യൻ ആർമി ഓഫീസറായിരുന്ന എസ് രാജേന്ദ്ര കുറുപ്പിന്റേയും ബീനയുടേയും ഇളയ മകനായി 1991 നവംബർ 12-ന് പത്തനംതിട്ട ജില്ലയിലെ അടൂരിൽ ജനനം. രജനി മൂത്ത സഹോദരിയാണ്.

അടൂർ തപോവൻ സ്കൂൾ, പന്തളം സെന്റ് ജോൺസ് പബ്ലിക് സ്കൂൾ എന്നിവിടങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ രാഹുൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്ന് ബിരുദവും ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും കോട്ടയം എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡിയും നേടിയിട്ടുണ്ട്.

കോളേജ് വിദ്യാർഥിയായിരിക്കെ 2006-ൽ



കെ.എസ്.യു അംഗമായതോടെയാണ് രാഹുലിന്റെ രാഷ്ട്രീയ ജീവിതം തുടങ്ങുന്നത്. കോൺഗ്രസിന്റെ വിദ്യാർഥി-യുവജന സംഘടനകളിൽ പ്രവർത്തിച്ച് സംസ്ഥാനത്ത് കോൺഗ്രസിന്റെ പ്രധാന വക്താവായി ഉയർന്ന രാഹുൽ 2023-ൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരുന്ന ഷാഫി പറമ്പിൽ സ്ഥാനമൊഴിഞ്ഞപ്പോൾ പ്രസിഡന്റായി അവരോധിക്കപ്പെട്ടു. കെ.പി.സി.സി, അംഗം, യൂത്ത് കോൺഗ്രസ്, സംസ്ഥാന ജനറൽ സെക്രട്ടറി, കെ.എസ്.യു, സംസ്ഥാന ജനറൽ സെക്രട്ടറി, എൻ.എസ്.യു.ഐ, ദേശീയ സെക്രട്ടറി, കെ.എസ്.യു പത്തനംതിട്ട ജില്ലാ പ്രസിഡന്റ്തുടങ്ങിയ പ്രധാന പദവികൾ വഹിച്ചിട്ടുണ്ട്.

അതേസമയം, രാഹുലിനൊപ്പം തോളോടുതോൾ ചേർന്ന് ഏതാനും ദിവസം മുമ്പു വരെ പ്രവർത്തിച്ച ഡോ. സരിൻ ഇപ്പോൾ അദ്ദേഹത്തിനെതിരെ മൽസരിക്കാനിറങ്ങുന്നത് രാഷ്ട്രീയ ചതുരംഗക്കളിയിലെ ചില അപ്രതീക്ഷിതനീക്കങ്ങളുടെ ഭാഗം തന്നെയാണ്. മണിയടി രാഷ്ട്രീയത്തിന്റെ വക്താവാണ് രാഹുലെന്നും വളർന്നു വരുന്ന കുട്ടി സതീശനാണ് രാഹുലെന്നും പറഞ്ഞു കൊണ്ടാണ് സരിൻ കോൺഗ്രസ് നേതൃത്വത്തിനെതിരെ വെടിപൊട്ടിച്ചത്. തുടർന്ന് ഗുരുതരമായ സംഘടനാവിരുദ്ധ പ്രവർത്തനം നടത്തിയെന്ന് വിലയിരുത്തി സരിനെ പാർട്ടിയിൽ നിന്നും പുറത്താക്കുകയായിരുന്നു.

സിവിൽ സർവീസ് എന്ന സ്വപ്ന ലാവണം വിട്ട് രാഷ്ട്രീയം തിരഞ്ഞെടുത്ത വ്യക്തിയാണ് സരിൻ. കെ.പി.സി.സി സോഷ്യൽ മീഡിയ സെൽ കൺവീനറും യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയുമായിരുന്നു സരിൻ. തൃശൂർ തിരുവില്വാമല പകവത്ത് കുടുംബാംഗമായ സരിൻ കോഴിക്കോട് മെഡിക്കൽ കോളജിൽനിന്ന് 2007-ൽ എം.ബി.ബി.എസ് കരസ്ഥമാക്കിയ ശേഷം 2008-ലാണ് സിവിൽ സർവീസ് പരീക്ഷ ആദ്യമായി എഴുതിയത്. 555-ാം റാങ്ക് നേടുകയും ചെയ്തു. ഇന്ത്യൻ അക്കൗണ്ടസ് ആൻഡ് ഓഡിറ്റ് സർവീസിൽ ആദ്യ പോസ്റ്റിങ് തിരുവനന്തപുരത്ത്. പിന്നെ നാലു വർഷം കർണ്ണാടകത്തിൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ആയി പ്രവർത്തിച്ചു.

2016-ലാണ് സരിൻ സിവിൽ സർവീസ് രാജിവെയ്ക്കുക എന്ന ഞെട്ടിക്കുന്ന തീരുമാനം എടുക്കുന്നത്. എട്ടു വർഷത്തെ സർവീസ് ജീവിതത്തിനൊടുവിൽ കോൺഗ്രസിൽ ചേർന്ന സരിൻ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ (2021 ) ഒറ്റപ്പാലം മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർഥിയായി. സി.പി.എമ്മിലെ പ്രേംകുമാറിനോട് 15,152 വോട്ടുകൾക്ക് പരാജയപ്പെട്ടു.

തുടർന്ന് എൽ.എൽ.ബി എൻട്രൻസ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ പത്താം റാങ്ക് നേടി സരിൻ എറണാകുളം സർക്കാർ ലോ കോളജിൽ 3 വർഷത്തെ പഠനത്തിനു ചേർന്നു. 2023-ൽ ബി.ബി.സി ഡോക്യുമെന്ററിയുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കൊടുവിൽ കോൺഗ്രസിൽ നിന്ന് രാജിവച്ച അനിൽ ആന്റണിക്കു പകരക്കാരനായാണ് കെ.പി.സി.സി ഡിജിറ്റൽ മീഡിയ ചുമതലയിൽ ഡോ. പി സരിനെത്തിയത്. 2019-ലെ ലോക്സഭ തിരഞ്ഞെടുപ്പ് കാലത്ത് കോൺഗ്രസിന്റെ ഗവേഷണ വിഭാഗത്തിലും ഐ.ടി സെല്ലിലും സരിൻ പ്രവർത്തിച്ചിരുന്നു.

പാലക്കാട്ടെ ബി.ജെ.പി സ്ഥാനാർത്ഥിയെ ചൊല്ലിയുള്ള പ്രതിസന്ധിയിൽ പുതിയ ട്വിസ്റ്റ് ഉണ്ടായിട്ടുണ്ട്. മണ്ഡലത്തിൽ അവസാന നിമിഷം വരെ ഒരുപടി മുന്നിലായിരുന്ന ശോഭ സുരേന്ദ്രൻ ഇവിടെ മത്സരിച്ചേക്കില്ല എന്നാണ് ചില റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. പകരം ജില്ലയിൽ നിന്ന് തന്നെയുള്ള മുതിർന്ന നേതാവായ സി കൃഷ്ണകുമാറിന് നറുക്ക് വീഴുമെന്നാണ് കരുതുന്നത്. കഴിഞ്ഞ തവണ ഇ ശ്രീധരൻ മത്സരിച്ചപ്പോൾ നേരിയ വ്യത്യാസത്തിന് കൈവിട്ട് പോയ മണ്ഡലം മൂന്നര വർഷത്തിന് ശേഷം ഒരിക്കൽ കൂടി ജനവിധി തേടുമ്പോൾ കൈക്കലാക്കാൻ കഴിയുമെന്നാണ് ബി.ജെ.പി പ്രതീക്ഷ.

നിലവിൽ ജില്ലയിൽ നിന്ന് തന്നെയുള്ള നേതാവ് എന്നതാണ് കൃഷ്ണകുമാറിന് മേൽക്കൈ നൽകുന്ന പ്രധാന ഘടകം. തിരഞ്ഞെടുപ്പ് കാലത്തും അല്ലാതെയും മണ്ഡലത്തിൽ ഉടനീളം പ്രവർത്തനം നടത്തി വന്നിട്ടുള്ള കൃഷ്ണകുമാർ പല തിരഞ്ഞെടുപ്പുകളിലും കരുത്ത് കാട്ടുകയും ചെയ്തിട്ടുണ്ട്. പാലക്കാട്ടെ പ്രവർത്തി പരിചയവും മണ്ഡലത്തിലെ സ്വാധീനവും ഒക്കെ കൃഷ്ണകുമാറിന് അനുകൂലമായ കാര്യങ്ങളാണ്.



**രാഹുലിനൊപ്പം തോളോടുതോൾ ചേർന്ന് ഏതാനും ദിവസം മുമ്പു വരെ പ്രവർത്തിച്ച ഡോ. സരിൻ ഇപ്പോൾ അദ്ദേഹത്തിനെതിരെ മൽസരിക്കാനിറങ്ങുന്നത് രാഷ്ട്രീയ ചതുരംഗക്കളിയിലെ ചില അപ്രതീക്ഷിത നീക്കങ്ങളുടെ ഭാഗം തന്നെയാണ്. മണിയടി രാഷ്ട്രീയത്തിന്റെ വക്താവാണ് രാഹുലെന്നും വളർന്നു വരുന്ന കുട്ടി സതീശനാണ് രാഹുലെന്നും പറഞ്ഞു കൊണ്ടാണ് സരിൻ കോൺഗ്രസ് നേതൃത്വത്തിനെതിരെ വെടിപൊട്ടിച്ചത്.**


eM
emalayalee.com
Special
EDITION
എക്സലൻസ്
ഇൻ ഹോസ്പിറ്റാലിറ്റി
എന്റർപ്രണർഷിപ്പ്
അവാർഡ്
മിനി സാജൻ






സാജ് റിസോർട്ട്സ് സിഇഒ മിനി സാജന് ഹോസ്പിറ്റാലിറ്റി സംരംഭക അവാർഡ്



മണപ്പുറം യുണീക് ടൈംസ് ബിസിനസ് എക്സലൻസ് അവാർഡ് ചടങ്ങിൽ എക്സലൻസ് ഇൻ ഹോസ്പിറ്റാലിറ്റി എന്റർപ്രണർഷിപ്പ് അവാർഡിന് സാജ് റിസോർട്ട്സ് സിഇഒ മിനി സാജൻ അർഹയായി. ഈ അംഗീകാരം ഹോസ്പിറ്റാലിറ്റി വ്യവസായത്തിലെ അവരുടെ മികച്ച സംഭാവനകളും വ്യവസായ


emalayalee.com Special EDITION





നിലവാരം ഉയർത്താനുള്ള അവരുടെ പ്രതിബദ്ധതയും എടുത്തുകാണിക്കുന്നു.

നെഹ്റു കോളേജ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ആൻഡ് ചാരിറ്റബിൾ









ട്രസ്റ്റിന്റെ ചെയർമാനും മാനേജിംഗ് ട്രസ്റ്റിയുമായ അഡ്വ. ഡോ. പി. കൃഷ്ണദാസ്, അവാർഡ് സമ്മാനിച്ചു. ഇന്ത്യയിലേക്കുള്ള മൗറീഷ്യസിന്റെ ഓണററി ട്രേഡ് കമ്മീഷണറാണ് കൃഷ്ണദാസ് .

യുണീക് ടൈംസ് ബിസിനസ് എക്സലൻസ് അവാർഡിന് പിന്നിലെ ദർശക ശക്തിയും  പെഗാസസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. അജിത് രവി പരിപാടികൾക്ക് നേതൃത്വം നൽകി. സംരംഭക സമൂഹത്തിനുള്ളിലെ സഹകരണ മനോഭാ

emalayalee.com Special EDITION



വത്തിന് അടിവരയിടുന്നതായി ഈ ചടങ്ങ് .

മിനി സാജനു ലഭിച്ച അംഗീകാരം അവരുടെ വ്യക്തിഗത വിജയത്തെ ആഘോഷിക്കുക മാത്രമല്ല, ബിസിനസ് നേതൃത്വത്തിലെ മികവ് അംഗീകരിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്യുന്നു.

മണപ്പുറം യുണീക് ടൈംസ് ബിസിനസ് എക്സലൻസ് അവാർഡ് വിവിധ വ്യവസായങ്ങളിൽ നൂതനാശയങ്ങൾ സൃഷ്ടിക്കുകയും ഉയർന്ന നിലവാരം പുലർത്തുകയും ചെയ്യുന്നവരെ ആദരിക്കുന്നതിനായി ആരംഭിച്ചതാണ്.





eM Special EDITION

# V.S. REALTY

Sales ▪ Appraisals ▪ Rentals
▪ Residential ▪ Commercial

35+ Years of Trust and Service

Best Time to Buy Your Dream Home with Low Interest Rates



KALATHIL VARUGHESE
Lic. Real Estate Broker / Notary Public

Serving, Nassau, Queens, suffolk, West Chester County, NYC

REALTOR MLS
EQUAL HOUSING OPPORTUNITY

NEW LOCATION

VS Realty, 515 Herricks Road, Suite #3, New Hyde Park, NY 11040
516-741-1850 (O), Cell: 516-984-6591 (C). E-mail: vsrealty@aol.com

## ATTORNEY AT LAW
# VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208



# കനൽവഴിയിലൂടെ 101-ഉം കടന്ന്

# നിലയ്ക്കാത്ത സമരബോധത്തിന്റെ വിപ്ലവ ജ്വാല

**എ.എസ് ശ്രീകുമാർ**

കക്ഷിരാഷ്ട്രീയത്തിനതീതമായി കേരള ജനതയുടെ ഹൃദയവികാരം വിപ്ലവമാക്കിയ വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ എന്ന വി.എസ് അച്യുതാനന്ദൻ പ്രായത്തിന്റെ 'വേലിക്കകത്തേയ്ക്ക്' ഒതുങ്ങുന്നില്ല. ചെങ്കൊടി നെഞ്ചിലേറ്റിയ ഈ സഖാവിന് ഒക്ടോബർ 20-ന് 101-ാം പിറന്നാൾ. ഇന്ത്യയിലെ ഏറ്റവും മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവായ ഈ പുന്നപ്ര-വയലാർ സമരനായകൻ തിരുവനന്തപുരത്തെ ബാൾട്ടൺ ഹില്ലിൽ മകൻ അരുൺകുമാറിന്റെ വീട്ടിൽ രാഷ്ട്രീയ തിരക്കുകളിൽനിന്നെല്ലാം വിട്ട് വിശ്രമ ജീവിതത്തിലാണ്.

വി.എസ് തന്റെ ജൻമദിനം ആഘോഷിക്കാറില്ലെങ്കിലും ഭാര്യ വസുമതി സിസ്റ്ററും മകനും കുടുംബസമേതമെത്തിയ മകൾ ആശയും ചേർന്ന് കേക്ക് മുറിച്ചു. പായസത്തിന്റെ അകമ്പടിയോടെ ഉച്ചയ്ക്ക് ഊണും കഴിച്ചു. അങ്ങനെ ലളിതമായിരുന്നു ഈ പിറന്നാൾ ദിന ആഘോഷം. എണ്ണമറ്റ ജനകീയ സമരങ്ങളുടെ തീച്ചൂളയിൽ നിന്ന് സ്ഫുടം ചെയ്തെടുത്ത കരുത്തുമായാണ് 101-ന്റെ ചെറുപ്പത്തിലും വി.എസിന്റെ ചുവടുപിഴയ്ക്കാത്ത കമ്മ്യൂണിസ്റ്റ് പ്രയാണം.

കർഷകത്തൊഴിലാളി സമരങ്ങളുടെ ഈറ്റില്ലമായ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ വേലിക്കകത്ത് വീട്ടിൽ ശങ്കരന്റെയും അക്കമ്മയുടെയും മകനായി 1923 ഒക്ടോബർ 20-ന് ജനിച്ചു. നാലു വയസ്സുള്ളപ്പോൾ അമ്മയും പതിനൊന്നാം വയസ്സിൽ അച്ഛനും മരിച്ചതിനെത്തുടർന്ന് അച്ഛന്റെ സഹോദരിയാണ് അച്യുതാനന്ദനെ വളർത്തിയത്. പിതാവ് മരിച്ചതോടെ ഏഴാം ക്ലാസ്സിൽ വച്ച് പഠനം അവസാനിപ്പിച്ച ഇദ്ദേഹം ജ്യേഷ്ഠന്റെ സഹായിയായി കുറെക്കാലം ജൗളിക്കടയിൽ തയ്യൽ ജോലി നോക്കി. തുടർന്ന് കയർ ഫാക്ടറിയിലും ജോലി ചെയ്തു.

അവിടെ വെച്ചാണ് തൊഴിലാളികളുടെ ദുരിതം തനേരിട്ട് മനസ്സിലാക്കുന്നത്. നിവർത്തന പ്രക്ഷോഭം നാട്ടിൽ കൊടുമ്പിരികൊണ്ടിരുന്ന കാലമായിരുന്നു അത്. ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട അച്യുതാനന്ദൻ 1938-ൽ സ്റ്റേറ്റ് കോൺഗ്രസിൽ അംഗമായി. തുടർന്ന് പുരോഗമന പ്രസ്ഥാനങ്ങളിലും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും സജീവമായ ഇദ്ദേഹം 1940-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. പിന്നീട് തീപാറുന്ന പടയോട്ടമായിരുന്നു.

ഉചിതമായ സമയത്ത് കൃത്യമായ രീതിയിൽ ഓരോ വിഷയങ്ങളിലും ഇടപെടാനുള്ള രാഷ്ട്രീയ സന്നദ്ധതയും കാര്യശേഷിയുമാണ് വി.എസ് എന്ന ജനകീയ നേതാവിനെ വേറിട്ടു നിർത്തുന്നത്. ആ സാന്നിദ്ധ്യം നാട്ടിൽ ഉണ്ടായിരിക്കുന്നിടത്തോളം കാലം അദ്ദേഹം കേരള രാഷ്ട്രീയത്തിൽ നിരന്തരമായി, സക്രിയമായി പ്രവർത്തിച്ചുകൊണ്ടിരിക്കും. ഇപ്പോൾ ആരോഗ്യ പ്രശ്നങ്ങളുണ്ടെങ്കിലും മനസിന് ആ പഴയ വിപ്ലവത്തിന്റെ കരുത്തുണ്ട്.

ജനകീയ പ്രശ്നങ്ങളിലും പൊതുതാത്പര്യമുള്ള വിഷയങ്ങളിലും നിർഭയം പ്രതികരിച്ചുകൊണ്ടാണ് വി.എസ് ജനഹൃദയങ്ങളിൽ അംഗീകാരത്തിന്റെയും ആദരവിന്റെയും കൂടുകൂട്ടിയത്. മിച്ചഭൂമി സമരങ്ങളിലൂടെ, പട്ടയസമരങ്ങളിലൂടെ, കുടിയൊഴിപ്പിക്കൽ സമരങ്ങളിലൂടെ, നേഴ്സുമാരുടെ അവകാശപ്പോരാട്ടങ്ങളിലൂടെ, തൊഴിലാളി-സർവീസ് മേഖലയിലെ സമരങ്ങളിലൂടെ, സ്വാതന്ത്ര്യസമരകാലത്ത് തിരികൊളുത്തിയ ആ സമരജ്വാല ആളിപ്പടരുകയായിരുന്നു.

കുട്ടനാട്ടിലെ നെൽവയലുകൾ നികത്തി ടൂറിസ്റ്റ് ബംഗ്ലാവുകൾ പണിത് തുടങ്ങിയപ്പോഴുണ്ടായ വെട്ടിനിരത്തൽ സമരം, മതികെട്ടാനിലെ ഭൂമികൈയേറ്റം, പ്ലാച്ചിമടയിലെ കുടിവെള്ള പ്രശ്നം, മറയൂരിലെ ചന്ദനക്കൊള്ള തുടങ്ങിയ ജനകീയ പ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വി.എസ് നിർണായക പങ്ക് വഹിച്ചു. ഇടമലയാർ അഴിമതികേസിൽ ആർ ബാലകൃഷ്ണപിള്ളയ്ക്ക് കാരാഗൃഹ വാസമൊരുക്കിയതിനു പിന്നിൽ വി.എസാണ്. കേരളം സാക്ഷ്യം വഹിച്ച സോളാർ കേസ്, ബാർ കോഴ, മൂന്നാറിലെ തേയിലത്തോട്ടം തൊഴിലാളികളുടെ 'പെമ്പിളൈ ഒരുമ' സമരം, ഭൂമി പതിച്ചു നൽകൽ തുടങ്ങി നിരവധി പ്രശ്നങ്ങളിലും വി.എസിന്റെ പോരാട്ട വീര്യമുണ്ടായിരുന്നു.

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ആശുപത്രി മുതലാളിമാർക്കൊപ്പം നിലയുറപ്പിച്ചപ്പോഴും നേഴ്സുമ്മാർ രാത്രിയിലും

**ലോക്കപ്പിന്റെ അഴികൾക്കിടയിലൂടെ രണ്ടുകാലുകളും പുറത്തെടുത്ത് പാദങ്ങൾക്ക് മുകളിലും താഴെയും രണ്ട് ലാത്തികൾ കയറുകൊണ്ട് കെട്ടിയ ശേഷം കാൽവെള്ളയിൽ ലാത്തികൊണ്ടുള്ള അടി. ഒപ്പം ബയണറ്റ് കൊണ്ടുള്ള കുത്തും ക്രൂരമർദ്ദനവും. ആ പൈശാചിക പീഡനങ്ങൾ ഏറ്റ ശരീരമാണ് 101–ലും ഊർജസ്വലമായി ചലിക്കുന്നത്.**



മഴയത്തും ആത്മഹത്യാ ഭീഷണി സമരം നടത്തിയപ്പോഴും പുതുതലമുറയിലെ സമരയൗവനങ്ങൾക്ക് വിശ്വാസ്യതയുള്ള ഏക നേതാവ് അസാധാരണനായ സംഘാടകൻ വി.എസ് ആയിരുന്നു.

പാർട്ടിക്കുള്ളിലും സന്ധിയില്ലാ സമരത്തിന്റെ തീപ്പൊരിയായി അദ്ദേഹം. പിണറായി വിജയനുമായുള്ള അഭിപ്രായ വ്യത്യാസം പരസ്യപ്രസ്താവനയിലൂടെ പ്രകടിപ്പിച്ചതിന്റെ പേരിൽ വി.എസിനെ പോളിറ്റ് ബ്യൂറോയിൽ നിന്ന് 2007-ൽ പുറത്താക്കി കേന്ദ്ര കമ്മറ്റിയിലേയ്ക്ക് തരം താഴ്ത്തി. പക്ഷേ, മുഖ്യമന്ത്രിയായി തുടർന്നു. 2012-ൽ ചേർന്ന കേന്ദ്രകമ്മറ്റി അച്ചടക്ക ലംഘനത്തിന്റെ പേരിൽ അച്യുതാനന്ദനെ പരസ്യമായി ശാസിക്കാനുള്ള പോളിറ്റ് ബ്യൂറോ തീരുമാനം അംഗീകരിച്ചു.

ഈയിടെ അന്തരിച്ച സി.പി.എം അഖിലേന്ത്യാ സെക്രട്ടറി സീതാറാം യെച്ചൂരി വി.എസിനെ വിശേഷിപ്പിച്ചത് 'കേരള കാസ്ട്രോ' എന്നാണ്. ക്യൂബയിലെ ഫിദൽ കാസ്ട്രോ പ്രവർത്തിക്കുന്നതുപോലെ വിപ്ലവ പ്രസ്ഥാനത്തിന്റെ വഴികാട്ടിയായി വി.എസ് തുടർന്നും പ്രവർത്തിക്കുമെന്നായിരുന്നു ഒന്നാം പിണറായി സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ യെച്ചൂരിയുടെ കോംപ്ലിമെന്റ്. അടിസ്ഥാനവർഗ്ഗ വിഭാഗങ്ങളും പുതു തലമുറയിലെ പരിഷ്ക്കാരികളും പാർട്ടിയിൽ നിന്ന് അകന്നുപോകുവാൻ തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം പാർട്ടിക്കും ജനങ്ങൾക്കും ഇടയിൽ അപൂർവ കണ്ണിയായി വി.എസ് പ്രവർത്തിക്കുന്നത് രാഷ്ട്രീയ നിരീക്ഷകർക്ക് എന്നും അത്ഭുതമായിരുന്നു.

പാർട്ടി, മുന്നണി, അല്ലെങ്കിൽ സർക്കാർ വഴിതെറ്റിയാൽ അതിന് കൃത്യമായ മാർഗനിർദേശങ്ങളും വിമർശനങ്ങളും ഇടപെടലുകളും വി.എസിന്റെ ഭാഗത്തു നിന്നുണ്ടാവും. ആ ജനകീയ ജാഗ്രതയാണ് അദ്ദേഹത്തിന്റെ എക്കാലത്തെയും കരുത്ത്. 2016-ലെ നിയമസഭ തിരഞ്ഞെടുപ്പിൽ കേരള നിയമസഭയിൽ ഇടത് എം.എൽ.എമാരുടെ അംഗബലം കൂട്ടാൻ 92-ാം വയസ്സിലും തിരഞ്ഞെടുപ്പ് മത്സര രംഗത്ത് അദ്ദേഹം അവിരാമം നിലയുറപ്പിച്ചത് നാം കണ്ടതാണ്. അന്ന് ദിവസേന വ്യത്യസ്ത മണ്ഡലങ്ങളിൽ മൂന്നോളം സ്റ്റേജുകളിൽ മണിക്കൂറുകൾ തിരഞ്ഞെടുപ്പ് രാഷ്ട്രീയം പ്രസംഗിക്കുവാൻ വി.എസിന് കഴിഞ്ഞു.

ഏത് പ്രതികൂല കാലാവസ്ഥയിലും അസമയത്തും വി.എസ് പറയുന്നത് ആദ്യവസാനം കേട്ടുനിൽക്കാൻ ജനങ്ങളും ഉണ്ടാവുന്നുവെന്നത് അദ്ദേഹത്തിന്റെ ജനകീയതയുടെ തെളിവാണ്. കണ്ണൂർ ജില്ലയിലും സാക്ഷാൽ പിണറായി വിജയന്റെ മണ്ഡലമായ ധർമ്മടത്തും അച്യുതാനന്ദൻ അന്ന് തിരഞ്ഞെടുപ്പ് പ്രചരണത്തിന് ഇറങ്ങിയിരുന്നു. വി.എസ് ശൈലിയെ രാഷ്ട്രീയ തന്ത്രങ്ങളും കാപട്യങ്ങളുമായി വിലയിരുത്തി വിമർശിക്കുന്നവരുണ്ടെങ്കിലും പകരം വെയ്ക്കുവാനോ തുലനം ചെയ്യുവാനോ മറ്റൊരു നേതാവ് കമ്യൂണിസ്റ്റ് പാർട്ടിക്ക് ഇല്ലാത്തിടത്തോളം കാലം, ജീവിച്ചിരിക്കുന്ന വി.എസ് നാലു തലമുറകളുടെ വിപ്ലവാവേശമാണ്.


മരണത്തിൽ നിന്ന്, അല്ല കൊലക്കളത്തിൽ നിന്ന് അത്ഭുതമായി രക്ഷപെട്ട വ്യക്തിയാണ് അച്യൂതാനന്ദൻ. മുന്നേറ്റത്തിലും തിരിച്ചടിയിലും വി.എസിനെ കരുത്താർജിച്ച് നിർത്തുന്നത് ഐതിഹാസികമായ ആ പുന്നപ്ര വയലാർ സമരത്തിന്റെ തീക്ഷ്ണാനുഭവങ്ങളായിരിക്കാം. സമരത്തിന്റെ മുഖ്യ കണ്ണിയും സൂത്രധാരനുമായ വി.എസിനെ പോലീസ് പിൻതുടർന്നു. കോട്ടയം ജില്ലയിലെ പൂഞ്ഞാറിലെ ഒരു ബീഡി തൊഴിലാളിയുടെ വീട്ടിൽ നിന്നും പാലാ പോലീസ് വി.എസിനെ അറസ്റ്റ് ചെയ്തു. ആലപ്പുഴയിൽ നിന്നും പാലായിൽ എത്തിയ പോലീസ് സംഘത്തിന്റെ തലവൻ ഹെഡ് കോൺസ്റ്റബിൾ വാസുപിള്ള ആയിരുന്നു.

സമരത്തിലെ മറ്റു നേതാക്കളായ ഡി സുഗതനേയും സൈമണേയും പിടികൂടിയതിനൊപ്പം വി.എസിനെ പിടികൂടാൻ കഴിയാതിരുന്നതിനാൽ സ്ഥാനക്കയറ്റം നിഷേധിക്കപ്പെട്ട പോലീസുകാരന് വി.എസിനോടുള്ള വൈരാഗ്യം ചെറുതായിരുന്നില്ല. പക തീർക്കാൻ സബ് ഇൻസ്പെക്ടർ ഇടിയൻ നാരായണ പിള്ളയെ ഏർപ്പാടാക്കിയിട്ടാണ് വാസുപിള്ള പാലായിൽ നിന്ന് ആലപ്പുഴയ്ക്ക് തിരിച്ചത്. ലോക്കപ്പിന്റെ അഴികൾക്കിടയിലൂടെ രണ്ടുകാലുകളും പുറത്തെടുത്ത് പാദങ്ങൾക്ക് മുകളിലും താഴെയും രണ്ട് ലാത്തികൾ കയറുകൊണ്ട് കെട്ടിയ ശേഷം കാൽവെള്ളയിൽ ലാത്തികൊണ്ടുള്ള അടി. ഒപ്പം ബയണറ്റ് കൊണ്ടുള്ള കുത്തും ക്രൂരമർദ്ദനവും. ആ പൈശാചിക പീഡനങ്ങൾ ഏറ്റ ശരീരമാണ് 101-ലും ഊർജസ്വലമായി ചലിക്കുന്നത്.

പോളിറ്റ് ബ്യൂറോയിലേക്ക് ഉയർത്തപ്പെടുമ്പോഴും പിന്നീട് താഴ്ത്തപ്പെട്ടപ്പോഴും സമരങ്ങളുടെ വീറും വാശിയും കൈവെടിയാതെ നിലകൊള്ളാനാവുന്നത് ഈ തീഷ്ണമായ ജീവിതാനുഭവങ്ങളും സമരമുന്നേറ്റങ്ങളുമായിരിക്കാം. കുറച്ചു നാൾ മുമ്പുള്ള വി.എസിന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റ് അവസാനിക്കുന്നത് ഇങ്ങനെയായിരുന്നു...

''ഇതുവരെയുള്ള എന്റെ പോരാട്ടങ്ങൾ ഇവിടെ അവസാനിക്കുന്നില്ല. അഴിമതിക്കും വർഗീയതയ്ക്കും എതിരായ പോരാട്ടങ്ങൾ... കേരളത്തിന്റെ മണ്ണും പ്രകൃതിയും മാനവും സംരക്ഷിക്കാൻ വേണ്ടിയുള്ള പോരാട്ടങ്ങൾ...'' അതെ, വിപ്ലവത്തിന്റെ ചൂരും ജനകീയതയുടെ ചൂരുമുള്ള ആ പോരാട്ടങ്ങൾ, ഒരുപക്ഷേ ഒറ്റയാൾ സമരങ്ങൾ തീഷ്ണമായി, അചഞ്ചലമായി തന്നെ തുടരും...പുതുതലമുറയ്ക്കുള്ള പ്രത്യയശാസ്ത്ര പാഠാവലിയായി...

ലാൽ സലാം...സഖാവേ...ലാൽസലാം...


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
Roku
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'


India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
PLATINUM MAIN SPONSOR
SAJAN & MINI SAJAN
SAJ GROUP
HOTELS & RESORTS
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# ഫൊക്കാന വിമൻസ് ഫോറം ഭാരവാഹികളെ തെരഞ്ഞെടുത്തു




**സരൂപ അനിൽ**

**ഫൊക്കാന ന്യൂസ് ടീം**

ന്യൂ യോർക്ക്: അമേരിക്കൻ-കാനേഡിയൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ 2024-26 കാലയളവിലേക്കുള്ള വിമൻസ് ഫോറം ഭാരവാഹികളെ തെരെഞ്ഞെടുത്തു.

സുബി ബാബു (വിമൻസ് ഫോറം സെക്രട്ടറി), ബിലു കുര്യൻ (കോ ചെയർ), ഷീല ചെറു (കോ ചെയർ ), ശ്രീവിദ്യ രാമചന്ദ്രൻ (കോ ചെയർ ), സരൂപാ അനിൽ (കോ ചെയർ ), ഷോജി സിനോയ്, ശോശാമ്മ ആൻഡ്രൂസ്, അബ്ജ അരുൺ, പ്രിയ ലൂയിസ്, സുനൈന ചാക്കോ, ഉഷ ചാക്കോ, ലിസി തോമസ്, ശീതൾ ദ്വാരക, എൽസി വിതയത്തിൽ, കവിത മേനോൻ, ഷീന എബ്രഹാം, ജൈൻറ്ജോൺ (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തതായി വിമൻസ് ഫോറം ചെയർ പേഴ്സൺ രേവതി പിള്ള അറിയിച്ചു.

വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പല പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്.

നോർത്ത് അമേരിക്കൻ മലയാളികൾക്കും അഭിമാനമായി ഫൊക്കാന വിമൻസ് ഫോറം എന്നും മാതൃകയാണ് . എല്ലാവർഷവും നിരവധി കർമ്മ പദ്ധതികൾ ആണ് ഫൊക്കാന വിമൻസ് ഫോറം ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. രേവതി പിള്ളയുടെ നേതൃത്വത്തിലും നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ ഫൊക്കാന വിമൻസ് ഫോറം ഉദ്ഘാടന വേളയിൽ അറിയിക്കാമെന്നും രേവതി പിള്ള അറിയിച്ചു.

തെരെഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചാക്കപ്പൻ ,വിമൻസ് ഫോറം ചെയർ പേഴ്സൺ രേവതി പിള്ള എക്സിക്യൂട്ടീവ് ടീം എന്നിവർ ആശംസകൾ അറിയിച്ചു.

# സ്കൂൾ ഒളിംപിക്സ്: പേര് മാറ്റുക തന്നെ വേണം

**സനിൽ പി.തോമസ്**

സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് സ്കൂൾ ഒളിംപിക്സ് എന്നു പേരിടുന്നത് നിയമ നടപടികൾക്ക് ഇടയാക്കുമെന്നു കാണിച്ച് ഞാൻ കഴിഞ്ഞയാഴ്ച എഴുതിയിരുന്നു. ചില ഓൺലൈനുകളും ടിവി ചാനലുകളും അത് വാർത്തയാക്കുകയും ചെയ്തു. എന്നാൽ ഒളിംപിക്സ് എന്ന വാക്ക് ഉപയോഗിക്കാമെന്നു പറഞ്ഞ് ചിലർ എന്നെ വിളിച്ചിരുന്നു.ഒളിംപിക് ചിഹ്നവും പതാകയുമൊക്കെ ഉപയോഗിച്ചാലേ പ്രശ്നമുള്ളൂവെന്ന് അവർ പറഞ്ഞു.സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ആകട്ടെ സ്കൂൾ ഒളിംപിക്സ് എന്ന പേരു മാറ്റാതെ മുന്നോട്ടു പോകുകയാണ്.

ഒളിംപിക്സ് നിലവാരത്തിൽ സംസ്ഥാന സ്കൂൾ ഗെയിംസും അത്‌ലറ്റിക്സും സംയോജിപ്പിച്ചു നടത്തുന്നത് വലിയ കാര്യമാണെന്നു സമ്മതിച്ചു കൊണ്ടും തീരുമാനത്തെ സ്വാഗതം ചെയ്തു കൊണ്ടും പറയട്ടെ. സ്കൂൾ ഒളിംപിക്സ് എന്ന പേര് ഉപയോഗിച്ചാൽ നിയമനടപടികൾ നേരിടേണ്ടിവരുമെന്ന വാദത്തിൽ ഞാൻ ഉറച്ചു നിൽക്കുന്നു.

നേരത്തെ കേരള ഒളിംപിക് അസോസിയേഷൻ 'കേരള ഒളിംപിക് ഗെയിംസ് ' പ്രഖ്യാപിച്ചപ്പോൾ നോട്ടിസ് കിട്ടിയതും അവർ സ്റ്റേറ്റ് ഗെയിംസ് എന്നു പേരു മാറ്റിയതും ഓർമിപ്പിക്കട്ടെ. അതിലുപരി കഴിഞ്ഞ ഫെബ്രുവരി 29 ന് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ സംസ്ഥാന ഒളിംപിക് അസോസിയേഷനുകൾക്കും സ്പോർട്സ് സംഘടനകൾക്കും അയച്ച കത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഒളിംപിക് എന്ന വാക്ക് അനൗദ്യോഗികമായി സംസ്ഥാന ഒളിംപിക് അസോസിയേഷനുകൾ പോലും ഉപയോഗിക്കരുതെന്നാണ് കത്തിൽ പറയുന്നത്. ഒളിംപിക്സ് എന്ന വാക്ക് പൊതുവായുള്ളതല്ല ( ീേമ ഴലില്യശര ല്യോ) എന്നും ഒളിംപിക് ചാർട്ടർ അനുസരിച്ച് സംരക്ഷിക്കപ്പെടുന്ന റജിസ്റ്റേർഡ് ട്രേഡ് മാർക്ക് ആണെന്നും കത്തിൽ എടുത്തു പറയുന്നു.ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് എൻ.ഒ.സികൾ ആണെന്ന് ഐ.ഒ.സി. ചൂണ്ടിക്കാട്ടിയതിന്റെ തുടർച്ചയായിരുന്നു ആ കത്ത്.

ഇന്ത്യൻ ഒളിംപിക് അസോസിയേഷനിൽ പ്രതിസന്ധി രൂക്ഷമായതിനാൽ ഉടനെ നോട്ടിസ് വരാൻ സാധ്യതയില്ല.പക്ഷേ, ശ്രദ്ധിച്ചാൽ ഭാവിയിലെ നടപടികൾ ഒഴിവാക്കാം.

സ്കൂൾ ഒളിംപിക്സ് സർട്ടിഫിക്കറ്റുകൾ അംഗീകരിക്കപ്പെടാതെ പോകാനുള്ള സാധ്യത ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു.സംസ്ഥാന സർക്കാർ, അഥവാ വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് എങ്ങനെ അംഗീകാരമില്ലാത്തതാകും എന്നു ചിലർ ചോദിച്ചു.അതിനു മറുപടി പറയട്ടെ. സർട്ടിഫിക്കറ്റുകൾ കേരളത്തിൽ അംഗീകരിക്കപ്പെടും. പക്ഷേ, എത്ര കായിക താരങ്ങൾക്ക് കേരളത്തിൽ ജോലി കിട്ടും? ഭൂരിഭാഗം പേരും കേന്ദ്ര സർവീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമാകും ജോലിക്കു ശ്രമിക്കുക. ഒളിംപിക്സ് എന്നു രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് പരിശോധിക്കാൻ അവർ സമീപിക്കുന്നത് ഇന്ത്യൻ ഒളിംപിക് അസോസിയേഷനെ ആയിരിക്കും. അവർ അംഗീകാരം നൽകില്ല എന്ന് ഉറപ്പിക്കാം.

അതു കൊണ്ട് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഏറെ പ്രതീക്ഷയോടെ സംഘടിപ്പിക്കുന്ന സ്കൂൾ കായികമേളയുടെ പേരിൽ നിന്ന് ഒളിംപിക്സ് എന്ന വാക്ക് ഒഴിവാക്കുകയാകും നല്ലത്. കേരള ഒളിംപിക് അസോസിയേഷൻ ഇക്കാര്യം ബന്ധപ്പെട്ടവരെ അറിയിച്ചാൽ നന്ന്.

പേരു മാറ്റുന്നത് അഭിമാനപ്രശ്നമായി വിദ്യാഭ്യാസ വകുപ്പ് കണക്കാക്കേണ്ടതില്ല. കുട്ടികളുടെ ഭാവിയാണു പ്രധാനം.



# കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെ പിക്നിക് വിജയകരമായി സംഘടിപ്പിച്ചു

ഡാലസ് : കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെ വാർഷിക പിക്നിക്ക് ഒക്ൾടോബർ 12 ശനിയാഴ്ച രാവിലെ 10 മണി മുതൽ കേരള അസോസിയേഷൻ /ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെൻററിൽ വച്ച് വിജയമായി നടത്തുകയുണ്ടായി. പരമ്പരാഗതമായ കളികൾ ,സംഗീതം എന്നിവ ഉൾപ്പെടെ എല്ലാ പ്രായക്കാർക്കും വേണ്ടിയുള്ള വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പുഴുങ്ങിയ കപ്പ, ചമ്മന്തി, ബാർബിക്യൂ

ങ്ങൾ എല്ലാവർക്കും ക്രമീകരിച്ചിരുന്നു.

വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് കേരള അസോസിയേഷൻ പ്രസിഡൻറ് പ്രദീപ് നാഗനൂലിൽ , ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെൻറർ പ്രസിഡണ്ട് ഷിജു എബ്രഹാം, കേരള അസോസിയേഷൻ സെക്രട്ടറി മഞ്ജിത്ത് കൈനിക്കര, ട്രഷറർ ദീപക് നായർ, പിക്നിക് ആൻഡ് റിക്രീയേഷൻ ഡയറക്ടർ സാബു മാത്യു, സാബു അഗസ്റ്റിൻ, എന്നിവർ സമ്മാനദാനം നിർവഹിച്ചു.

ണ്ട് അനശ്വർ മാമ്പള്ളി, അസോസിയേഷൻ മറ്റ് ഭാരവാഹികളായ, ഫ്രാൻസിസ് തോട്ടത്തിൽ, സിജു വി ജോർജ്, ബേബി കൊടുവത്ത്, ദീപു രവീന്ദ്രൻ, കളളഇ ഭാരവാഹികളായ ടോമി നെല്ലിവേലിൽ, രാജൻ ഐസക്, ബോബൻ കൊടുവത്ത്, പീറ്റർ നെറ്റോ, അസോസിയേഷൻ പ്രവർത്തകരായ സണ്ണി കൊടുവത്ത്, സിജു കൈനിക്കര, ഓസ്റ്റിൻ തുടങ്ങി നിരവധി പേർ ഈ പിക്നിക്കിന്റെ വിജയത്തിനായി പ്രയത്നിച്ചു.




MEMBERS ONLY EVENT
KERALA ASSOCIATION OF DALLAS
ANNUAL PICNIC
Loads of FUN, GAMES and other activities for all age groups.
BBQ HOT DOG KAPPA SAMBHARAM CHIPS AND MORE
Saturday, October 12
10am - AT
INDIA CULTURAL & EDUCATION CENTER, GARLAND
FOR MORE INFORMATION CONTACT
SABU MATHEW- 972-302-8026
(RECREATION AND PICNIC DIRECTOR)




KERALA ASSOCIATION OF DALLAS












India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar
(Samuel Easo)
National President
Shijo Poulose
National Secretary
Vishakh Cherian
National Treasurer
Sunil Thymattam
Advisory Board
Chairman
Anil Kumar Aranmula
National
Vice President
Asha Mathew
Joint Secretary
Roy Mulakunnam
Joint Treasurer
Sunil Tristar
1-917-662-1122
Shijo Poulose
1-201-238-9654
Vishakh Cherian
1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# ഫൊക്കാന കേരളാ കൺവെൻഷൻ : ചാണ്ടി ഉമ്മൻ എം എൽ എയുമായി ഫൊക്കാന നേതാക്കൾ ചർച്ച നടത്തി



ഫൊക്കാന നാഷണൽ കമ്മറ്റി കേരളത്തിൽ നടത്തി വരാറുള്ള കേരളാ കൺവെൻഷൻ ഇത്തവണ 2025 ജൂലൈ / ഓഗസ്റ്റ് മാസത്തിൽ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് . കൺവെൻഷന്റെ നടത്തിപ്പിനെകുറിച്ച് ഫൊക്കാന എസിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് , റീജിയണൽ വൈസ് പ്രസിഡന്റ് സന്തോഷ് നായർ , മുൻ റീജിണൽ വൈസ് പ്രസിഡന്റുമാരായ ഫ്രാൻസിസ് കിഴക്കേക്കുറ്റ് , ടോമി അമ്പേനാട്ട് തുടങ്ങിയവർ യുവ എം എൽ എ ആയ ചാണ്ടി ഉമ്മനുമായി ചർച്ച നടത്തി.

കൺവെൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി പൂർണമായും സഹകരിക്കാമെന്ന് ചാണ്ടി ഉമ്മൻ എം എൽ എ അറിയിച്ചു.

ഇത്തവണത്തെ കൺവെൻഷൻ കോട്ടയത്ത് വച്ച് നടത്തുന്നത് നന്നായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു . ഫൊക്കാന അടുത്ത രണ്ടു വർഷം അമേരിക്കയിലും കേരളത്തിലും നടത്താൻ ഉദ്ദ്യേശിക്കുന്ന പരിപാടികളെക്കുറിച്ചു നേതാക്കൾ എം എൽ എ യുമായി ദീർഘമായി സംസാരിച്ചു . കേരളത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിനുവേണ്ടി പ്രവാസി മലയാളികൾ ഫൊക്കാന യുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്നും കേരളീയർ ആദരവോടുകൂടിയാണ് കാണുന്നതെന്നും ചാണ്ടി ഉമ്മൻ കൂട്ടിച്ചേർത്തു . ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുമായും നേരത്തെ അദ്ദേഹം സംസാരിച്ചിരുന്നു.

# നോർത്ത് ടെക്സസ് മലയാളി പോസ്റ്റൽ ജീവനക്കാരുടെ പ്രഥമ പിക്നിക് അവിസ്മരണീയമായി




**പി പി ചെറിയാൻ**

ഡാളാസ്:അമേരിക്കയിലെ നോർത്ത് ടെക്സസ് ഡാളാസ് കോപ്പൽ പോസ്റ്റൽ സർവീസ് മലയാളി ജീവനക്കാരുടെ പ്രഥമ പിക്നിക് അവിസ്മരണീയ അനുഭവമായി .ഒക്ടോബർ മാസം 14 തിങ്കളാഴ്ച 10 മണിക്ക് കോപ്പൽ ആൻഡ്രൂ ബ്രൗൺ പാർക്കിൽ നടന്ന പിക്നിക് കോപ്പൽ സിറ്റി കൌൺസിൽ മെമ്പർ ശ്രീ ബിജു മാത്യൂ ഉൽഘാടനം നിർവഹിച്ചു. ഉൽഘാടന പ്രസംഗത്തിൽ ബിജു മാത്യൂ മലയാളികളുടെ ഈ കൂട്ടായ്മയെ അനുമോദിക്കുകയും കുട്ടായ്മയുടേ വിവിധ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തു.

ഗ്രഹാതുരുത്തം ഉണർത്തുന്ന മലയാളികളുടെ ഇഷ്ട വിഭവങ്ങൾ ആയ കപ്പപ്ഴുക്ക്, കട്ടൻകാപ്പി, കൊഴുക്കട്ട, പരിപ്പുവട, സംഭാരം, അതോടൊപ്പം ബർഗർ, ആആഥ ചിക്കൻ തുടങ്ങിയ ഭക്ഷണങ്ങൾ ആസ്വാദപ്രദമായിരുന്നു. ബല്യകാല സ്മരണകൾ ഉണർത്തുന്ന വിവിധഇനം കലാ കായിക വിനോദങ്ങൾ സംഗീത സാന്ദ്രമായ അന്തരിഷത്തിൽ നടത്തപെടുകയുണ്ടായി. ഈ വിനോദ പരിപാടികൾക് അബി തോമസ് , ജോയ് വർക്കി , സുനിൽ സോഫിയ തുടങ്ങിയവർ നേതൃത്വം നൽകി.

ആവേശകരമായ വടംവലിക്കു ശേഷം സ്വാദഷ്ഠമായ അടപ്രഥമൻ ആസ്വദിച്ചു 4 മണിയോടെ പിക്നിക് അവസാനിച്ചു. കോവിഡ് കാലയളവിൽ രൂപകൊണ്ട കോപ്പൽ പോസ്റ്റർ ജീവനക്കാരുടെ ഒരു കുട്ടയ്മയാണ് ഇ പിക്നിക് സംഘടിപ്പിച്ചത്. ഒരേ സ്ഥാപനത്തിൽ ജോലിചയ്യുന്നവരും വിരമിച്ചവരും ആയ 150 ഓളം മലയാളികൾ ഈ കൂട്ടായ്മയിൽ ഉണ്ട്. പോസ്റ്റൽ ജീവനക്കാരുടെ ഈ കൂട്ടായ്മക്കു റോയ് ജോൺ , തോമസ് തൈമുറിയിൽ എന്നിവരാണ് നേതൃത്വം നൽകിയതു.








USPS









USPS


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
QUARTZ SLABS
Hundreds of colors in stock
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# 50 വർഷം യോങ്കേഴ്സ് സെന്റ് തോമസ് പള്ളി വികാരി;
## ചെറിയാൻ നീലാങ്കൽ കോർഎപ്പിസ്കോപ്പയ്ക്ക് അനുമോദനം



ന്യൂയോർക്ക്: നീണ്ട അമ്പത് വർഷത്തെ സേവനത്തിന് മുൻ വികാരി വന്ദ്യ ചെറിയാൻ നീലാങ്കൽ കോർഎപ്പിസ്കോപ്പയ്ക്ക് യോങ്കേഴ്സ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ അഭിനന്ദനം

ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാസ് മോർ നിക്കളാവോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയ്ക്ക് ശേഷം അനുമോദന സമ്മേളനം ചേർന്നു. വന്ദ്യ അച്ചന് ഭദ്രാസനത്തിന്റെ നന്ദി തിരുമേനി അറിയിച്ചു.

ചെറിയാൻ നീലാങ്കൽ അച്ചന്റെ എല്ലാ സേവനങ്ങൾക്കും പുതിയ വികാരി റവ. ഫാ. ജോബ്സൺ കോട്ടപ്പുറത്ത് നന്ദി അർപ്പിക്കുകയും, അച്ചന് ആയുരാരോഗ്യങ്ങൾ നേരുകയും ചെയ്തു.

തുടർന്ന് ഇടവക ട്രസ്റ്റി മാത്യു ജോർജ്, ജെസ്സി മാത്യു, ബ്ലസി വർഗീസ്, ജോസഫ് ജോർജ്, മൈക്കിൾ ജോർജ്, ജോസഫ് കുറിയാക്കോസ്, എം.എം ഏബ്രഹാം എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. നിക്കളാവോസ് തിരുമേനി, അച്ചന് സ്ഫടിക ഫലകം ഉപഹാരമായി സമ്മാനിച്ചു.

നീലാങ്കൽ അച്ചൻ അനുമോദനത്തിന് എല്ലാവർക്കും നന്ദി പറഞ്ഞു . സെക്രട്ടറി ജോസി മാത്യുവിന്റെ നന്ദി പ്രകാശനത്തോടും, സ്നേഹവിരുന്നോടുംകൂടി പരിപാടികൾ പര്യവസാനിച്ചു.

ജെയിംസ് മാത്യു (പി.ആർ.ഒ)



























# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

## 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

# ഇ-സ്പോർട്സ് കോളജ് ക്യാംപസ് ടൂർ മുന്നോട്ട്




സനിൽ പി. തോമസ്

ദക്ഷിണ കൊറിയ ആസ്ഥാനമായുള്ള ക്രാഫ്റ്റൺ(ഗഞഅഎഠഛച) ഇന്ത്യയിലെ കോളജ് ക്യാംപസുകളിൽ ഇ-സ്പോർട്സ് പ്രചരിപ്പിക്കുവാൻ ഓഗസ്റ്റിൽ തുടക്കമിട്ട പര്യടന പരിപാടി മുന്നോട്ട് .ഡൽഹി, കാൺപൂർ ഐ.ഐ.ടികൾ, ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി, കെ.ജെ. സോമയ്യ കോള്ജ് ഓഫ് എൻജിനീയറിങ്ങ് തുടങ്ങി 14 കോളജുകളിൽ ഇതിനകം ഇ.സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിച്ചു. അടുത്ത വർഷം മാർച്ച് വരെ ടൂർ തുടരും.

രാജ്യത്ത് ഉടനീളം താഴേത്തട്ടിൽ ഇ-സ്പോർട്സ് പ്രതിഭ വളർത്തിയെടുക്കുകയാണു ലക്ഷ്യം. ഒന്ന്, രണ്ട്, മൂന്ന് തലങ്ങളിലായി 64 കോളജ് ക്യാംപസുകളിൽ ഇ-സ്പോർട്സ് ടൂർണമെന്റുകളാണ് ടൂറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇ-സ്പോർട്സിന്റെ ആവേശം കോളജ് ക്യാംപസുകളിൽ എത്തിക്കുകയാണു പ്രധാന ലക്ഷ്യം. രണ്ടു കോടി രൂപയാണ് ആകെ സമ്മാനത്തുക. ആതിഥേയത്വം വഹിക്കുന്ന കോളജുകൾക്ക് പ്രൈസ് പൂളിൽ നിന്ന് രണ്ടു ലക്ഷം രൂപ വീതം കിട്ടും.

കോളജ് വിദ്യാർത്ഥികൾക്ക് ഇ-സ്പോർട്സിൽ തങ്ങളുടെ കഴിവു തെളിയിക്കാനുള്ള അവസരങ്ങൾ ഒരുങ്ങും. മാത്രമല്ല വളർന്നുവരുന്ന ഇ-സ്പോർട്സ് വ്യവസായത്തിലെ ജോലി സാധ്യതകളും അവർക്കു പരിചയപ്പെടുത്തും. 2007 ൽ തുടക്കമിട്ട ടെക്നോളജി അടിസ്ഥാന കമ്പനിയായ ക്രാഫ്റ്റൻ ഇതിനകം ഇന്ത്യയിൽ വിവിധ സ്റ്റാർട്ട് അപ്പുകളിൽ 170 മില്യൻ ഡോളർ നിക്ഷേപിച്ചിട്ടുള്ളതായി അവകാശപ്പെടുന്നു.

ബാറ്റിൽ ഗ്രൗണ്ട്സ് മൊബീൽ ഇന്ത്യ(ആഏങക), എംപയേഴ്സ്, ബുള്ളറ്റ് എക്കോ ഇന്ത്യ, റിയൽ ക്രിക്കറ്റ് എന്നിവ ഉൾപ്പെട്ട ഗെയിം... ടൂറിലെ പ്രധാന ഇ-സ്പോർട്സ് ഇനങ്ങൾ ഇവയൊക്കെയാണ്. ഇ-സ്പോർട്സ് 2018 ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ഉൾപ്പെട്ടിരുന്നു. മാത്രമല്ല ഇ-സ്പോർട്സ് ഉപകരണ നിർമ്മാണം വരും നാളുകളിൽ വലിയ വ്യവസായമായി വളരാൻ സാധ്യതയേറെയാണ്. ഇതോടെ ആഗോള തലത്തിൽ തൊഴിൽ സാധ്യതയും ഉണ്ടാകും. ഈ രംഗത്തേക്ക് വിദ്യാർത്ഥി സമൂഹത്തെ ആകർഷിക്കുക കൂടി ലക്ഷ്യമിട്ടാണ് ഇ-സ്പോർട്സ് ക്യാംപസ് ടൂർ. നാളെ കേരളത്തിലെ ക്യാംപസുകൾക്കും ആതിഥ്യം വഹിക്കാൻ കഴിയും.

hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

### Contact us

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

### Visit our location

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC    EQUAL OPPORTUNITY LENDER

*SBA 7a Loan Program    **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.    04/24


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL

# പത്താമത് സെന്റ് മേരീസ്
# 5 k classic ന്
# അഭൂതപൂർവമായ പങ്കാളിത്തം



ഫിലിപ്പോസ് ഫിലിപ്പ്

റോക്‌ലൻഡ് സെന്റ് മേരീസ് ഇടവകയുടെ നേതൃത്വത്തിൽ കഴിഞ്ഞ പത്ത് കൊല്ലമായി നടക്കുന്ന St. Marys 5 k ക്ലാസിക് ഇതുവരെയുള്ള റെക്കോർഡുകൾ ഭേദിച്ച് 800 ഓളം ആളുകളുടെ പങ്കാളിത്തത്തോടെ വൻവിജയമായി സമാപിച്ചു. രജിസ്ട്രേഷനിൽ നിന്നും കിട്ടുന്ന നൂറു ശതമാനം തുകയും അതാത് വർഷങ്ങളിൽ തിരഞ്ഞെടുക്കുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്കാണ് നൽകുന്നത്. ഈ വർഷം ലഭിച്ച 16,500 ഡോളർ Autistic Self Advocacy Network (ASAN)നാണ് നൽകിയത്. കഴിഞ്ഞ പത്ത് വർഷങ്ങളായി ഒരുലക്ഷം ഡോളറിലേറെ 5സ ഇനത്തിൽ 8-ഓളം ചാരിറ്റികൾക്ക് നൽകാനായി. കഴിഞ്ഞ വർഷങ്ങളിൽ National Alliance for Mental Illness, Michael J. Fox Foundation for Parkinosn's, Love 146 (End Child trafficking and Exploitation), Breast cancer research foundation, Leukemia and Lymphoma osciety, People to People, Dravet Syndrome Foundatio1 തുടങ്ങിയവയ്ക്കാണ് തുക നൽകിയത്. 5 K യിൽ നിന്നുള്ള തുക മുഴുവനും അമേരിക്കയിൽ പ്രവർത്തിക്കുന്ന ചാരിറ്റി സംഘടനകൾക്ക് നൽകുന്നത് വഴി, നമ്മൾ ജീവിക്കുന്ന നാടിൻറെ സ്പന്ദനങ്ങളിലും പങ്കാളികളാകാൻ ഉള്ള സുവർണാവസരം കൂടിയാണ് കഴിഞ്ഞ 10 കൊല്ലമായി വിജയകരമായി നടത്തുന്ന ഈ 5 K റൺ/ വാക് .

2013 ൽ ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിലും ഇടവക ജനങ്ങളുടെ പൂർണ സഹകരണത്തിലും ആരംഭിച്ച ഈ 5 k ചാരിറ്റി ഇവന്റ് യുവാക്കളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാണ്. 5 k യുടെ ഈ വർഷത്തെ പരിപാടികൾക്ക് വികാരി റവ. ഫാ . ഡോ . രാജു വർഗീസിന്റെ നേതൃത്വത്തിലുള്ള ശക്തമായ കമ്മിറ്റിയാണ് നേതൃത്വം നൽകിയത് . സജി എം പോത്തൻ കൺവീനറായും ബെക്കി ഫിലിപ ് , ലീന പോൾ എന്നിവർ കോഓഡിനേറ്റേഴ്സ് ആയുമുള്ള 15 അംഗ കമ്മിറ്റി അഹോരാത്രം പരിശ്രമിച്ചതിന്റെ ഫലമായാണ് പരിപാടി ഇത്രയും വിജയകരമായത് . സെന്റ് മേരീസ് ഇടവക ട്രസ്റ്റി എബ്രഹാം പോത്തൻ , സെക്രട്ടറി ജെറമിയ ജയിംസ് , ജോയിന്റ് സെക്രട്ടറി സാജു ജോർജ്, ജോയിന്റ് ട്രഷറർ അജിത് എബ്രഹാം എന്നിവരുടെ അശ്രാന്ത പരിശ്രമവും 5 k നടത്തിപ്പിന്റെ വിജയത്തിൽ പ്രതിഫലിച്ചു.

ഒക്ടോബർ 19 ന് രാവിലെ 9 മണിക്ക് റോക്‌ലാൻഡ് സ്റ്റേറ്റ് പാർക്കിൽ വച്ചായിരുന്നു 5 k ക്ലാസിക്/ വാക് / റൺ നടന്നത് . 5 k തുടങ്ങുന്നതിന് മുൻപായി നടന്ന ലഘു സമ്മേളനത്തിൽ യു എസ് കോൺഗ്രസ് മാൻ മൈക് ലോലെർ, ന്യൂ യോർക്ക് സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ,ക്ലാർക്സ്ടൗൺ സൂപ്പർ വൈസർ ജോർജ് ഹോമാൻ, റോക്‌ലാൻഡ് കൗണ്ടി ലെജിസ്ളേച്ചർ ഡോ . ആനി പോൾ , ക്ലാർക്സ്ടൗൺ കൗൺസിൽ മാൻ ജോൺ വാലൻന്റൈൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി തുടങ്ങിയവർ ഇടവകയുടെ ഈ സദുദ്യമത്തെ പ്രശംസിച്ചു സംസാരിച്ചു.

മീറ്റിംഗിന്റെ ആമുഖമായി ഇടവക വികാരി റവ. ഫാ . ഡോ . രാജു വർഗീസ് 5 kയെപ്പറ്റി വിശദീകരിച്ചു. റവ ഫാ. വിജയ് തോമസിന്റെ ആമുഖപ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ ക്രിസ്റ്റ ജോർജ് അമേരിക്കൻ ദേശീയ ഗാനവും



അബിഗെയിൽ തോമസ് , അനു വർഗീസ്, ബെറ്റി സഖറിയ, സൂസൻ വർഗീസ്, ജെസി ജെയിംസ് എന്നിവർ ചേർന്ന് ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു. 5 k കൺവീനർ സജി എം പോത്തൻ വിശിഷ്ടാതിഥികളെപരിചയപ്പെടുത്തി സ്വാഗതം ആശംസിച്ചു. മേഖ വർഗീസ്, സ്നേഹ വർഗീസ്, ഡയാന ജേക്കബ് , ബെക്കി ഫിലിപ്പ്, ലീന പോൾ എന്നിവർ 5k യുടെ നിയമാവലികളെ പറ്റിയുള്ള അറിയിപ്പുകൾ നൽകി.

ഈ വർഷത്തെ 5k ഓട്ടത്തിൽ ബുക്കോല പെരെയ്‌ര 19 മിനിറ്റ് 43.43 സെക്കൻഡ് കൊണ്ട് 3.1 മൈൽ ഓടി ഒന്നാം സ്ഥാനത്തിന് അർഹയായി. 20.84 ൽ ഓടിയെത്തിയ ജോനാഥൻ ഖൗദി രണ്ടാം സ്ഥാനവും, 21 മിനിറ്റും 53.56 സെക്കൻഡും കൊണ്ടെത്തിയ എസ്തെഫാനിയ പലാസിയോ ഖൗർ മൂന്നാം സ്ഥാനവും നേടി.പങ്കെടുത്ത എല്ലാവരുടെയും ഓട്ടത്തിന്റെ സമയം ഞഎകള ഉപയോഗിച്ച് മോണിറ്റർ ചെയ്തത് സാജു ജോർജ് ന്റെയും ജസ്റ്റിൻ ജേക്കബ് ന്റെയും നേതൃത്വത്തിൽ ഉള്ള ഒരു സാങ്കേതിക ടീം ആയിരിന്നു. ഓട്ടത്തിൽ പങ്കെടുത്ത എല്ലാവരുടെയും ഓട്ട സമയം വളരെ കൃത്യമായി റെക്കോർഡ് ചെയ്തു സൂക്ഷിച്ചിട്ടുണ്ട്..

ഏകദേശം 23ഓളം സ്ഥാപനങ്ങളും വ്യക്തികളും 2024ലെ 5k യുടെ സ്പോൺസേഴ്‌സ് ആയി മുന്നോട്ടു വന്നിരുന്നു. കോൺഗേഴ്സിലുള്ള ഇന്ത്യൻ curi and spices ന്റെ ലൈവ് തട്ടുകട ഏവർക്കും ആവേശം പകർന്നു. വെസ്റ്റ് നയാക്കിലുള്ള സ്പെക്ട്രം ഓട്ടോ ആയിരുന്നു ഗ്രാൻഡ് സ്പോൺസർ. കൂടാതെ Ampsco ഇലക്ട്രിക് കോർപറേഷൻ, ഗ്ലോബൽ കോലിഷ്യൻ ആൻഡ് ബോഡി വർക്സ്, മെഴ്‌സിഡസ് ബെൻസ് നാനുവെറ്റ്, ഡ്രീം ഫിഷ് മീഡിയ , ഇന്ത്യൻ കറി ആൻഡ് സ്‌പൈസസ് , ഹൈറ്റൺ ലക്കാനി ഐ സ്പെഷ്യലിസ്റ്റ് , സഹീം , ലുലു എന്റർപ്രൈസസ്, റിലയൻറ് എൻഡോക്രൈനോളജി, Tiger Schulmann's martial arts, പദ്മ ഇന്ത്യൻ ഡാൻസ് സ്റ്റുഡിയോ , ബെഥേൽ മെഡിക്കൽ അസോസിയേറ്റ്സ്, മാർഗോ( Howard Hanna Rand Realty ), RAVE, RTM entertainment, Project1 Studios, സബ്ജി മാണ്ഡി , Mendonca co, V care pharmacy, സ്റ്റാർ ലൈറ്റ് ഇൻഷുറൻസ്, റോക്‌ലാൻഡ് ബേക്കറി, സ്റ്റോപ്പ് & ഷോപ്പ്, ഡിഎം എന്നിവരായിരുന്നു പരിപാടിയുടെ സ്പോൺസേഴ്സ് . സമൂഹത്തിൽ ചേർത്ത് പിടിക്കേണ്ടവരെ ചേർത്ത് പടിച്ചു നടത്തുന്ന ഈ 5k വാക് /റൺ തുടർന്നും മുന്നോട്ട്നയിക്കാൻ നമ്മുടെ വരും തലമുറയ്ക്ക് സാധിക്കും എന്നതിന്റെ ഒരു ഉറച്ച പ്രഖ്യാപനം കൂടിയായിരുന്നു 2024ലെ സെന്റ് മേരിസ് 5k.

















Brookhaven Heart
YOU are at the heart of everything we do
1-631-654-3278
Board-Certified Cardiologists in East Patchogue
New Hyde Park & Hicksville
Same Day Appointments
Evening Hours
Short Wait Times
Affordable Self Pay Fees
Satheesh Joseph MD
Adam Kruger MD
Bimal Patel MD
Deepu Alexander MD
Saurin Patel MD
Wasiq Rahman MD
Cardiac PET-CT Services
Quality Care
Exceptional Staff
Informed Patients
State-of-the-Art Treatment
Vein Clinic
Brookhaven Heart
PATCHOGUE OFFICE
Brookhaven Heart
325 East Main Street
Patchogue, NY 11772
Phone: (631) 654-3278
NEW HYDE PARK OFFICE
Brookhaven Heart PLLC
1710 Lakeville Rd
New Hyde Park, NY 11040
Phone:(516) 358-8100
HICKSVILLE OFFICE
Brookhaven Heart PLLC
380 South Broadway
Hicksville, NY 11801
Phone: 516-390-6288


India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
PLATINUM
MAIN SPONSOR
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar
(Samuel Easo)
National President
Shijo Poulose
National Secretary
Vishakh Cherian
National Treasurer
Sunil Thymattam
Advisory Board
Chairman
Anil Kumar Aranmula
National
Vice President
Asha Mathew
Joint Secretary
Roy Mulakunnam
Joint Treasurer
Sunil Tristar
1-917-662-1122
Shijo Poulose
1-201-238-9654
Vishakh Cherian
1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com



# അമേരിക്കൻ ജനാധിപത്യം ഭീഷണിയുടെ നിഴലിലോ




**ജോർജ്ജ് എബ്രഹാം**

നിലവിലെ അമേരിക്കൻ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ ഇടതുപക്ഷ വൃത്തങ്ങളിൽ നിന്നുള്ള പ്രധാന മുദ്രാവാക്യങ്ങളിലൊന്ന്, പ്രസിഡന്റ് സ്ഥാനത്തേക്കുള്ള റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപ് ജനാധിപത്യത്തിന് ഭീഷണിയാണെന്നതാണ്. അമേരിക്ക തീർച്ചയായും ലോകത്തിലെ ഏറ്റവും പഴക്കമുള്ള ജനാധിപത്യ രാജ്യമാണ്. ഈ മഹത്തായ രാഷ്ട്രത്തിന്റെ സ്ഥാപകർ ലോകചരിത്രത്തിൽ സമാനതകളില്ലാത്ത വ്യക്തിസ്വാതന്ത്ര്യവും അത് സംരക്ഷിക്കുന്ന സർക്കാർ സംവിധാനവുമാണ് ഒരുക്കിയിരിക്കുന്നത്. 1789-ൽ രാജ്യം പ്രാബല്യത്തിൽ വന്നതുമുതൽ ഓരോ പൗരന്റെയും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ആ വ്യവസ്ഥകൾ ഇന്നും എത്രത്തോളം പ്രസക്തമാണ് എന്ന വസ്തുത സമീപകാല കുടിയേറ്റക്കാരായ നമ്മളെ വിസ്മയിപ്പിക്കുന്നു. ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. നിയമങ്ങളും നയങ്ങളും നേതൃത്വവും മറ്റ് രാഷ്ട്രീയവും ആ രാജ്യത്തെ ജനങ്ങൾ നേരിട്ടോ അല്ലാതെയോ തീരുമാനിക്കുന്ന ഒരു ഭരണസംവിധാനമാണിത്. ജനാധിപത്യത്തിന്റെ അവശ്യ ഘടകങ്ങളിൽ ബഹുസ്വര രാഷ്ട്രീയ പാർട്ടികൾ, നീതിയുക്തമായ തിരഞ്ഞെടുപ്പ്, സുതാര്യമായ ഭരണം, പൗരാവകാശങ്ങൾ, സ്വതന്ത്ര മാധ്യമപ്രവർത്തനം എന്നിവയും ഉൾപ്പെടുന്നു. ലോകത്തിലെ 24 രാജ്യങ്ങൾ സമ്പൂർണ ജനാധിപത്യ രാജ്യങ്ങളാണെന്ന് ചില പഠനങ്ങൾ പറയുന്നു. ഈ മഹത്തായ പരീക്ഷണത്തിൽ ലോകത്തെ നയിച്ച ബഹുമുഖ ജനാധിപത്യത്തിന്റെ മാതൃകയാണ് അമേരിക്ക. എന്നാൽ, ഇന്ന് രാജ്യം അതിന്റെ ഭരണഘടനയുടെ ലിഖിതങ്ങളോ ആത്മാവോ പൂർണ്ണമായും പാലിക്കുന്നുണ്ടോ അതോ ലോകമെമ്പാടുമുള്ള വികലമായ ജനാധിപത്യങ്ങളുടെ വിഭാഗത്തിലേക്ക് അതിവേഗം വഴുതിവീഴുകയാണോ എന്ന ചോദ്യങ്ങൾ ഉയർന്നുവരുന്നു!

അമേരിക്കയിലെ ജനാധിപത്യത്തിനെതിരായ ഭീഷണികളെക്കുറിച്ച് സംസാരിക്കുമ്പോൾ 2021 ജനുവരി 6-ന് , ക്യാപിറ്റോൾ ഹില്ലിൽ ട്രംപ് അനുകൂലികൾ നടത്തിയ കലാപമാണ് ആരുടേ മനസ്സിലേക്കും ഏറ്റവുമാദ്യം കടന്നുവരിക. തങ്ങളിൽ നിന്ന് കവർന്നെടുത്തതായി ട്രംപും അനുയായികളും അവകാശപ്പെടുന്ന തിരഞ്ഞെടുപ്പിന്റെ ഫലം സർട്ടിഫൈ ചെയ്യുന്നതിൽ നിന്ന് കോൺഗ്രസിനെ തടയാനുള്ള അവരുടെ ശ്രമമായിരുന്നു അത്.നിയമവാഴ്ചയെ അട്ടിമറിക്കുകയും സർക്കാരിന്റെ തുടർച്ച തടയുകയും ചെയ്യുന്ന കടുത്ത ഭരണഘടനാ ലംഘനമായിരുന്നു അത്. സമാധാനപരമായ അധികാര കൈമാറ്റത്തിന്റെ പരാജയം ഭരണകൂടത്തിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും, തുടർന്നുള്ള അധികാര പോരാട്ടം ജനാധിപത്യ ഘടനയെ നശിപ്പിക്കുകയും അമേരിക്കൻ സമൂഹത്തെ അസ്ഥിരപ്പെടുത്തുകയും ചെയ്യും. എന്നിരുന്നാലും, അത്തരം ഏത് ഭീഷണിയെയും തടയാൻ സർക്കാർ സംവിധാനം ശക്തമായിരുന്നു, സ്ഥാപനങ്ങൾ തങ്ങളുടെ കഴിവ് തെളിയിക്കുകയും ജനാധിപത്യത്തെ സംരക്ഷിക്കുകയും ചെയ്തു. ആരോഗ്യകരമായ ജനാധിപത്യത്തിന്റെ കാതൽ സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകളാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സമഗ്രതയും കീഴ്വഴക്കങ്ങളും സംരക്ഷിക്കാനുള്ള സംവിധാനം നിലവിൽ വന്നില്ലെങ്കിൽ ജനാധിപത്യം തന്നെ അപകടത്തിലാകും. വോട്ടിംഗ് അവകാശങ്ങൾ അടിച്ചമർത്തുക, ഇവിഎമ്മുകളിലോ (ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ) തിരഞ്ഞെടുപ്പ് നിയമങ്ങളിൽ കൃത്രിമം നടത്തുക, സാധുതയുള്ള തിരഞ്ഞെടുപ്പ് ഫലങ്ങളെ അട്ടിമറിക്കാൻ ശ്രമിക്കുക എന്നിവയെല്ലാം ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും ഭീഷണി ഉയർത്തുന്നതിന് തുല്യമാണ്.ഈ വിഷയത്തിൽ പൗരന്മാർക്ക് വലിയ ജാഗ്രത ആവശ്യമാണ്. പൗരത്വമില്ലാത്തവരെ രജിസ്റ്റർ ചെയ്യാനും വോട്ടുചെയ്യാനും അനുവദിക്കുന്നത് ജനങ്ങളുടെ ആവശ്യം നടപ്പാക്കുന്നതിനെ തടസ്സപ്പെടുത്തുന്നു. ചില സംസ്ഥാനങ്ങളിൽ, ഒരു അനധികൃത കുടിയേറ്റക്കാരന് ഡ്രൈവിംഗ് ലൈസൻസ് ലഭിക്കാൻ അർഹതയുണ്ട്, കൂടാതെ വോട്ട് രേഖപ്പെടുത്താൻ അവസരമുണ്ട്, അതുവഴി വോട്ടർ പട്ടികയിൽ ഇടം നേടാം.വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ പൗരന്മാരല്ലാത്തവരെ വോട്ടെടുപ്പിൽ നിന്ന് നീക്കം ചെയ്യുന്നതിനെ ചോദ്യം ചെയ്ത് കോമൺവെൽത്ത് ഓഫ് വിർജീനിയയ്ക്കെതിരെ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് അടുത്തിടെ ഫയൽ ചെയ്ത കേസ് ശരിക്കും വിചിത്രമാണ്. എന്തുവിലകൊടുത്തും വിജയിക്കുന്നതിന് അനുകൂലമാണ് നിലവിലെ ഭരണകൂടം എന്ന് വാദിക്കുന്ന വിമർശകർക്ക് ഇത് കൂടുതൽ ഊർജം നൽകുന്നു.

വോട്ട് ചെയ്യുന്നത് തടയുന്നതിനെതിരെ ശക്തമായ നിയമമുള്ളപ്പോൾ വോട്ടർ



ഐ.ഡി വോട്ടർമാരെ വോട്ടു ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കുമെന്ന് പറയുന്നത് അടിസ്ഥാന രഹിതമാണ്. ഇന്ന് അമേരിക്കയിൽ നമ്മൾ ചെയ്യുന്ന മിക്കവാറും എല്ലാ കാര്യങ്ങൾക്കും തിരിച്ചറിയൽ കാർഡ് ആവശ്യമാണെന്നിരിക്കെ,തെരഞ്ഞെടുപ്പിന്റെ സത്യസന്ധത നിലനിർത്തുന്നതിന്റെ ഭാഗമായി എന്തുകൊണ്ട് രാജ്യവ്യാപകമായി വോട്ടർ ഐ.ഡി. നിയമംമൂലം നിഷ്കർഷിക്കുന്നില്ല?700 മില്യൺ വോട്ടർമാരുള്ള ഇന്ത്യയ്ക്ക് ഇത് ചെയ്യാൻ സാധിക്കുമെങ്കിൽ, അമേരിക്ക പോലെ കൂടുതൽ വികസിത സമൂഹത്തിന് ആ ദൗത്യം വളരെ എളുപ്പത്തിൽ നിറവേറ്റാനാകും. സ്വേച്ഛാധിപത്യ ഗവൺമെന്റുകൾ ഭരിക്കുന്ന രാജ്യങ്ങളിൽ രാഷ്ട്രീയ എതിരാളികളെ പീഡിപ്പിക്കുന്നതും കൊല്ലുന്നതും അപൂർവ സംഭവമല്ല. അഭിപ്രായങ്ങളുടെ വൈവിധ്യത്തെ മാനിക്കുകയും ഓരോ പൗരന്റെയും ആവിഷ്കാര സ്വാതന്ത്ര്യം സംരക്ഷിക്കുകയും ചെയ്യുന്നത് അഭിവൃദ്ധി പ്രാപിക്കുന്ന ജനാധിപത്യത്തിന്റെ മുഖമുദ്രയാണ്. എന്നാൽ, ഈയിടെയായി അമേരിക്കയിൽ പോലും രാഷ്ട്രീയ എതിരാളികളെ തുരങ്കം വയ്ക്കാനും ദുർബലപ്പെടുത്താനും നീതിന്യായ വ്യവസ്ഥയെ ആയുധമാക്കാനുള്ള ശ്രമത്തിലാണ് അധികാര കേന്ദ്രങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. രാഷ്ട്രീയ എതിരാളികളെ നശിപ്പിക്കാനും വിമർശകരുടെ വായടപ്പിക്കാനും അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്യുന്ന സംഭവങ്ങൾ ഇന്ത്യയിലും വർധിച്ചുവരികയാണ്. ഏതൊരു ഭരണസംവിധാനത്തിലും ഇത് ഒരു കളങ്കവും ജനാധിപത്യത്തിന് എതിരെയുള്ള കടുത്ത ഭീഷണിയുമായിരിക്കും.

ഫോർത്ത് എസ്റ്റേറ്റ്(നാലാം തൂൺ) എന്ന പദം പത്രമാധ്യമങ്ങളുടെയും ദൃശ്യ മാധ്യമങ്ങളുടെയും രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെടാനുള്ള പരോക്ഷമായ കഴിവും വ്യക്തമായ അഭിഭാഷക ശേഷിയുമാണ് സൂചിപ്പിക്കുന്നത്. എന്നാൽ, ഇന്ന് നാമെല്ലാവരും സാക്ഷ്യം വഹിക്കുന്നതുപോലെ, വസ്തുനിഷ്ഠമായ പത്രപ്രവർത്തനം നിർ‘ജീവമാണ്. നാലാം തൂൺ അതിന്റെ അധികാരം മുറുകെപ്പിടിക്കേണ്ട സമയമാണിത്.ജനാധിപത്യത്തെയും പൗരന്റെ സ്വയം ഭരണാവകാശത്തെയും സംരക്ഷിക്കുന്നതിനുള്ള അടിസ്ഥാന തത്വങ്ങൾ ഉയർത്തിപ്പിടിക്കാൻ ഉത്തരവാദിത്തമുള്ള പത്രപ്രവർത്തകർ ആവശ്യപ്പെടണം. ജനാധിപത്യം ഇല്ലെങ്കിൽ ഒരു സ്വതന്ത്ര മാധ്യമവും ഉണ്ടാകില്ല, സ്വതന്ത്ര പത്രപ്രവർത്തനം കൂടാതെ ജനാധിപത്യവും ഉണ്ടാകില്ല. സത്യസന്ധമായി സത്യം കണ്ടെത്താൻ മാധ്യമങ്ങൾ തയ്യാറായില്ലെങ്കിൽ ജനാധിപത്യം സാവധാനത്തിൽ അസ്തമിക്കും. ഇന്ന് അമേരിക്കയിൽ മാധ്യമങ്ങൾക്കിടയിൽ പക്ഷപാതപരമായ വിഭജനമുണ്ട്, ജനങ്ങൾക്ക് വേണ്ടത്ര സേവനം ലഭിക്കുന്നില്ല. തൽഫലമായി,ഇന്റർനെറ്റിൽ ഉടനീളമുള്ള നിരവധി തെറ്റായ വിവരങ്ങളും യഥാർത്ഥ ജനാധിപത്യ പ്രക്രിയയെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നു. ഒബ്ജക്റ്റീവ് ജേർണലിസം പരിശീലിക്കുന്നതിലെ മാധ്യമങ്ങളുടെ പരാജയവും സദാചാര നിയമങ്ങൾക്കു വേണ്ടി നിലകൊള്ളാനുള്ള അവരുടെ മനസ്സില്ലായ്മയും എല്ലായിടത്തും ജനാധിപത്യം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ്. ജനാധിപത്യത്തെ സംരക്ഷിക്കാൻ സെൻസർ ചെയ്യേണ്ടതുണ്ടോ എന്നതാണ് ഇക്കാലഘട്ടത്തിലെ മറ്റൊരു പ്രധാന വിഷയം. സമൂഹ മാധ്യമങ്ങളിലൂടെയുള്ള പ്രചരണവും വസ്തുതാവിരുദ്ധവും പക്ഷപാതപരവുമായ വിവരണങ്ങളും പ്രചരിപ്പിക്കുന്നത് പല ജനാധിപത്യ രാജ്യങ്ങളിലും ഉയരുന്ന ആശങ്കയാണ്. റഷ്യൻ ടിവിക്ക് യൂറോപ്യൻ യൂണിയൻ അടുത്തിടെ ഏർപ്പെടുത്തിയ നിരോധനം ആ പ്രശ്നത്തിന്റെ ഗൗരവം കൂടുതൽ വെളിപ്പെടുത്തുന്നു. ചില വ്യക്തികളോ ഗ്രൂപ്പുകളോ ആക്ഷേപകരവും അപകടകരവുമാണെന്ന് കണ്ടെത്തുന്ന ആശയങ്ങളെയും വിവരങ്ങളെയും അടിച്ചമർത്തുന്നതാണ് സെൻസർഷിപ്പ്.

സത്യവും അപകടകരവുമായ കാര്യങ്ങളെക്കുറിച്ചുള്ള ഭരണകൂടത്തിന്റെ വീക്ഷണം അടിച്ചേൽപ്പിക്കാൻ സെൻസറിങ്ങിലൂടെ അധികാരാവൃത്തങ്ങൾ ശ്രമിക്കും. സോഷ്യൽ മീഡിയ പ്രവർത്തനങ്ങളിലെ യു.എസ് ഇടപെടലിന്റെ സമീപകാല വെളിപ്പെടുത്തലുകൾ അസ്വസ്ഥജനകവും പ്രധാന ജനാധിപത്യ പ്രക്രിയയായ തിരഞ്ഞെടുപ്പ് ഫലങ്ങളെ സ്വാധീനിക്കുന്ന തരത്തിലുള്ളതുമാണ്. ഇന്റർനെറ്റിലുടനീളം വിദ്വേഷ പ്രസംഗങ്ങളുടെ വ്യാപനം തടയുന്നത് നമുക്കേവർക്കും സമ്മതിക്കാമെങ്കിലും, തിരഞ്ഞെടുത്ത സെൻസർഷിപ്പ് ഓരോ അമേരിക്കക്കാരന്റെയും ആദ്യ ഭേദഗതി (First Amendment) അവകാശങ്ങൾക്ക് വിരുദ്ധമാണ്. ’ഒരു മതം സ്ഥാപിക്കുന്നതിനെയോ അതിന്റെ സ്വതന്ത്രമായ വിനിയോഗത്തെ നിരോധിക്കുന്നതിനോ, സംസാര സ്വാതന്ത്ര്യത്തെയോ മാധ്യമ സ്വാതന്ത്ര്യത്തെയോ അല്ലെങ്കിൽ ജനങ്ങളുടെ സമാധാനപരമായി ഒത്തുകൂടാനും നിവേദനം നൽകാനുമുള്ള അവകാശത്തെ ചുരുക്കിക്കൊണ്ടോ സർക്കാരിന് ലഭിച്ച പരാതി പരിഹരിക്കുന്നതിനുവേണ്ടിയോ കോൺഗ്രസ് ഒരു നിയമവും ഉണ്ടാക്കില്ല.’-ആദ്യ ഭേദഗതി നിയമത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

കോവിഡ് കാലഘട്ടത്തിൽ, ജനങ്ങളുടെ പൗരാവകാശങ്ങളെയും രാഷ്ട്രീയ വർഗ്ഗത്തെയും തടയുന്ന കൂടുതൽ കർശനമായ നടപടികൾക്ക് രാജ്യം സാക്ഷ്യം വഹിച്ചു, അത് അവരുടെ ലോകവീക്ഷണം മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്നതിലാണ്. മനുഷ്യാവകാശങ്ങളുടെയും ഘടനാപരമായ വംശീയതയുടെയും വൻതോതിലുള്ള ലംഘനങ്ങൾ, വംശീയ അസമത്വങ്ങൾ, രാജ്യത്തുടനീളമുള്ള പ്രതിഷേധങ്ങൾ എന്നിവയ്ക്ക് അമേരിക്ക സാക്ഷ്യം വഹിച്ചിട്ടുണ്ട്. വംശമോ വംശീയ പശ്ചാത്തലമോ പരിഗണിക്കാതെ പൗരന്മാരെ സംരക്ഷിക്കുന്നതിൽ ഭരണകൂടത്തിന്റെ പരാജയം, അതിന്റെ കാതലായ ജനാധിപത്യത്തിന് ഭീഷണിയായേക്കാവുന്ന ഘടനാപരമായ പിഴവിലേക്കാണ് വിരൽ ചൂണ്ടുന്നത്. അമേരിക്ക ഇന്ന് ധ്രുവീകരിക്കപ്പെട്ട ഒരു രാഷ്ട്രമാണ്. അങ്ങേയറ്റം പക്ഷപാതപരമായ വിരോധം ഇടതും വലതും ഉള്ള സ്വേച്ഛാധിപത്യ ഘടകങ്ങൾക്ക് അനുയോജ്യമാണ്. ഏകാധിപത്യവും സ്വേച്ഛാധിപത്യവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. അവരുടെ ലക്ഷ്യം അധികാരമാണ്, കാഴ്ചപ്പാടുകളെയോ സംക്ഷിപ്ത നയങ്ങളെയും പരിശോധിച്ച നടപടിക്രമങ്ങളെയും എതിർക്കുന്നതിൽ അവർക്ക് ക്ഷമയില്ല. അവരെ സംബന്ധിച്ചിടത്തോളം, അവർ ആഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ജനാധിപത്യത്തിന്റെ നാശം പോലും അവർ അനുവദിച്ചുകൊടുക്കും. ബോധമുള്ള പൗരസമൂഹം ജാഗരൂകമായ സമീപനം കൈക്കൊള്ളേണ്ടത് അത്യന്താപേക്ഷികമാണ്.

# ഹ്യൂസ്റ്റനിൽ തിരുനാൾ സമാപനം ഭക്തിസാന്ദ്രം



**ബിബി തെക്കനാട്ട്.**

ഹ്യൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഫൊറോനാ ദൈവാലയത്തിൽ പരിശുദ്ധ അമ്മയുടെ നാമധേയത്തിലുള്ള വാർഷിക തിരുനാൾ പ്രാർത്ഥനാനിര്ഭരവും, ഭക്തിസാന്ദ്രവുമായി സമാപിച്ചു .

ഇടവകയിലെ വുമൺസ് മിനിസ്റ്ററിയുടെ ആഭിമുഖ്യത്തിൽ എല്ലാ വനിതകളും പ്രസുദേന്തിമാരായി നടത്തപ്പെട്ട തിരുനാൾ ഇടവക ജനങ്ങളുടെ പങ്കാളിത്തം കൊണ്ടും വ്യത്യസ്തങ്ങളായ തിരുക്കർമങ്ങളാലും, ആകർഷകങ്ങളായ പരിപാടികൾ കൊണ്ടും ശ്രദ്ധിക്കപ്പെട്ടു.

ഒക്ടോബർ 18- നു വൈകുന്നേരം ആറു മണി മുതൽ ആരാധനയും ജപമാലയും നടത്തപ്പെട്ടു. ഏഴു മണിക്ക് എട്ടാം ദിവസത്തെ ചടങ്ങുകൾക്ക് പൂനാ ഖഡ്കി രൂപതാ അധ്യക്ഷൻ മാത്യൂസ് മാർ പക്കോമിയോസ് മുഖ്യ കാർമികത്വം വഹിച്ചു. പരിശുദ്ധ അമ്മ വചനം ഹൃദയത്തിൽ സ്വീകരിക്കുകയും യേശുവിനെ ലോകത്തിനു നൽകുകയും ചെയ്തതുപോലെ വചനത്തെയും യേശുവിനെയും എല്ലാ കുടുംബങ്ങളിലും സ്വീകരിക്കുവാൻ ആഹ്വനം ചെയ്തു. വചനം സ്വീകരിക്കുന്ന കുടുംബങ്ങളിൽ സമാധാനവും പ്രത്യാശയും ഉണ്ടാകുമെന്നും പിതാവ് പറഞ്ഞു.വിശുദ്ധ കുർബാനയ്ക്കു ശേഷം മാതാവിന്റെ നൊവേനയും നടത്തപ്പെട്ടു.

ഒൻപതാം ദിവസത്തെ തിരുക്കർമ്മങ്ങൾക്ക് ഫാ. ജോൺസൻ നീലനിരപ്പേപ്പൽ മുഖ്യ കാർമികത്വം വഹിച്ചു. വികാരി ഫാ. ഏബ്രഹാം മുത്തോലത്ത് വചന സന്ദേശം നൽകി. ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ചും സഭയിൽ ജപമാലയുടെ സ്വാധീനത്തെക്കുറിച്ചും ആത്മീയവും ചരിത്രപരവുമായ സംഭവങ്ങൾ സന്ദേശമധ്യേ ഫാ. മുത്തോലത്ത് പറഞ്ഞു. അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ സഹകാര്മികനായിരുന്നു.



ജപമാലയും മെഴുകുതിരിയും കാരങ്ങളിലേന്തി ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും ഒന്ന് ചേർന്ന് പ്രാര്ഥനാപൂർവ്വമായ ജപമാല പ്രദക്ഷിണവും നടത്തപ്പെട്ടു.



































# Blue Ocean
Wealth Solutions

A member of the MassMutual Financial Group



## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

# ട്രംപോ കമലയോ? അമേരിക്കൻ സ്വപ്നം തിരിച്ചു വരുമോ?





**വാൽക്കണ്ണാടി**
**കോരസൺ**

emalayalee.com

'ഡാഡി എന്നാ പണിയായിതു!' മകൾ ഉച്ചത്തിൽ വിളിച്ചു ചോദിക്കുന്നു. നോക്കിയപ്പോൾ പുറത്തു ഒരു വലിയ ട്രക്ക് , അതിനു പിറകിൽ കെട്ടിവലിക്കുന്ന ഒരു വലിയ കംപ്രസ്സർ, അതിനെ അലങ്കരിച്ചു തിളങ്ങുന്ന മുത്തുവിളക്കുകൾ, അതിൽ ഇരുവശവുമായി ഘടിപ്പിച്ചിരിക്കുന്ന കൂറ്റൻ ട്രംപ് പതാകകൾ. ആകെ വീടിനു വെളിയിൽ വലിയ ഒരു ആഘോഷത്തിമിർപ്പ്. കഴുത്തിൽ കുരിശുമാലയും ഒക്കെയിട്ട് ഒരു വലിയ തടിയൻ സായിപ്പ് കയറിവരുന്നു, പിറകിൽ ഒരു ഞാഞ്ഞൂൽ സഹായിയുമുണ്ട്. നിങ്ങൾ നേരത്തേ ഷെഡ്യൂൾ ചെയ്ത സ്പ്രിംഗളർ വിന്ററൈസേഷൻ ചെയ്യാനാണ് വന്നത്, തുടങ്ങട്ടെ? അയാൾ ചോദിക്കുന്നു. വളരെ മര്യാദയോടെയും ഭവ്യതയോടെയും അയാൾ സംസാരിച്ചുതുടങ്ങിയപ്പോൾ അൽപ്പം ആശ്വാസമായി.





ശൈത്യകാലത്തിനു മുൻപ് വീടിനു ചുറ്റുമുള്ള സ്പ്രിങ്ക്ലെർ ട്യൂബുകളിലുള്ള വെള്ളം വലിച്ചുകളഞ്ഞു പുറത്തേക്കുള്ള വാൽവ് അടക്കുന്ന ഒരു പതിവുണ്ട്. അല്ലെങ്കിൽ തണുത്ത കാലാവസ്ഥയിൽ പൈപ്പുകൾ, വാൽവുകൾ, സ്പ്രിംഗ്ളർ തലകൾ എന്നിവയ്ക്കുള്ളിൽ വെള്ളം മരവിപ്പിക്കുമ്പോൾ, അത് വികസിക്കുകയും അവ പൊട്ടിപോവുകയും ചെയ്യും.

തനി ലിബറൽകാഴ്ചപ്പാടുകളുള്ള യുവതലമുറയുടെ വ്യക്താവായ മകൾക്കു തീവ്രവലതുപക്ഷപ്രകടനം അസഹനീയമായി, എന്തിനാണ് ഇയാളെ വിളിച്ചത് എന്ന് ചോദിക്കുമ്പോഴേക്കും തടിയൻ സായിപ്പു വീട്ടിൽ അനുവാദം ചോദിച്ചു കയറിയിറങ്ങി ജോലിചെയ്യുന്നതോടൊപ്പം ഭാര്യയോടും മകളോടുമൊക്കെ ക്ഷേമം അന്വേഷിച്ചു സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുന്നു. ട്രംപിസ്റ്റായ മകൻ വളരെ ഉത്സാഹഭരിതനായി അയാളോടൊപ്പം കൂടിയിട്ടുമുണ്ട്. അങ്ങനെ സ്പ്രിംഗളർ വിന്ററൈസേഷൻ വീട്ടിൽ ട്രംപ്-കമല 2024 തിരഞ്ഞെടുപ്പ് ചർച്ചകൾക്ക് തിരിയിട്ടു.

അമേരിക്കപോലെ ലോകത്തിൽ ഇത്രയധികം നോബൽ സമ്മാനങ്ങൾ ലഭിച്ച ഒരു രാജ്യമില്ല, പ്രസിഡന്റ് തിരഞ്ഞെടുപ്പിന് മറ്റെങ്ങുമില്ലാത്ത അതിശ്രമകരമായ സംവിധാനങ്ങൾ ഉണ്ടെന്നിരിക്കിലും, കൊള്ളാവുന്ന ഒരു സ്ഥാനാർത്ഥിയെ അവതരിപ്പിക്കാൻ ഇരുപാർട്ടികൾക്കും കഴിയുന്നില്ലല്ലോ എന്നൊരു നിരാശ ഇടയ്ക്കു തോന്നാതിരുന്നില്ല. ഒരിക്കൽ ട്രംപിന് വോട്ട് ചെയ്തതാണ്, പിന്നെ ജനുവരി 6 നു ചുണ്ടിനും കപ്പിനുമിടയിൽ അമേരിക്ക ആഘോഷിക്കുന്ന സ്വാതന്ത്ര്യം

കൈവിട്ടുപോകാവുന്ന അവസ്ഥ നെഞ്ചിടിപ്പോടെയാണ് കണ്ടത്. വീണ്ടും അത്തരമൊരു അവസരത്തിനു ഇടകൊടുക്കണോ? കൃത്യമായ കാഴ്ചപ്പാടുകൾ പറയാതെ വെടുങ്കു പൊട്ടിച്ചിരികൊണ്ടു ഉത്തരം പറഞ്ഞിരുന്ന വൈസ് പ്രസിഡന്റ് കമല ഹാരിസിനെ ഒരു പ്രസിഡന്റ് ആയി സങ്കല്പിക്കാനാവുമോ? ഏതായാലും ഒരാളെ തിരഞ്ഞെടുക്കാതെ തരമില്ലല്ലോ. അതാണ് ഇപ്പോൾ അമേരിക്കക്കാർ പൊതുവേ നേരിടുന്ന പ്രശനം.

ഇതുവരെയുള്ള ചരിത്രത്തിൽ തുടർച്ചയായി അല്ലാതെ തിരഞ്ഞെടുക്കപ്പെട്ട അമേരിക്കൻ പ്രസിഡന്റ് സ്റ്റീഫൻ ഗ്രോവർ ക്ലീവ്ലാൻഡ് ആണ്. ക്ലീവ്ലാൻഡ് അമേരിക്കയുടെ 22-ഉം 24-ഉം പ്രസിഡന്റായിരുന്നു, 1885 മുതൽ 1889 വരെയും 1893 മുതൽ 1897 വരെയും സേവനമനുഷ്ഠിച്ചു. ക്ലീവ്ലാൻഡ് രണ്ടാമത് മത്സരിച്ചപ്പോൾ ഒട്ടൊക്കെ ഇപ്പോഴത്തെപ്പോലെ സമാനതകളുള്ള ഒരു തിരഞ്ഞെടുപ്പുകാലം ആയിരുന്നു .1884, 1888, 1892 എന്നീ മൂന്ന് പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പുകളിൽ ക്ലീവ്ലാൻഡ് ജനകീയ വോട്ട് നേടിയെങ്കിലും, 1888- ഇൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഹാരിസൺ 233-168 എന്ന നിലയിൽ ഇലക്ടറൽ കോളേജ് വോട്ട് അനായാസം നേടി പ്രെസിഡന്റായി. പ്രധാനമായും 'ബ്ലോക്ക്സ് ഓഫ് ഫൈവ്' എന്നറിയപ്പെടുന്ന ഒരു വ്യാജ വോട്ടിംഗ് സമ്പ്രദായത്തിന്റെ ഫലമായാണ് ആ വിജയം എന്ന ആരോപണം അന്ന് ഉണ്ടായി. പിന്നെ മൂന്നാമത് ഒരു അങ്കത്തിനു ക്ലീവ്ലാൻഡ് തയ്യാറാവുകയും വിജയിക്കുകയും ചെയ്തു. ട്രംപ് വിജയിക്കുകയാണെങ്കിൽ ആ ചരിത്രമാകും ആവർത്തിക്കുക.



Grover Cleveland

ട്രംപും ഹാരിസും തികച്ചും വ്യത്യസ്ഥ നിലപാടുകളിൽ ഉറച്ചുനിൽക്കയാണ്. ഒരു സാധാരണ അമേരിക്കകാരനെ സംബന്ധിച്ച് താങ്ങാനാവാത്ത നികുതിഭാരവും പണപ്പെരുപ്പവും വല്ലാതെ അലോസരപ്പെടുത്തുന്നുണ്ട്. കണക്കുകൾ പറയുന്നത് അമേരിക്കയിലെ പണപ്പെരുപ്പം അതിന്റെ സമീപകാലത്തെ ഏറ്റവും ഉയർന്ന നിരക്കിൽ നിന്ന് ഗണ്യമായി കുറഞ്ഞു, എന്നാൽ യഥാർത്ഥ വിലകൾ ഉയർന്ന നിലയിലാണ്. ഉപഭോക്തൃ വിലകൾ നാലുപതിറ്റാണ്ടിനിപ്പുറം ഉണ്ടായതിനേക്കാൾ വേഗത്തിൽ ഉയർന്നു. പണപ്പെരുപ്പം അമേരിക്കക്കാരെ ഏറ്റവും കൂടുതൽ ബാധിച്ചത് മുട്ട, ഗ്യാസോലിൻ, കാർ ഇൻഷുറൻസ് എന്നിവയിലാണ്. പല അമേരിക്കക്കാരും നിലവിൽ പണപ്പെരുപ്പത്തെ രാജ്യത്തിന്റെ പ്രധാന പ്രശ്നങ്ങളിലൊന്നായി കാണുന്നു.

കോവിഡിനുശേഷം ഗ്രോസറിഷോപ്പിംഗ് ക്രമാതീതമായി കൂടിയത് ഇന്ധനവില കുറഞ്ഞിട്ടും ഇപ്പോഴും തുടരുന്നു എന്നതു നിത്യയാഥാർഥ്യം. കാറിനും വീടിനും എല്ലാം വലിയവില. എന്നാൽ വേതനവർധനയിൽ ചിലവിനൊപ്പം വരവും അൽപ്പം കൂടിയതുകൊണ്ടു സാധാരണക്കാരനു കാര്യങ്ങൾ മുട്ടി മുട്ടി പോകുന്നു. അൽപ്പം മിച്ചംവച്ചാൽ ഉയർന്ന ബാങ്ക് സിഡി റേറ്റ് അൽപ്പം ആശ്വാസം, സ്റ്റോക്ക് മാർക്കറ്റ് ആശങ്കകൂടാതെ പോകുന്നു. അതുകൊണ്ടു മാർക്കറ്റ് സെറ്റിൽ ചെയ്യുന്നതുവരെ പണപ്പെരുപ്പം എന്ന യാഥാർഥ്യത്തെ നിസ്സംഗതയോടെ നേരിടുകയാണ് അമേരിക്കക്കാരൻ എന്ന് തോന്നാം.

അന്തർദേശീയ കച്ചവടകാര്യത്തിൽ, ഓൺ-ദി-ബോർഡ് താരിഫുകൾ ഇല്ല എന്ന നിലപാടിലാണ് ഹാരിസ്. എന്നാൽ ചൈനയിൽ നിന്നുള്ള സ്റ്റീൽ, അലൂമിനിയം തുടങ്ങിയ ചില ടാർഗെറ്റഡ് താരിഫുകളെ അനുകൂലിക്കും. ഇറക്കുമതി ചെയ്യുന്ന എല്ലാ സാധനങ്ങൾക്കും 10% തീരുവ ചുമത്താനാണ് ട്രംപിന്റെ നിർദ്ദേശം. വ്യാപാര ഇടപാടുകളിൽ ട്രംപ് ദീർഘകാലമായി സംശയിക്കുന്നയാളാണ്. എന്നാൽ ഇത്തരം തീരുവക കുത്തനെ ഉയർത്തിയാൽ കടുത്ത വിലനൽകേണ്ടിവരുന്നത് സാധാരണ അമേരിക്കൻ ഉപഭോക്താവാണ്. അതു കമ്പോളത്തെ എങ്ങനെ ബാധിക്കും എന്ന് കാണേണ്ടിയിരിക്കുന്നു.

2020-ൽ ഒരു പ്രസിഡന്റ് സ്ഥാനാർത്ഥി എന്ന നിലയിൽ ട്രംപ് നികുതി വെട്ടിക്കുറച്ചത് മുഴുവൻ പിൻവലിക്കണമെന്ന് ഹാരിസ് ആവശ്യപ്പെട്ടു. തന്റെ ഭരണകാലത്ത്, 400,000 ഡോളറിലധികം വരുമാനമുള്ള അമേരിക്കക്കാർക്ക് ആ നികുതി ഇളവുകൾ പിൻവലിക്കാനും കോർപ്പറേറ്റ് നികുതി നിരക്ക് 21% ൽ നിന്ന് 28% ആക്കാനും ഹാരിസ് നിർദേശിക്കുന്നു. ട്രംപിന്റെ നികുതി ഇളവുകൾ സാധാരണ കുടുംബങ്ങൾക്ക് ഒരു ഭാരമായിമാറി, എന്നാൽ അത് ശതകോടീശ്വരന്മാർക്ക് അനുകൂലമായി മാറ്റുകയായിരുന്നു എന്നാണ് ഹാരിസ് വാദിക്കുന്നത്. താൻ തിരഞ്ഞെടുക്കപ്പെട്ടാൽ 'ട്രംപ് നികുതി വെട്ടിക്കുറയ്ക്കുന്നത്' തുടരും എന്നാണ് ട്രംപ് പറയുന്നത്. അത് ആർക്കു ഗുണം ചെയ്യും എന്നുകാണേണ്ടിയിരിക്കുന്നു. എന്നാൽ സാമൂഹ്യ സുരക്ഷയുടെ കാര്യത്തിൽ ഒരു മാറ്റവുമില്ലാതെ തുടരും എന്നാണ് രണ്ടു കൂട്ടരും പറയുന്നത്.

റിയൽ എസ്റ്റേറ്റ് നികുതികൾക്കുള്ള കിഴിവുകൾ കുറയ്ക്കുന്നതിലൂടെ, ട്രംപിന്റെ 2017 ലെ ടാക്സ് പ്ലാൻ ദശലക്ഷക്കണക്കിന് ആളുകളെ ദോഷകരമായി ബാധിച്ചു. അധികാര ദുർവിനിയോഗം അന്വേഷിക്കുന്ന ProPublica എന്ന ന്യൂസ്‌റൂം അഭിപ്രായപ്പെടുന്നത് ട്രംപ് കോർപ്പറേഷനുകൾക്ക് $680 ബില്യൺ സമ്മാനം നൽകി എന്നാണ്. സംസ്ഥാന, പ്രാദേശിക റിയൽ എസ്റ്റേറ്റ്, ആദായനികുതികൾ എന്നിവയ്ക്കുള്ള ഫെഡറൽ കിഴിവുകൾ പ്രതിവർഷം $10,000 ആയി പരിമിതപ്പെടുത്തുകയും ചില മോർട്ട്ഗേജ് പലിശ കിഴിവുകൾ ഇല്ലാതാക്കുകയും ചെയ്ത 2017 ലെ നികുതി നിയമം മൂലമുണ്ടായ ഭവന മൂല്യങ്ങളിലെ കുറവാണിത്. വിവിധ മേഖലകളിൽ ആഘാതം വ്യാപകമായി വ്യത്യാസപ്പെടുന്നു. ഉയർന്ന ഭവന വിലയും ഉയർന്ന റിയൽ എസ്റ്റേറ്റ് നികുതിയുമുള്ള കൗണ്ടികളും വൻകിട മോർട്ട്ഗേജുകൾ ഉള്ള ഭവന ഉടമകൾക്ക് നഷ്ടമായ നികുതി കിഴിവുകളുടെ വലിയ മൂല്യം കണക്കിലെടുക്കുമ്പോൾ, ഏറ്റവും വലിയ ഹിറ്റ് അവർ അനുഭവിക്കുന്നു.

താങ്ങാനാവുന്ന ഭവനം ഇപ്പോൾ അമേരിക്കയിലെ വലിയ പ്രശ്നമാണ്. ഭൂമിക്ക് ഏറ്റവും വിലകുറഞ്ഞ 'നഗരങ്ങളുടെയും സബർബൻ പ്രദേശങ്ങളുടെയും' ചുറ്റളവിൽ പുതിയ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ട്രംപ് ഭവന ചെലവ് കുറയ്ക്കുമെന്നു പറയുന്നു. താങ്ങാനാവുന്ന ഭവനങ്ങളിലേക്കുള്ള പ്രവേശനം വിപുലീകരിക്കുന്നതിനും ഭവനരഹിതർ കുറയ്ക്കുന്നതിനുമുള്ള ഫെഡറൽ പ്രോഗ്രാമുകൾക്കായി വാദിക്കുന്നതിൽ വൈസ് പ്രസിഡന്റായി ഹാരിസ് ഒരു പ്രധാന പങ്ക് വഹിച്ചു.

2021 ജനുവരി 6-ന് രാവിലെ ആക്രമണം നടക്കുന്നതിന് മുമ്പ്, 2021 ജനുവരി 6-ന് രാവിലെ ഹാരിസ് യുഎസ് ക്യാപിറ്റോളിൽ ഉണ്ടായിരുന്നു. പൈപ്പ് ബോംബ് കണ്ടെത്തിയ സ്ഥലത്തിന്റെ വാരങ്ങൾക്കുള്ളിൽ ഹാരിസ് വാഹനമോടിച്ചിരുന്നു. ജനുവരി 6 ന്റെ മൂന്നാം വാർഷികത്തിൽ നടത്തിയ പ്രസംഗത്തിൽ അവർ പറഞ്ഞു, 'ക്യാപ്പിറ്റൽ കലാപം ജനാധിപത്യത്തിന്റെ സ്വഭാവത്തിന്റെ 'ഇരുമുഖം' കാണിച്ചു: ആക്രമണത്തിന് വിധേയമാകുമ്പോൾ അത് വളരെ ശക്തമായിരിക്കാം, അതേസമയം അത് 'അങ്ങേയറ്റം ദുർബലമായിരിക്കും. അത് നിലനിർത്താൻ പ്രവർത്തിക്കുക'. ജനുവരി 6-ന് പ്രതികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിൽ ഹാരിസിനോ ബൈഡനോ നേരിട്ട് പങ്കുമില്ല, എന്നാൽ ബൈഡൻ ഭരണകൂടം നിയമിച്ച നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥർ അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ അന്വേഷണങ്ങളിലൊന്നായി രൂപപ്പെട്ടതിന് മേൽനോട്ടം വഹിച്ചു, നൂറുകണക്കിന് ശിക്ഷാവിധികൾ ഉറപ്പാക്കി. ദുഷ്പ്രവൃത്തികൾ മുതൽ രാജ്യദ്രോഹ ഗൂഡാലോചന വരെയുള്ള കുറ്റങ്ങൾ, കൂടാതെ പ്രോബേഷൻ മുതൽ 22

വർഷം വരെ ഫെഡറൽ ജയിൽ ശിക്ഷ വരെ, പ്രൗഡ് ബോയ്സിന്റെ നേതാവിന് നൽകപ്പെട്ടു.

ജനുവരി 6 ന്, കലാപകാരികളോട് വീട്ടിലേക്ക് പോകാൻ ആഹ്വാനം ചെയ്യുന്ന സന്ദേശത്തിൽ ക്യാപിറ്റോളിൽ എത്തിയവരെ 'വളരെ പ്രത്യേകം' എന്ന് താല്പര്യപൂർവം വിളിച്ച ട്രംപ്, ആക്രമണത്തെ വിവരിച്ചുകൊണ്ട് ഒരു ട്വീറ്റ് അയച്ചു, 'ഒരു വിശുദ്ധ, വൻതിരഞ്ഞെടുപ്പ് വിജയമാകുമ്പോൾ, അത് തട്ടിക്കൊണ്ടുപോകുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളും സംഭവങ്ങളും മാത്രമാണിത്'. ഇതൊന്നും തന്റെ കൂടെയുണ്ടായിരുന്ന വൈസ് പ്രെസിഡണ്ടോ, ക്യാബിനറ്റ് അംഗങ്ങളോ, മിക്ക റിപ്പബ്ലിക്കൻ അണികളോ പിന്താങ്ങുന്നില്ല എങ്കിൽപ്പോലും ഈ കലാപകാരികളെ 'ബന്ദികൾ' എന്നും 'അവിശ്വസനീയമായ ദേശസ്നേഹികൾ' എന്നും വിശേഷിപ്പിച്ചു. ഈ കൂട്ടരെ മാപ്പ് നൽകുമെന്ന് ട്രംപ് വാഗ്ദാനം ചെയ്യുകയും ഓഫീസിലെ തന്റെ ആദ്യ പ്രവൃത്തികളിൽ ഒന്നായി 'ജനുവരി 6 ബന്ദികളെ മോചിപ്പിക്കുമെന്ന്' പ്രതിജ്ഞ ചെയ്യുകയും ചെയ്തു. ഇനിയൊരു തോൽവി ട്രംപിന് ഉണ്ടാവുകയാണെങ്കിൽ എന്താകും അമേരിക്കയുടെ അവസ്ഥ എന്ന് ഭയപ്പെടാത്തവരായി ആരുമില്ല.

നവംബറിലെ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിന് രാജ്യത്തിന്റെയും ലോകത്തിന്റെയും ഊർജ, കാലാവസ്ഥാ നയങ്ങളിൽ നിർണായകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ബൈഡന്റെ ഇലക്ട്രിക് വാഹന ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഓട്ടോ വ്യവസായത്തിനും യുഎസ് സമ്പദ്‌വ്യവസ്ഥയ്ക്കും മൊത്തത്തിലുള്ള ഭീഷണിയായിതീർന്നു അതുകൊണ്ടു ട്രംപ് പ്രെസിഡന്റായാൽ അത്തരം ശ്രമങ്ങൾ പിൻവലിക്കുമെന്ന് പ്രതിജ്ഞയെടുത്തു. ട്രംപ് ഭരണകൂടം എമിഷൻ സംബന്ധിച്ച EPA യുടെ നിയന്ത്രണ അധികാരം വെട്ടിക്കുറച്ചേക്കാം. എന്നാൽ EPA ഉപയോഗിക്കാനുള്ള പ്രസിഡന്റ് ജോ ബൈഡന്റെ ശ്രമങ്ങൾ ഒരു ഹാരിസ് ഭരണകൂടം വിപുലീകരിക്കും. ഗ്യാസിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ സാവധാനം നിർത്തലാക്കി കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ ഹാരിസ് ശ്രമിക്കും. ഊർജ പരിവർത്തനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നത് മുതൽ, വ്യാപാര നയങ്ങളും കാലാവസ്ഥാ ലക്ഷ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ കൈകാര്യം ചെയ്യൽ, നിർണായക ധാതുക്കൾക്കായുള്ള ആഗോള മത്സരത്തിൽ ഏർപ്പെടുന്നത് വരെ, അടുത്ത പ്രസിഡന്റ് എടുക്കുന്ന തീരുമാനങ്ങൾ ലോകമെമ്പാടും പ്രതിഫലിക്കും.


ഹാരിസ് തന്റെ 2019 കാമ്പെയ്ൻ കിക്കോഫ് പ്രസംഗത്തിൽ വിദ്യാഭ്യാസം 'മൗലികാവകാശം' ആയി പ്രഖ്യാപിച്ചു, 'സാർവത്രിക പ്രീ-കെ, കടം രഹിത കോളേജ് എന്നിവ ഉപയോഗിച്ച് ഞങ്ങൾ ആ അവകാശത്തിന് ഉറപ്പ് നൽകും.' അവർ പറഞ്ഞു. വിദ്യാഭ്യാസ വകുപ്പുതന്നെ ഒഴിവാക്കാനും പ്രാദേശിക പ്രദേശങ്ങളെയും സംസ്ഥാനങ്ങളെയും വിദ്യാഭ്യാസം കൈകാര്യം ചെയ്യാൻ അനുവദിക്കാനും' ട്രംപ് ആഗ്രഹിക്കുന്നു. വിദ്യാർത്ഥികളുടെ കടാശ്വാസമായി 100 ബില്യൺ ഡോളറിലധികം നൽകാനുള്ള ബൈഡൻ ഭരണകൂടത്തിന്റെനീക്കങ്ങളെഹാരിസ്പിന്തുണച്ചിട്ടുണ്ട്, കൂടാതെ പൊതുപ്രവർത്തകർക്കുള്ള വിദ്യാർത്ഥി കടാശ്വാസത്തിന് അനുകൂലമായി പ്രത്യേകം വാദിക്കുകയും ചെയ്തു. ഒരുതരത്തിലും വിദ്യാഭ്യാസകടം എഴുതിത്തള്ളുന്നത് ട്രംപ് അനുവദിക്കില്ല.

താൻ പ്രസിഡന്റായിരുന്നെങ്കിൽ ഒക്ടോബർ ഏഴിന് ഇസ്രയേലിനെതിരെ ഹമാസ് ആക്രമണം ഉണ്ടാകുമായിരുന്നില്ല, ട്രംപ് തറപ്പിച്ചു പറയുന്നു. എന്നാൽ ഫലസ്തീനികൾക്കുള്ള ഒരു പിന്തുണയും അദ്ദേഹം നിർദ്ദേശിച്ചിട്ടില്ല. ഇസ്രയേലിനെതിരായ അദ്ദേഹത്തിന്റെ വിമർശനം പബ്ലിക് റിലേഷൻസ് ഫ്രണ്ടിലെ പോരാട്ടങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. മിഡിൽ ഈസ്റ്റിലെ സമാധാനത്തിനായുള്ള സ്വന്തം പദ്ധതി അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. ഗാസ മുനമ്പിലെ യുദ്ധത്തോടുള്ള ബൈഡൻ ഭരണകൂടത്തിന്റെ അടിസ്ഥാനപരമായ സമീപനത്തെ ഹാരിസ് പിന്തുണച്ചിട്ടുണ്ട് എന്നതാണ് പ്രധാന കാര്യം: തീവ്രത കുറയ്ക്കാൻ പ്രേരിപ്പിക്കുക, ബന്ദികളെ തിരികെ കൊണ്ടുവരുന്നത് ഉൾപ്പെടുന്ന വെടിനിർത്തൽ ബ്രോക്കറെ സഹായിക്കുക, ദ്വിരാഷ്ട്ര പരിഹാരം പ്രോത്സാഹിപ്പിക്കുക. എന്നാൽ ഇസ്രയേലിന്റെ സ്വയരക്ഷയ്ക്കും ഹമാസിന്റെ ഉന്മൂലനത്തിനും വേണ്ടി വാദിക്കുന്ന ഹാരിസ്, ബൈഡനെക്കാൾ പുരോഗമനവാദികളുമായി കൂടുതൽ യോജിക്കുന്നു എന്നതിന്റെ സൂചനകളും കാണിച്ചു.

''ഭാവി ആഗോളവാദികളുടേതല്ല. ഭാവി ദേശസ്നേഹികളുടേതാണ്,' 2019 ലെ യുഎൻ ജനറൽ അസംബ്ലിയിൽ ട്രംപ് പറഞ്ഞു, അന്താരാഷ്ട്രത്വത്തിനെതിരായ ദേശീയതയോടുള്ള തന്റെ പ്രതിബദ്ധത അടിവരയിടുന്നു. ട്രംപിന്റെ 'അമേരിക്ക ആദ്യം' എന്ന വാദം, അമേരിക്കൻ പരമാധികാരത്തെ ബാധിക്കുകയോ പണച്ചെലവ് വരുത്തുകയോ ചെയ്യുന്ന ഏതെങ്കിലും അന്താരാഷ്ട്ര ബാധ്യതകളെ സംശയിക്കുന്നു. മറ്റ് നാറ്റോ രാജ്യങ്ങൾ തങ്ങളുടെ സ്വന്തം പണം പ്രതിരോധത്തിനായി ചെലവഴിക്കാതെ യുഎസിനെ ഏല്പിച്ചിരിക്കയാണ്, അത് നടക്കില്ല എന്നു ട്രംപ് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. നാറ്റോയിൽ നിന്ന് യുഎസിനെ പിൻവലിക്കുമെന്ന് പോലും അദ്ദേഹം ഭീഷണിപ്പെടുത്തിയിട്ടുണ്ട്. യുഎസിന് 'നാറ്റോയോട് അചഞ്ചലമായ പ്രതിബദ്ധത' ഉണ്ടെന്ന് ഹാരിസ് പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ടാൽ, 24 മണിക്കൂറിനുള്ളിൽ ഉക്രെയ്‌നും റഷ്യയും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കുമെന്ന് ട്രംപ് പറഞ്ഞു. 2022 ഫെബ്രുവരിയിൽ റഷ്യൻ സൈന്യം ഉക്രെയ്നിന്റെ മുഴുവൻ പ്രദേശവും ആക്രമിക്കുന്നതിന് അഞ്ച് ദിവസം മുമ്പ് ഉൾപ്പെടെ ആറ് തവണ ഉക്രേനിയൻ പ്രസിഡന്റ് വോലോഡൈമർ സെലെൻസ്കിയുമായി ഹാരിസ് കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.

ഗർഭച്ഛിദ്ര നടപടിക്രമങ്ങളിൽ സംസ്ഥാനങ്ങളുടെ അവകാശങ്ങളെ താൻ പിന്തുണയ്ക്കുന്നുവെന്നും ഫെഡറൽ നിരോധനത്തിൽ ഒപ്പുവെക്കില്ലെന്നും ട്രംപ് പ്രഖ്യാപിച്ചു. ഗർഭച്ഛിദ്രത്തിന് നികുതിദായകർ ധനസഹായം നൽകുന്നതിനെ അദ്ദേഹം എതിർക്കുന്നു. ഗർഭച്ഛിദ്രത്തിന്റെ വിഷയത്തിൽ ഹാരിസ് സ്ത്രീകളുടെ ശരീരത്തെക്കുറിച്ചു അവർ തീരുമാനം എടുക്കാനുള്ള അവകാശത്തെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുകൾ നിരത്തിയിട്ടുണ്ട്. സുപ്രീം കോടതി എടുത്തുകളഞ്ഞ സംരക്ഷണങ്ങൾ തിരികെ കൊണ്ടുവരിക എന്നതാണ് തങ്ങളുടെ ആവശ്യം എന്ന് അവർ പറഞ്ഞു.

പ്രസിഡന്റ് എന്ന നിലയിൽ, ഇൻഷുറർമാരുടെ നിയന്ത്രണങ്ങളും കവറേജിനുള്ള സബ്സിഡിയും ഉൾപ്പെടെ, അഫൊർഡബിൾ കെയർ ആക്ട് ഇല്ലാതാക്കാൻ ട്രംപ് പോരാടി.'നമുക്കെല്ലാവർക്കും ആരോഗ്യ പരിരക്ഷ താങ്ങാൻ കഴിയുന്ന' ഭാവിക്കായി താൻ പോരാടുമെന്ന് ഹാരിസ് ജൂലൈ 25 ലെ തന്റെ കാമ്പെയ്ൻ ലോഞ്ച് വീഡിയോയിൽ പറഞ്ഞു.




മറ്റേതൊരു രാജ്യത്തേക്കാളും കൂടുതൽ കുടിയേറ്റക്കാർ അമേരിക്കയിൽ പണ്ടേ ഉണ്ടായിരുന്നു. വാസ്തവത്തിൽ, ലോകത്തിലെ അന്താരാഷ്ട്ര കുടിയേറ്റക്കാരിൽ അഞ്ചിലൊന്ന് യുഎസിലാണ്. ഈ കുടിയേറ്റക്കാർ ലോകത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നും വരുന്നവരാണ്. കുടിയേറ്റം തടയുമെന്ന് ട്രംപ് വാഗ്ദാനം ചെയ്യുന്നു. ''ബൈഡന്റെ അതിർത്തി ദുരന്തം പ്രസിഡന്റ് ട്രംപ് അടച്ചുപൂട്ടും. ക്യാച്ച് ആൻഡ് റിലീസ് അവസാനിപ്പിക്കും, അഭയ തട്ടിപ്പ് ഇല്ലാതാക്കും. സഹകരണ സംസ്ഥാനങ്ങളിൽ, അനധികൃത സംഘാംഗങ്ങളെയും കുറ്റവാളികളെയും വേഗത്തിൽ നീക്കം ചെയ്യുന്നതിൽ സഹായിക്കുന്നതിന് പ്രസിഡന്റ് ട്രംപ് നാഷണൽ ഗാർഡിനെയും പ്രാദേശിക നിയമപാലകരെയും നിയോഗിക്കും. കുടുംബ വേർപിരിയലി


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

**രാഷ്ട്രീയവും തെരഞ്ഞെടുപ്പുകളും തർക്കവിഷയമാകുമ്പോൾ, ഒരു പടി പിന്നോട്ട് പോയി, 'രാജ്യം കർത്താവിന്റേതാണ്, അവൻ രാജ്യങ്ങൾക്കിടയിൽ ഗവർണറാണ്' എന്ന ബൈബിളിൽ നിന്നുള്ള ആശ്വാസകരമായ പ്രസ്താവന പരിഗണിക്കാം. 'ഇൻ ഗോഡ് വി ട്രസ്റ്റ്' എന്നത് 1956 മുതൽ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ ഔദ്യോഗിക മുദ്രാവാക്യമാണ്, കൂടാതെ എല്ലാ യു.എസ്. കറൻസിയിലും അവ എഴുതിച്ചേർത്തിരിക്കുന്നു. God Bless America എന്നതാണ് ഓരോ അമേരിക്കക്കാരന്റെയും പ്രാർത്ഥന.**

നെ താൻ എതിർക്കുന്നുവെന്നും യുഎസ് പൗരന്മാരുടെ രേഖകളില്ലാത്ത ഇണകളെ ഗ്രീൻ കാർഡിന് അപേക്ഷിക്കാൻ അനുവദിക്കുന്നതിനെ അനുകൂലിക്കുന്നുവെന്നും ഹാരിസ് പറഞ്ഞു. കുടിയേറ്റത്തിന്റെ തോത് വല്ലാതെ ബാധിച്ചാൽ പുതിയതായി വരുന്നവരെ പിന്തിരിപ്പിക്കാൻ പ്രസിഡന്റിന് കൂടുതൽ അധികാരം നൽകണം എന്നും ഹാരിസ് പറയുന്നു.

2024 ലെ തിരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന വോട്ടർമാരുടെ മനസ്സിലെ പ്രധാന പ്രശ്നങ്ങളിലൊന്ന് അനധികൃത കുടിയേറ്റം ആയതിനാൽ, വോട്ടുചെയ്യുന്നതിന് പൗരത്വത്തിന്റെ തെളിവ് ആവശ്യപ്പെടാൻ റിപ്പബ്ലിക്കൻമാർ രാജ്യവ്യാപകമായി ശ്രമം നടത്തുന്നു. അഞ്ച് ഡെമോക്രാറ്റുകളുടെ പിന്തുണയോടെ, GOP നടത്തുന്ന ജനപ്രതിനിധി സഭ ജൂലൈയിൽ SAVE Act എന്ന ബിൽ പാസാക്കി. തന്റെ എതിരാളികൾ നിരുത്തരവാദപരമായി അനധികൃത കുടിയേറ്റക്കാരെ വോട്ട് ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നുവെന്ന് ട്രംപ് ആരോപിച്ചു. അവർക്ക് ഇംഗ്ലീഷ് സംസാരിക്കാൻ പോലും കഴിയില്ല. പ്രായോഗികമായി അവർ ഏത് രാജ്യത്താണെന്ന് പോലും അവർക്ക് അറിയില്ല, ഈ ഡെമോക്രാറ്റുകൾ അവരെ വോട്ടുചെയ്യിക്കാൻ ശ്രമിക്കുകയാണ്, ''അദ്ദേഹം പറഞ്ഞു. ഫെഡറൽ തിരഞ്ഞെടുപ്പുകളിൽ പൗരത്വം ആവശ്യമാണ്, എന്നാൽ പൗരത്വത്തിന്റെ തെളിവ് കാണിക്കേണ്ട ആവശ്യമില്ല.എന്നാൽ പതിനാറ് മുനിസിപ്പാലിറ്റികൾ തദ്ദേശ തെരഞ്ഞെടുപ്പിൽ പൗരന്മാരല്ലാത്തവരെ വോട്ട് ചെയ്യാൻ അനുവദിക്കുന്നു (according to Ballotpedia). പൗരത്വം തെളിയിക്കുന്നതിനുള്ള ആവശ്യകതകൾ പോലുള്ള നടപടികൾ വോട്ടർ അടിച്ചമർത്തലിന് കാരണമാകുമെന്ന് ചില ഡെമോക്രാറ്റുകൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. യോഗ്യരായ വോട്ടർമാർക്ക് പൗരത്വത്തിന്റെ തെളിവ് ആവശ്യകതകൾ അനാവശ്യമായ തടസ്സമായി പ്രവർത്തിക്കുന്നു. ഏകദേശം 10 അമേരിക്കക്കാരിൽ ഒരാൾക്ക് ജനന സർട്ടിഫിക്കറ്റുകളും പാസ്പോർട്ടുകളും പോലുള്ള രേഖകൾ കാണിക്കാൻ സാധിക്കില്ല എന്ന് അവർ പറയുന്നു.

1980-ലെ അഭയാർത്ഥി നിയമം പാസാക്കിയതുമുതൽ, അഭയാർത്ഥികളെ സഹായിക്കുന്നതിൽ ഫെഡറൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വലിയ താൽപ്പര്യമുണ്ട്. കഴിഞ്ഞ വർഷം ആരംഭിച്ച വെൽക്കം കോർപ്സ്, അഭയാർത്ഥികളെ അവരുടെ ആദ്യത്തെ 90 ദിവസത്തേക്ക് സാമ്പത്തികമായും ലോജിസ്റ്റിപരമായും പിന്തുണയ്ക്കുന്നു. പ്രസിഡന്റ് ബരാക് ഒബാമയുടെ കീഴിൽ 2016 സാമ്പത്തിക വർഷത്തിൽ 85,000 ആയിരുന്ന അഭയാർത്ഥി പ്രവേശനത്തിനുള്ള പരിധി 80% ട്രംപ് കുറച്ചു. ഇത് തല്ക്കാലം നിറുത്തിവയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡന്റ്, ജോ ബൈഡൻ, പുനർനിർമ്മാണം മാത്രമല്ല, ഇത് വികസിപ്പിക്കാനും പ്രതിജ്ഞയെടുത്തു. 2022 സാമ്പത്തിക വർഷത്തേക്ക് അഭയാർത്ഥി പ്രവേശന പരിധി 125,000 ആയി നിശ്ചയിച്ചു. അത് അമേരിക്കയുടെ മാനുഷീക മുഖമായി. അതായിരിക്കണം ഹാരിസ് പിന്തുടരുന്നത്.




കഠിനാധ്വാനത്തിലൂടെയും നിശ്ചയദാർഢ്യത്തിലൂടെയും ആർക്കും അമേരിക്കയിൽ വിജയം നേടാനാകുമെന്ന ആശയത്തെ വിവരിക്കാൻ ഉപയോഗിക്കുന്ന ഒരു നൂറ്റാണ്ട് പഴക്കമുള്ള വാക്യമാണ് 'അമേരിക്കൻ സ്വപ്നം '.41% പേർ പറയുന്നത് അമേരിക്കൻ സ്വപ്നം ഒരു കാലത്ത് ആളുകൾക്ക് സാക്ഷാത്കരിക്കാൻ സാധ്യമായിരുന്നു - എന്നാൽ ഇനി അങ്ങനെയല്ല. അടുത്തിടെ നടത്തിയ പ്യൂ റിസർച്ച് സെന്റർ സർവേ പ്രകാരം ഇത് ഒരിക്കലും സാധ്യമല്ലെന്ന് 6% പേർ പറയുന്നു.

കഴിഞ്ഞ 100 വർഷങ്ങളിൽ, യുഎസ് ഫെഡറൽ കടം 1924þÂ $394 ആൽ നിന്ന് 2024-ൽ $35.46 T ആയി വർദ്ധിച്ചു. ട്രംപ് ആണെങ്കിലും ഹാരിസ് ആണെങ്കിലും കടം കൂടുകയല്ലാതെ കുറയുകയില്ലെന്നും ഫെഡറൽ ബജറ്റ് അടുത്തകാലത്തൊന്നും ബാലൻസ്ഡ് ആകില്ലെന്നും ഉറപ്പുള്ളത് ഓരോ അമേരിക്കകാരനുമാണ്. പ്രസിഡന്റ് ബിൽ ക്ലിന്റന്റെ കീഴിൽ ഫെഡറൽ ബജറ്റിൽ അവസാനമായി മിച്ചം വന്നത് 2001ലാണ്. എന്തായാലും കാത്തിരുന്ന് കാണാം.

രാഷ്ട്രീയവും തെരഞ്ഞെടുപ്പുകളും തർക്കവിഷയമാകുമ്പോൾ, ഒരു പടി പിന്നോട്ട് പോയി, 'രാജ്യം കർത്താവിന്റേതാണ്, അവൻ രാജ്യങ്ങൾക്കിടയിൽ ഗവർണറാണ്' എന്ന ബൈബിളിൽ നിന്നുള്ള ആശ്വാസകരമായ പ്രസ്താവന പരിഗണിക്കാം. 'ഇൻ ഗോഡ് വി ട്രസ്റ്റ്' എന്നത് 1956 മുതൽ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ ഔദ്യോഗിക മുദ്രാവാക്യമാണ്, കൂടാതെ എല്ലാ യു.എസ്. കറൻസിയിലും അവ എഴുതിച്ചേർത്തിരിക്കുന്നു. God Bless America എന്നതാണ് ഓരോ അമേരിക്കക്കാരന്റെയും പ്രാർത്ഥന.

സ്പ്രിങ്ക്ളർ ജോലിക്കുവന്ന തടിയൻ ജോൺ വീണ്ടും പ്രത്യക്ഷപ്പെട്ടു. അയാളുടെ മാല കാണാനില്ലന്ന് , അത് ഇവിടെയെങ്ങാനും വീണിട്ടുണ്ടോ എന്നു നോക്കാനാണ് വന്നതെന്നു പറഞ്ഞു. അയാൾ അവിടവിടെയായി നോക്കി, കുരിശു ലോക്കറ്റ് കണ്ടുകിട്ടി, അതു കെട്ടിയിരുന്ന ചെയിൻ കാണാനില്ല എന്നുപറഞ്ഞു, യാത്ര പറഞ്ഞു പോയി. അപ്പോഴും അയാളുടെ വണ്ടിയുടെ പിറകിലെ ട്രംപ് പതാക പാറിപ്പറന്നു, 'മേയ്ക്ക് അമേരിക്ക ഗ്രേറ്റ് എഗൈൻ' എന്ന വാചകം അതിൽ തെളിഞ്ഞു നിന്നു.


HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Discover
a New You at
TOTAL MEDICAL 360 LLC.
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# ജനവിധി എന്തായാലും പ്രസിഡന്റിനെ തീരുമാനിക്കുന്നത് ഇലക്ടറൽ കോളജ്




അമേരിക്കയിലെ പ്രസിഡൻഷ്യൽ ഇലക്ഷൻ അടുത്തുവരികയാണ്. ഇന്ത്യയും അമേരിക്കയും ജനാധിപത്യ രാജ്യങ്ങളാണെങ്കിലും രീതികൾ വ്യത്യസ്തമാണ്. ഇന്ത്യയിൽ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടുന്ന കക്ഷി പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുമ്പോൾ അമേരിക്കയിൽ നേരിട്ടുള്ള വോട്ടിങ്ങിലൂടെ ജനങ്ങൾ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നു.

എന്നാൽ പ്രസിഡന്റാകുന്നത് ജനങ്ങളുടെ വോട്ടിന്റെ ഭൂരിപക്ഷം നേടിയതു കൊണ്ടല്ല. മറിച്ച്, 50 സ്റ്റേറ്റുകളിലും ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയയിലും ഇലക്ടറൽ വോട്ടുകൾ അനുവദിക്കുന്ന ഇലക്ടറൽ കോളേജ് എന്ന സംവിധാനത്തിലൂടെയാണ്. നവംബർ 5ന് വൈസ് പ്രസിഡന്റ് കമലാ ഹാരിസും റിപ്പബ്ലിക്കൻ ഡൊണാൾഡ് ട്രംപും അങ്കത്തട്ടിൽ കയറുമ്പോൾ അമേരിക്കയിലെ തിരഞ്ഞെടുപ്പ് സംവിധാനത്തെക്കുറിച്ചും അനുബന്ധ നിയമങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്.

എന്താണ് ഇലക്ടറൽ കോളജ്?

പോളിംഗ് ബൂത്തിൽ പോയി വോട്ട് രേഖപ്പെടുത്തുമ്പോൾ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥികളുടെ പേരുകൾ മാത്രമേ നമ്മൾ ഗൗനിക്കൂ. എന്നാൽ വോട്ടർമാർ വോട്ട് ചെയ്യുന്നത് ഇവർക്കുവേണ്ടി മാത്രമല്ല. 'സ്ലേറ്റ്' എന്ന് വിശേഷിപ്പിക്കുന്ന ഒരു കൂട്ടം സ്ഥാനാർഥികളിലേക്കാണ് ഈ വോട്ട് ചെന്നെത്തുന്നത്. ദേശീയതലത്തിൽ ആകെ 538 ഇലക്ടറൽ വോട്ടുകൾ അഥവാ ഇലക്ടർമാർ ആണുള്ളത്. ഒരു സ്ഥാനാർത്ഥി വിജയിക്കാൻ 270 ഉറപ്പാക്കേണ്ടതുണ്ട്.

ഇലക്ടർമാർ സാധാരണയായി പാർട്ടി വിശ്വസ്തരാണ്. സ്റ്റേറ്റിൽ ഏറ്റവും കൂടുതൽ വോട്ട് നേടുന്ന സ്ഥാനാർത്ഥിയെയാണ് ഇലക്ടർമാർ പിന്തുണയ്ക്കുക. ഓരോ ഇലക്ടറും ഇലക്ടറൽ കോളജിൽ ഒരു വോട്ടിനെ പ്രതിനിധീകരിക്കുന്നു. 2020-ൽ, പ്രസിഡന്റ് ജോ ബൈഡൻ 306 ഇലക്ടറൽ വോട്ടുകൾ നേടിയാണ് 232 ഇലക്ടറൽ വോട്ടുകൾ നേടിയ ട്രംപിനെ പരാജയപ്പെടുത്തിയത്. പ്രസിഡന്റിനെ തിരഞ്ഞെടുക്കേണ്ടത് കോൺഗ്രസ് ആണോ ജനകീയ വോട്ടിലൂടെ ആയിരിക്കണോ എന്നതുസംബന്ധിച്ച് നടന്ന ചർച്ചയിൽ, രാജ്യത്തിന്റെ സ്ഥാപകർ എത്തിച്ചേർന്ന ഒത്തുതീർപ്പാണ് യു.എസ്. ഭരണഘടന അനുശാസിക്കുന്ന ഈ സമ്പ്രദായം.

ഓരോ സ്റ്റേറ്റിലെയും ഇലക്ടർമാരുടെ എണ്ണം തുല്യമായിരിക്കുമോ?

അല്ല. ഓരോ സ്റ്റേറ്റിലുമുള്ള കോൺഗ്രസ് അംഗങ്ങളുടെയും സെനറ്റർമാരുടെയും എണ്ണത്തിന് അനുസൃതമായിരിക്കും ഇലക്ടർമാരുടെ എണ്ണം. ഓരോ സ്റ്റേറ്റിനും രണ്ട് സെനറ്റർമാരുണ്ട്, എന്നാൽ ഹൗസിലെ സീറ്റുകളുടെ വിഹിതം ജനസംഖ്യയെ അടിസ്ഥാനമാക്കി വ്യത്യസ്തമായിരിക്കും. ഏറ്റവും ജനസംഖ്യയുള്ള സംസ്ഥാനമായ കാലിഫോർണിയയിൽ 54 ഇലക്ടർമാരുണ്ട്. ജനസംഖ്യ കുറഞ്ഞ ആറ് സംസ്ഥാനങ്ങൾക്കും കൊളംബിയ ഡിസ്ട്രിക്റ്റിനും മൂന്ന് ഇലക്ടറൽ വോട്ടുകൾ മാത്രമേയുള്ളൂ.

ഒരു സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ഇലക്ടറൽ വോട്ടുകൾ മൂന്നാണ്. ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള സ്റ്റേറ്റായ വയോമിംഗിലെ ഒരു ഇലക്ടറൽ വോട്ട് ഏകദേശം 192,000 ആളുകളെ പ്രതിനിധീകരിക്കുന്നു. അതേസമയം ഏറ്റവും കുറവ് പ്രാതിനിധ്യമുള്ള സംസ്ഥാനങ്ങളിലൊന്നായ ടെക്സസിലെ ഒരു ഇലക്ടറൽ വോട്ട് ഏകദേശം 730,000 ആളുകളെ പ്രതിനിധീകരിക്കുന്നു. രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ളവയിൽ ജനകീയ വോട്ട് നേടുന്നയാൾക്കു

പ്രതിനിധികൾ വോട്ട് ചെയ്യണം. വലിയ മാർജിനിൽ വിജയിക്കുന്നതും കേവലം ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിക്കുന്നതും ഒരു പോലെയാണ്. അതിനാൽ പ്രചാരണങ്ങൾ ഓരോ സംസ്ഥാനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ച് നടത്തും. ഒരു നേരിയ ചലനംകൊണ്ട് എല്ലാ ഇലക്ടറൽ വോട്ടുകളും പെട്ടിയിൽ ആകും. നിലവിലെ തിരഞ്ഞെടുപ്പിൽ യുദ്ധഭൂമികൾ എന്നു വിളിക്കപ്പെടുന്ന അരിസോണ, ജോർജിയ, മിഷിഗൺ, നോർത്ത് കരോലിന, നെവാഡ, പെൻസിൽവാനിയ, വിസ്കോൺസിൻ എന്നിവിടങ്ങളിലാണ് കനത്ത പോരാട്ടം ഉണ്ടാവുക.

ജനകീയ ഭൂരിപക്ഷം വോട്ട് നേടിയാലും സ്ഥാനാർത്ഥി തോൽക്കുമോ?

തോൽക്കാം. 2000-ൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ജോർജ്ജ് ഡബ്ല്യു. ബുഷും 2016-ൽ ട്രംപും ജനകീയ വോട്ടിന്റെ അടിസ്ഥാനത്തിൽ പരാജിതരായിരുന്നു. അവർ പ്രസിഡന്റ് സ്ഥാനത്തെത്തിയത് ഇലക്ടറൽ വോട്ടിലൂടെയാണ്. 1800-കളിൽ ഇങ്ങനെ മൂന്ന് തവണ സംഭവിച്ചു. ഇത് ഈ സംവിധാനത്തിന്റെ പ്രധാന പോരായ്മയായി വിമർശകർ പലപ്പോഴും ഉദ്ധരിക്കാറുണ്ട്. വലിയ നഗരങ്ങളിൽ പിന്തുണ ആവശ്യപ്പെടുന്നതിനുപകരം വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വോട്ട് തേടാൻ ഇത് സ്ഥാനാർത്ഥികളെ പ്രേരിപ്പിക്കുന്നുവെന്നാണ് ഇലക്ടറൽ കോളജിന്റെ വക്താക്കൾ പറയുന്നത്.

ഇലക്ടർമാർ എപ്പോഴാണ് വോട്ട് ചെയ്യുന്നത്?

ഔദ്യോഗികമായി വോട്ട് രേഖപ്പെടുത്താനും ഫലം കോൺഗ്രസിന് അയയ്ക്കാനും ഇലക്ടർമാർ ഡിസംബർ 17-ന് യോഗം ചേരും. ആ വോട്ടുകൾ ജനുവരി 6 ന് കോൺഗ്രസ് ഔദ്യോഗികമായി കണക്കാക്കും. ജനുവരി 20 ന് പ്രസിഡന്റ് സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്യും.


ഇലക്ടർമാർ എപ്പോഴെങ്കിലും കൂറുമാറാറുണ്ടോ ?

പൊതുവേ, ഇലക്ടേഴ്സ് മീറ്റിംഗ് വെറുമൊരു ചടങ്ങാണ്. അതത് സംസ്ഥാനങ്ങളിൽ വിജയിച്ച സ്ഥാനാർത്ഥിക്ക് റബ്ബർ സ്റ്റാമ്പ് വോട്ട് ചെയ്യുന്നതിനായി അവർ ഒത്തുചേരും. എന്നാൽ 2016-ൽ, 538 ഇലക്ടർമാരിൽ ഏഴ് പേരും തങ്ങളുടെ വോട്ട് രേഖപ്പെടുത്തിയത് അവരുടെ സംസ്ഥാനത്ത് വിജയിച്ചയാൾക്കല്ല. ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായ ഹിലരി ക്ലിന്റനെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച ഏഴ് ഇലക്ടർമാരിൽ മൂന്ന് പേർ മുൻ യുഎസ് സ്റ്റേറ്റ് സെക്രട്ടറി കോളിൻ പവലിന് വോട്ട് ചെയ്തതുകൊണ്ട് ആ തെരഞ്ഞെടുപ്പിൽ ട്രംപ് ആത്യന്തികമായി വിജയിച്ചു. നാഷണൽ കോൺഫറൻസ് ഓഫ് സ്റ്റേറ്റ് ലെജിസ്ലേച്ചേഴ്സിന്റെ അഭിപ്രായത്തിൽ, ഇലക്ടർമാരുടെ കൂറുമാറൽ തടയാൻ 33 സ്റ്റേറ്റുകളിലും ഡിസ്ട്രിക്ട് ഓഫ് കൊളംബിയയിലും ക്രിമിനൽ പെനാൽറ്റികൾ ഉൾപ്പെടുന്ന നിയമങ്ങളുണ്ട്.

ഇരുകൂട്ടർക്കും ലഭിക്കുന്ന വോട്ടിന്റെ എണ്ണം തുല്യമായാൽ?

269-269 എന്ന നിലയിൽ ഫലം വരാനുള്ള സാധ്യതയുണ്ടെന്നത് സിസ്റ്റത്തിന്റെ ഒരു പോരായ്മയായാണ് രാഷ്ട്രീയ നിരീക്ഷകർ കണക്കാക്കുന്നത്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ, യു.എസ്. ഭരണഘടനയുടെ 12-ാം ഭേദഗതി ആവശ്യപ്പെടുന്ന പ്രകാരം, പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധി സഭ (ഹൗസ്), ഓരോ സംസ്ഥാനവും ഒരു യൂണിറ്റായി വോട്ട് ചെയ്തുകൊണ്ട് പ്രസിഡന്റ് സ്ഥാനത്തിന്റെ വിധി തീരുമാനിക്കും. നിലവിൽ, 26 സംസ്ഥാന പ്രതിനിധികൾ റിപ്പബ്ലിക്കൻമാരുടെ നിയന്ത്രണത്തിലും 22 പേർ ഡെമോക്രാറ്റുകളുടെ നിയന്ത്രണത്തിലുമാണ്. മിനസോട്ട, നോർത്ത് കരോലിന എന്നീ സംസ്ഥാനങ്ങൾ ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ അംഗങ്ങൾക്കിടയിൽ കെട്ടുപിണഞ്ഞുകിടക്കുന്നു.




HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# കലാലയത്തിന്റെ ഇടനാഴികളിലെ സൗഹൃദത്തിന്റെ സുഗന്ധം വിതറി അമിക്കോസ് സമ്മേളനം വേറിട്ട അനുഭവമായി




**ഷാജി രാമപുരം**

ഡാളസ് : തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന ആയ അസോസിയേഷൻ ഓഫ് മാർ ഇവാനിയോസ് കോളേജ് ഓൾഡ് സ്റ്റുഡൻസ് (അമിക്കോസ് ) നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര കൺവെൻഷനും, എഴുപത്തിയഞ്ചാം വാർഷിക സമ്മേളനവും ടെക്സാസിലെ ഹിൽട്ടൺ ഗാർഡൻ ഇൻ ഡങ്കൻവില്ലെയിൽ വെച്ച് നടത്തപ്പെട്ടതിന്റെ സമാപന തിരശീല വീണപ്പോൾ മാർ ഇവാനിയോസ് കലാലയത്തിന്റെ ഇടനാഴികളിലെ സൗഹൃദത്തിന്റെ പഴയക്കാല ഓർമ്മകളുടെ സുഗന്ധം വിതറിയ ഒരു വേറിട്ട അനുഭവമായി മാറി.

1949-ൽ രൂപീകൃതമായ മാർ ഇവാനിയോസ് കോളേജ് കേരളത്തിന്റെ അക്കാദമി രംഗ







ത്തും , സാംസ്കാരിക രംഗത്തും മികവിന്റെ ഒരു പര്യായമാണ്. കാലത്തിനപ്പുറം കലാലയത്തിനുമപ്പുറം 'എന്ന ടാഗ് ലൈനിനെ ആസ്പദമാക്കി നടത്തപ്പെട്ട സമ്മേളനം ഒരു ഒത്തുചേരൽ എന്നതിനപ്പുറം കോളേജിലെ പൂർവ്വ വിദ്യാർത്ഥികളിൽ ഇപ്പോഴും ആഴത്തിൽ വേരോടുന്ന മധുരമേറിയ ഓർമ്മകളെ പുതുക്കുവാനും പുതിയ വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയായതായി സമ്മേളനത്തിൽ പങ്കെടുത്തവർ സാക്ഷ്യപ്പെടുത്തി.



അമിക്കോസ് രക്ഷാധികാരിയും, കാതലിക്ക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റും, മലങ്കര കത്തോലിക്ക സഭയുടെ ബത്തേരി രൂപതയുടെ അധ്യക്ഷനും, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് മുൻ അധ്യാപകനും, പ്രമുഖ ധനതത്വശാസ്ത്ര പണ്ഡിതനുമായ ബിഷപ് ഡോ.ജോസഫ് മാർ തോമസ് രാജ്യാന്തര സമ്മേളനം ഉത്ഘാടനം ചെയ്തത്. ചടങ്ങിൽ മുൻ ഡിജിപി ഋഷിരാജ് സിംഗ് ഐ പി എസ്, ചലച്ചിത്ര താരങ്ങളായ നന്ദു, സാബു തിരുവല്ല, ഡിനി എലിസബത്ത് ദാനിയേൽ, പ്രമുഖ ന്യൂറോ സർജൻ ഡോ.അരുൺ ഉമ്മൻ (എറ

ണാകുളം ), എഴുത്തുകാരിയും കവിയുമായ ത്രേസ്യാമ്മ നാടാവള്ളിൽ ,ഗായകനും സംഗീത സംവിധയകനുമായ ഡോ. രജു ജോസഫ് (കൊച്ചി )തുടങ്ങിയർ മുഖ്യാതിഥികൾ ആയിരുന്നു.

ഡാളസിലെ ഡങ്കൻവില്ലേ സിറ്റി മേയർ ഗ്രേഗ് കോൺട്രേറസ് , ഫൊക്കാന സ്ഥാപകാംഗവും അമികോസ് വൈസ്. പ്രസിഡന്റുമായ ഡോ. അനിരുദ്ധൻ , ഫാ. സജി മുക്കൂട്ട് (അറ്റ്ലാന്റാ),വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൺ പ്രസിഡന്റ് ജോൺസൺ തലച്ചെല്ലൂർ , ഡോ. ജോഷി ജേക്കബ് (അറ്റ്ലാന്റാ), ഡോ. മാത്യു ടി.തോമസ് (വാഷിംഗ്ടൺ), ഡോ.ജേക്കബ് ഈപ്പൻ (കാലിഫോർണിയ), ഡോ.സുരേഷ് സാമുവേൽ (ലണ്ടൻ), ജോർജ്എസ്.ജോർജ് (മെൽബോൺ), സാജൻ പോൾ (കൊച്ചി) തുടങ്ങിയവരെ കൂടാതെ അമേരിക്കയിലെ വിവിധ സാമൂഹിക സാംസ്കാരിക നേതാക്കളും സമ്മേളനത്തിൽ പങ്കെടുത്തു.

സമാപന സമ്മേളനം അമിക്കോസ് പ്രസിഡന്റും, മുൻ കേരള സംസ്ഥാന ചീഫ് സെക്രട്ടറിയും, പ്രമുഖ സാഹിത്യകാരനും, കവിയുമായ കെ.ജയകുമാർ ഐ എ എസ് ഉത്ഘാടനം ചെയ്തു. മൂന്ന് ദിവസം നടന്ന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ വിവിധ കലാപരിപാടികളിൽ സ്ത്രീകൾ തുഴഞ്ഞ ചുണ്ടൻ വള്ളവും, നാടൻ കലാരൂപമായ വില്ലടിച്ചൻ പാട്ടും, മാവേലി തമ്പുരാന്റെ എഴുന്നള്ളത്തും ,ഗസ്സൽ ഗാനമേളയും, വിവിധ അമേരിക്കൻ കലാരൂപങ്ങളും ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

ഡോ. നീനാ ഈപ്പൻ (മെരിലാൻഡ് ), അനീഷ ജോൺ എന്നിവർ സമ്മേളനത്തിന്റെ എം.സി മാരായി പ്രവർത്തിച്ചു. അമിക്കോസ് അന്താരാഷ്ട്ര കൺവെൻഷന്റെ പ്രസിഡന്റ് സാബു തോമസ്(ചിക്കാഗോ ), കൺവീനർ ജിമ്മി കുളങ്ങര (ഡാളസ് ), കോ - കൺവീനർ സുജൻ കാക്കനാട്ട് (ഹ്യുസ്റ്റൺ ) എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ കമ്മറ്റിയാണ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്.














www.isaac4assembly90.com
EVERYONE WINS WITH ISAAC
JOHN ISAAC WILL END SANCTUARY POLICIES
John Isaac will repeal the radical laws Nader Sayegh rubber-stamped that made New York less safe by welcoming violent gangs from Central and South America, costing taxpayers $5 billion on hotels and debit cards for illegal migrants
Policies
JOHN ISAAC
For New York State Assembly 90th District Yonkers
2024 ELECTION CYCLE
Early In Person Voting
Saturday Oct. 26 to Sunday Nov. 03
Daily Time 10 am to 6 pm
Election day - Tuesday Nov. 05, 2024
"Paid by Friends Of John Isaac"

# ഭാരത് ബോട്ട് ക്ലബ്ബിന്റെ ഫാമിലി നൈറ്റ് വർണ്ണാഭമായി




ന്യൂയോർക്ക്: ഭാരത് ബോട്ട് ക്ലബ്ബിന്റെ ഫാമിലി നൈറ്റ് ഓറഞ്ച്ബർഗിലുള്ള സിത്താർ പാലസ് റസ്റ്റോറന്റിൽ വെച്ച് ഒക്ടോബർ 19 ശനിയാഴ്ച വൈകിട്ട് 5.30 മുതൽ വിപുലമായ പരിപാടികളോടെ നടക്കുകയുണ്ടായി.

സെക്രട്ടറി വിശ്വനാഥൻ കുഞ്ഞുപിള്ള സ്വാഗതം ആശംസിക്കുകയും കോഓർഡിനേറ്റർമാരായ രാധാകൃഷ്ണൻ കുഞ്ഞുപിള്ള, ചെറിയാൻ വി കോശി, അജീഷ് നായർ, വിശാൽ വിജയൻ എന്നിവരെ പരിചയപ്പെടുത്തുകയും ചെയ്തു. രോഹിത് രാധാകൃഷ്ണൻ അമേരിക്കൻ ദേശീയഗാനവും ജിയാ രാജേഷ് വന്ദേമാതരവും ആലപിച്ചുകൊണ്ട് പരിപാടികൾക്ക് പ്രാരംഭം കുറിച്ചു.

പ്രസിഡന്റ് ചെറിയാൻ വി കോശി ബോട്ട് ക്ലബ്ബിന്റെ പ്രവർത്തനത്തെ വിലയിരുത്തുകയും ക്വീൻസിൽ ഓണത്തിനോടനുബന്ധിച്ചു നടന്ന മത്സര വള്ളം കളിയിൽ വിജയം വരിച്ച ഭാരത് ബോട്ട് ക്ലബ്ബിന്റെ തുഴച്ചിൽക്കാരെ അഭിനന്ദിക്കുകയും ചെയ്തു.

ട്രസ്റ്റീ ബോർഡ് ചെയർമാൻ സജു എബ്രഹാം ടീമംഗങ്ങളെ അനുമോദിക്കുകയും കൂടുതൽ യുവാക്കളെ ടീമിലേക്ക് കൊണ്ടുവരണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്നു പ്രസിഡന്റ് ചെറിയാൻ വി കോശി, ട്രസ്റ്റി ബോർഡ് ചെയർമാൻ സജു എബ്രഹാം, മുഖ്യാതിഥി ലെജിസ്ലേറ്റർ ഡോ ആനി പോൾ, സെക്രട്ടറി വിശ്വനാഥൻ കുഞ്ഞുപിള്ള, ട്രഷറർ വിശാൽ വിജയൻ, ടീം മാനേജർ സാബു വർഗീസ്, ടീം ക്യാപ്റ്റൻ രാധാകൃഷ്ണൻ കുഞ്ഞുപിള്ള എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചു.

മുഖ്യാതിഥി ഡോ. ആനി പോൾ തന്റെ പ്രസംഗത്തിൽ ഭാരത് ബോട്ട് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വളരെ അഭിനന്ദനാർഹവും സമൂഹത്തിലെ എല്ലാ ആളുകളിലും ഐക്യം ഉണ്ടാകുവാൻ ഒരു കാരണമായിത്തീരുമെന്നും പറഞ്ഞു. റോക്ക്ലാൻഡിൽ ഒരു വള്ളം കളി മത്സരം ഭാരത് ബോട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചാൽ അതിനു വേണ്ട എല്ലാ സഹായവും ചെയ്തു തരാമെന്ന് അവർ ഉറപ്പ് നൽകി.

ജിയ രാജേഷ്, ജയകുമാർ, രജനി ജയകുമാർ എന്നിവർ മനോഹരങ്ങളായ ഗാനങ്ങൾ ആലപിച്ചപ്പോൾ ജയപ്രകാശ് നായർ ഒരു കവിതയുമായി രംഗത്തു വന്നു. ന്യൂജേഴ്സിയിൽ നിന്നുള്ള പ്രഭ ഹരിയും ടീമും, ഗീതാഞ്ജലി വിശാൽ, ശിൽപ്പ രാധാകൃഷ്ണൻ, ഇവാനിയ, അമേലിയ എന്നിവരുടെ നൃത്തനൃത്യങ്ങളും സദസ്സിന്റെ മനം കവർന്നു.

നടൻ, മിമിക്രി കലാകാരൻ, നാടൻ പാട്ടുകാരൻ എന്നീ നിലകളിൽ സുപ്രസിദ്ധനായ വിപിൻ കുമാർ കാഴ്ച്ച വെച്ച പരിപാടികളെല്ലാം തന്നെ ഒന്നിനൊന്ന് മികച്ചതായിരുന്നു. അദ്ദേഹവും രാധാകൃഷ്ണൻ കുഞ്ഞുപിള്ളയും ചേർന്ന് കലാഭവൻ മണിയെ അനുസ്മരിച്ചുകൊണ്ട് പാടിയ നാടൻ പാട്ടുകൾ വളരെ ഹൃദ്യമായിരുന്നു.

രോഹിത് രാധാകൃഷ്ണൻ, നവനീത് കൃഷ്ണരാജ്, ദേവ് ജയകുമാർ, ധീരജ് ജയകുമാർ എന്നിവർ ചേർന്ന് നടത്തിയ മ്യൂസിക്കൽ ബാന്റ് വളരെ മികച്ചതായിരുന്നു.

നാട്ടിലും അമേരിക്കയിലും മത്സര വള്ളം കളികളിൽ പങ്കെടുത്തിട്ടുള്ള ഫ്രാൻസിസ് എബ്രഹാമിനെ വിശാൽ വിജയൻ സദസിനു പരിചയപ്പെടുത്തുകയും, ട്രസ്റ്റീ ബോർഡ് ചെയർമാൻ സജു എബ്രഹാം അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

ധനശേഖരണാർത്ഥം സംഘടിപ്പിച്ച റാഫിൾ നറുക്കെടുപ്പിൽ ജോൺ കുസുമാലയം, സുരേഷ് നായർ, സ്പോൺസർ കൂടിയായ ഗ്ലോബൽ കൊളിഷനിലെ ചാക്കോ, ഹരികൃഷ്ണൻ സി നായർ, കാശിനാഥൻ നായർ എന്നിവർ യഥാക്രമം ഒന്നു മുതൽ അഞ്ചു വരെയുള്ള സ്ഥാനങ്ങൾക്കുള്ള സമ്മാനങ്ങൾ നേടി. മലയാളികളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കോങ്കേഴ്സിലുള്ള ഗ്ലോബൽ കൊളീഷൻ ആൻഡ് ബോഡി വർക്സ് ആയിരുന്നു പ്രധാന സ്പോൺസർ.

ക്യാപ്റ്റൻ രാധാകൃഷ്ണൻ കുഞ്ഞുപിള്ളയുടെ നേതൃത്വത്തിൽ ഭാരത് ബോട്ട് ക്ലബ്ബിന്റെ ടീമിന്റെ വഞ്ചിപ്പാട്ട് പരിപാടികൾക്ക് മാറ്റുകൂട്ടി. ജോയിന്റ് സെക്രട്ടറി ചെറിയാൻ ചക്കാലപ്പടിക്കലിന്റെ കൃതജ്ഞതാ പ്രസംഗത്തിനുശേഷം എല്ലാവരും ചേർന്നുള്ള ഭാരതത്തിന്റെ ദേശീയ ഗാനാലാപനത്തോടെ ചടങ്ങുകൾ പര്യവസാനിച്ചു. രാധാകൃഷ്ണൻ കുഞ്ഞുപിള്ളയും ഗീതാഞ്ജലി വിശാലും എം സി മാരായി പ്രവർത്തിച്ചു.

റിപ്പോർട്ട്: ജയപ്രകാശ് നായർ
















# ഞാൻ അറിഞ്ഞിരുന്ന എം എസ് ടി



**ഏബ്രഹാം തോമസ്**

വർഷങ്ങളായി വളരെ അടുത്ത ഹൃദയബന്ധം ഉണ്ടായിരുന്ന ചില സുഹൃത്തുക്കൾ അടുത്ത കാലത്തു നമ്മെ വിട്ടു പോയി. അവരെ കുറിച്ച് ചില മാധ്യമസുഹൃത്തുക്കൾ എഴുതിയ അനുസ്മരണങ്ങൾ കൂടുതൽ വിഷമം ഉണ്ടാക്കി. അടുത്തറിഞ്ഞ ചില കാര്യങ്ങളിൽ എങ്കിലും വ്യക്തത വരുത്തണമെന്ന് ആഗ്രഹിച്ചെങ്കിലും പല കാരണങ്ങളാൽ കഴിഞ്ഞില്ല.

ഡോക്ടർ എം എസ് ടി നമ്പൂതിരിയുമായി വളരെ അടുത്ത ആത്മ ബന്ധം മുറിഞ്ഞു പോകാതെ സൂക്ഷിക്കുവാൻ കഴിഞ്ഞ 30 ൽ ഏറെ വർഷമായി എനിക്ക് കഴിഞ്ഞു. നോർത്ത് ടെക്സസിലെ മലയാളി സാമൂഹ്യ, സാംസ്കാരിക, (രാഷ്ട്രീയ) രംഗങ്ങളിൽ 30 വർഷമായി കാണുന്ന പുറം മോടിയും, കുത്തിത്തിരുപ്പും, പരദൂഷണവും, പാരവയ്പ്പും, അനിയന്ത്രിതമായ സംഘടനാ ഭരണവും അവയ്ക്ക് റാൻ മൂളി സാധാരണക്കാരുടെ മേൽ കുതിര കയറുന്ന ശിങ്കിടികളും നിറഞ്ഞാടുന്ന വർഷങ്ങളിൽ ആത്മബന്ധങ്ങൾ മുറിഞ്ഞു പോകാതിരിക്കുന്നത് വളരെ വിരളമാണ്.

ഒരു സാധാരണ മനുഷ്യൻ, അടുത്തവനെ ബഹുമാനിക്കുന്ന വ്യകതി, തനിക്കു വ്യക്തമായി അറിയാവുന്ന കാര്യങ്ങളിൽ മാത്രം അഭിപ്രായം പറയുകയും, അറിവ് കൂട്ടാൻ എപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നാണ് എനിക്ക് എം എസ് ടി യെ കുറിച്ച് എപ്പോഴും തോന്നിയിട്ടുള്ളത്. കെട്ടിയിട്ട വള്ളങ്ങൾ പോലും തള്ളാൻ സർവ്വശക്തിയും പ്രയോഗിക്കുന്ന സമൂഹത്തിൽ ഒരു വേറിട്ട വ്യക്തിത്വം ആയിരുന്നു അദ്ദേഹത്തിന്റേത്.

1991 ൽ ഞാൻ ഡാലസിൽ എത്തിയപ്പോൾ അദ്ദേഹവുമായി പരിചയപെട്ടു. അന്ന് അദ്ദേഹം കേരള അസോസിയേഷൻ പ്രസിഡന്റ് ആയിരുന്നു എന്നാണ് ഓർമ്മ. ഡാലസിൽ നിന്ന് കുറച്ചു അകലെ ടൈലറിൽ താമസിച്ചിരുന്നത് കൊണ്ടാകാം അദ്ദേഹത്തിന് ഡാളസിലെ മലയാള രാഷ്ട്രീയ അങ്കങ്ങളിൽ അധികം പോരാടേണ്ടി വന്നില്ല. ഇടയ്ക്കിടെ അസോസിയേഷന്റെ പരിപാടികളിൽ പങ്കെടുക്കുവാൻ അദ്ദേഹം ഡാലസിലോ അതിനടുത്തോ എത്തുമ്പോൾ ഞങ്ങൾ തമ്മിൽ കണ്ടിരുന്നു. ചർച്ച ചെയ്തിരുന്നത് സാഹിത്യ വിഷയങ്ങളെ കുറിച്ച് മാത്രം. മറ്റൊരു നഗരത്തിലെ ലോ കോളേജിൽ അഡ്മിഷന് ശ്രമിക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ റഫറൽ തേടി. 'അപ്പോൾ ഡാലസ് വിട്ടു പോകുകയാണോ' എന്ന് ചോദിച്ചു. എനിക്ക് റഫറൽ സന്തോഷത്തോടെ നൽകി. അതിനു ശേഷം ഒരിക്കൽ അദ്ദേഹത്തിന് ഒരു പുസ്തകം പ്രസിദ്ധീകരിക്കണമെന്നു ആഗ്രഹം ഉണ്ടായി. കൊല്ലത്തെ കുങ്കുമം പുബ്ലിക്കേഷന്സിനോട് ഒന്ന് പറയണം എന്ന് പറഞ്ഞു. ഞാൻ അടുത്ത സുഹൃത്തായിരുന്ന വിമല കുമാരിയെ വിളിച്ചു പറഞ്ഞു.

1995 ൽ ഫൊക്കാനയുടെ യൂത്ത് കൺവെൻഷനിൽ പങ്കെടുക്കുവാൻ ഞാൻ അദ്ദേഹത്തോടൊപ്പമാണ് ഹ്യൂസ്റ്റണിലേക്ക് യാത്ര ചെയ്തത്. വിമാനത്തിൽ ഞങ്ങൾ അടുത്തടുത്താണ് ഇരുന്നിരുന്നത്. കുറെ കഴിഞ്ഞപ്പോൾ അത് വഴി വന്ന ഒരു എയർ ഹോസ്റ്റസിനോട് അദ്ദേഹം തനിക്കു വെള്ളം വേണമെന്ന് പറഞ്ഞു. അവളുടെ മറുപടി ഞങ്ങളെ അത്ഭുതപ്പെടുത്തി. 'ഐ ഡോൺട് നോ വാട്ട് യു സെ' എന്നവൾ സ്വതസിദ്ധമായ ഗൗരവത്തിൽ പറഞ്ഞു. ഞാൻ എം എസ് ടീയോട് പറഞ്ഞു 'അതിവിടെ സാധാരണ എല്ലാവരും പറയുന്നതാണ്. നമ്മളെ കണ്ടു കഴിയുമ്പോഴേ അവർ തീരുമാനിക്കും നമ്മുക്ക് ഇംഗ്ലീഷ് അറിയത്തില്ലെന്ന്.' ഞങ്ങൾ രണ്ടു പേരും നന്നായി ചിരിച്ചു. ഒരു ജൂനിയർ കോളേജിൽ വർഷങ്ങളായി പഠിപ്പിക്കുന്ന ഒരു പ്രൊഫസർ പറയുന്ന ഇംഗ്ലീഷ് മാനസിലാവുന്നില്ല എന്ന് കേൾക്കുമ്പോൾ വിശ്വസിക്കുവാൻ പ്രയാസം തോന്നും.

ഇതിനകം ഞങ്ങൾ കുറെ എഴുത്തുകാർ ചേർന്നു കേരള ലിറ്ററി സൊസൈറ്റിക്ക് രൂപം നൽകി. തുടക്കം മുതൽ കെ ൽ എസിന്റെ നല്ല സുഹൃത്തും ക്ഷണിക്കുന്ന എല്ലാ പരിപാടികളിലും പങ്കെടുക്കുവാൻ സന്മനസ്സും പ്രകടിപ്പിച്ചിരുന്നു. കെ എൽ എസും ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയും ചേർന്ന് സംഘടിപ്പിക്കുന്ന എഴുത്തിനിരുത്തു പരിപാടികളിൽ അദ്ദേഹത്തോടൊപ്പം ഞാനും ഏബ്രഹാം തെക്കേമുറിയും കൊച്ചു കുട്ടികൾക്ക് മലയാളം എഴുതാൻ പഠിപ്പിച്ചു കൊടുക്കുന്നത് ഒരു വാർഷിക അനുഭവം ആയിരുന്നു.

ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) തുടങ്ങിയപ്പോൾ അദ്ദേഹത്തെ അതിന്റെ പ്രസിഡന്റാക്കുവാൻ സംഘടന തുടങ്ങുവാൻ താല്പര്യം എടുത്തവർക്കു രണ്ടാമതൊന്നു ആലോചിക്കേണ്ടി വന്നില്ല. 2002 വരെ അദ്ദേഹം സജീവമായി സംഘടനയിൽ തുടർന്നു. പിന്നീട് നടന്ന സമ്മേളനങ്ങളിൽ അപൂർവമായേ അദ്ദേഹം പങ്കെടുത്തുള്ളൂ. എങ്കിലും ലാനയുടെ പ്രവർത്തനങ്ങളിൽ തല്പരനും ആവശ്യമായി വരുമ്പോഴെല്ലാം ഉപദേശവും സഹകരണവും നൽകിയിരുന്നു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുമായോ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസുമായോ അദ്ദേഹത്തിന് സജീവമാകാൻ കഴിഞ്ഞില്ല. എന്നാൽ എപ്പോഴും ഈ സംഘടനകളുടെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹം സജീവ സഹരണവും പങ്കാളിത്തവും നൽകിയിരുന്നു. എല്ലാവരോടും സ്നേഹപൂർണവും സ്വാഗതാർഹവുമായ അദ്ദേഹത്തിന്റെ സമീപനം ചിലപ്പോഴൊക്കെ വിഷമ ഘട്ടങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഫൊക്കാനയുമായി സജീവമായി സഹകരിച്ചിരുന്ന അദ്ദേഹം വേൾഡ് മലയാളി കൗൺസിൽ രൂപീകരിച്ചപ്പോൾ ചില സുഹൃത്തുക്കളുടെ നിർബന്ധം മൂലം ആയിരിക്കാം കുറെ നാൾ അതുമായും സഹകരിച്ചു.

ഒരു വ്യവസായമോ ഒരു സംരംഭമോ ആകുമ്പോൾ അതിനു ഒരു സ്ഥാപകൻ മാത്രമായി തുടങ്ങാനാവും. എന്നാൽ ഒരു സംഘടന തുടങ്ങുന്നത് കുറെ പേർ ചേർന്നാണ്. അവരെ എല്ലാവരെയും നമുക്ക് സ്ഥാപക നേതാക്കൾ എന്ന് വിശേഷിപ്പിക്കാം. ഒരാളിനെ മാത്രം ഒരു സംഘടനയുടെ സ്ഥാപകനാക്കുന്നത് ആ വ്യക്തിയോട് ചെയ്യുന്ന അപരാധമാണ്.

എം എസ് ടി ഇടയ്ക്കിടെ ഡാലസിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മോർണിംഗ് ന്യൂസിൽ ചില ലേഖനങ്ങൾ എഴുതിയിരുന്നു. ഞങ്ങൾ തമ്മിൽ കാണുമ്പോഴെല്ലാം ഞാൻ ഈ ലേഖനങ്ങളെക്കുറിച്ചു അദ്ദേഹവുമായി സംസാരിക്കുമായിരുന്നു. എന്റെ കോളങ്ങളെക്കുറിച്ചും ലേഖനങ്ങളെക്കുറിച്ചും അദ്ദേഹവും എന്നോട് സംസാരിച്ചിരുന്നു. ഞങ്ങൾ രണ്ടു പേരും ഒന്ന് പോലെ ആസ്വദിക്കുകയും പിന്നീട് ഓർമയിൽ സൂക്ഷിക്കുന്ന അവസരങ്ങളുമായി ഇവ മാറി. അദ്ദേഹത്തിന്റെ പരസ്പര ബഹുമാനത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും കാഴ്ചപ്പാടുകൾ വളരെ വിരളമായി മാത്രം കാണുന്ന വിശേഷങ്ങളായി ഞാൻ കരുതുന്നു.

അദ്ദേഹത്തിന്റെ ഭൗതിക ശരീരം അവസാനമായി ഒരു നോക്ക് കാണാൻ എനിക്ക് കഴിഞ്ഞില്ല. അത് ദുഖകരമായ ഒരു അനുഭവമായി ഓർമയിൽ തങ്ങി നിൽക്കുന്നു. സ്വയം ഡ്രൈവ് ചെയ്യരുത് എന്ന് ഡോക്ടർമാർ എന്നെ ഉപദേശിച്ചിട്ടുണ്ട്. എന്റെ വീട്ടിൽ നിന്ന് ഏതാണ്ട് 45 മിനിറ്റ് ദൂരത്തിലായിരുന്നു അദ്ദേഹത്തിന്റെ ഭൗതിക ശരീരം പൊതുദർശനത്തിനു ഒരുക്കിയിരുന്നത്. ഒരു റൈഡ് ശരിയാക്കി ഞാൻ കാത്തിരുന്നതാണ്. പക്ഷെ സമയം ആയപ്പോൾ റൈഡ് കിട്ടിയില്ല. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യ ശാന്തി നേരുന്നു. ഇപ്പോഴും എപ്പോഴും ഞങ്ങൾ അക്ഷരങ്ങളെ സ്നേഹിക്കുന്നവർക്കൊപ്പം അദ്ദേഹം ഉണ്ടായിരിക്കും എന്ന ഉത്തമ ബോധ്യം ഞങ്ങളെ നയിക്കുന്നു.


Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA
Member MDRT®
Blue Ocean Wealth Solutions
A member of the MassMutual Financial Group

SABU LUKOSE, MBA
Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

: 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .

# വിമാനങ്ങളെ ആകാശക്കുരുക്കിലാക്കുന്ന, ഉറവിടമറിയാത്ത
# വ്യാജ ബോംബ് ഭീഷണികൾ




എ.എസ് ശ്രീകുമാർ

കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ഇന്ത്യൻ വിമാനങ്ങൾക്ക് നേരെയുണ്ടായ വ്യാജ ബോംബ് ഭീഷണികൾ യാത്രക്കാരുടെയും വിമാനക്കമ്പനികളുടെയുമെല്ലാം ഉറക്കം കെടുത്തിയിരിക്കുന്നു. കഴിഞ്ഞ എട്ട് ദിവസത്തിനുള്ളിൽ രാജ്യത്ത് ഇരുന്നൂറിലധികം വിമാനസർവീസുകളാണ് ബോംബ് ഭീഷണി മൂലം താറുമാറായത്. സോഷ്യൽ മീഡിയയിലൂടെ പ്രചരിച്ച ബോംബ് ഭീഷണികളെല്ലാം വ്യാജമായിരുന്നുവെന്നതിൽ തൽക്കാലം ആശ്വസിക്കുകയേ നിവർത്തിയുള്ളൂ.

എയർ ഇന്ത്യ, ഇൻഡിഗോ, ആകാശ എയർ, വിസ്താര, സ്പൈസ് ജെറ്റ്, സ്റ്റാർ എയർ, അലയൻസ് എയർ എന്നിവയുൾപ്പെടെയുള്ള നിരവധി ഇന്ത്യൻ വിമാനക്കമ്പനികൾക്കാണ് ബോംബ് ഭീഷണികൾ ലഭിച്ചത്. ഡൽഹി-ഷിക്കാഗോ എയർ ഇന്ത്യ വിമാനം, ജയ്പൂർ-ബെംഗളൂരു എയർ ഇന്ത്യ എക്സ്പ്രസ്, ദമാം-ലഖ്നൗ ഇൻഡിഗോ വിമാനം എന്നിങ്ങനെ ആഭ്യന്തര, അന്താരാഷ്ട്ര വ്യത്യാസമില്ലാതെയായിരുന്നു ഭീഷണി.

എന്നാൽ 'പുലി വരുന്നേ പുലി...' എന്നു പറയുംപോലെ എല്ലാത്തവണയും ഇത്തരം ഭീഷണികൾ വ്യാജമാണെന്ന് വിചാരിക്കുന്നത് അപകടകരമാണ്. പ്രത്യേകിച്ചും ഒരു കനേഡിയൻ സിക്ക് ഭീകരന്റെ വധത്തോടെ ഇന്ത്യ-കാനഡ നയതന്ത്രബന്ധം തീർത്തും വഷളായ പശ്ചാത്തലത്തിൽ. നവംബർ ഒന്നു മുതൽ 19 വരെ എയർ ഇന്ത്യ വിമാനങ്ങളിൽ യാത്ര ചെയ്യരുതെന്ന താക്കീതുമായി അമേരിക്കയിലെ ഖാലിസ്ഥാൻ വിഘടനവാദി നേതാവ് ഗുർപത്വന്ത് സിംഗ് പന്നൂൻ കഴിഞ്ഞ ദിവസം രംഗത്തുവന്നിരുന്നു. സിഖ് വിരുദ്ധ കലാപത്തിന്റെ വാർഷികം ആയതിനാൽ ആക്രമണം ഉണ്ടാകുമെന്നാണ് പന്നൂനിന്റെ വീഡിയോ വഴിയുള്ള ഭീഷണി.

വിമാനങ്ങൾക്ക് നേരെയുള്ള വ്യാജ ബോംബ് ഭീഷണി സന്ദേശങ്ങൾ തുടരുന്ന സാഹചര്യത്തിൽ വ്യോമയാന സുരക്ഷാ ചട്ടത്തിൽ ഭേദഗതി വരുത്താൻ ഇന്ത്യൻ വ്യോമയാന മന്ത്രാലയം തിരക്കിട്ട ആലോചനയിലാണ്. വ്യോമയാന സുരക്ഷാ ചട്ടത്തിലും 1982-ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള വ്യോമയാന സുരക്ഷാ നിയമത്തിലും ഭേദഗതി വരുത്താനാനുള്ള നീക്കം എന്തേ ഇത്രയും വൈകിയത് എന്നാണ് വിമാനയാത്രക്കരുടെ ഇപ്പോഴത്തെ ചിന്ത.

വിമാനത്തിനകത്തെ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് നിലവിലെ നിയമങ്ങൾ കൂടുതലും. ഇതിലെ പരമാവധി ശിക്ഷ അഞ്ചുവർഷം തടവാണ്. ഇത് ഭേദഗതി ചെയ്ത് വിമാനത്തിന് പുറത്തുനിന്നുള്ള കുറ്റകൃത്യങ്ങൾക്കും കനത്ത ശിക്ഷ നൽകാനാണ് ആലോചന. ഭീഷണി മുഴക്കുന്നവരെ കരിമ്പട്ടികയിൽ പെടുത്തുന്നതുൾപ്പെടെ കടുത്ത നടപടികളുണ്ടാകും.

ഒരു വ്യാജ ബോംബ് ഭീഷണി സന്ദേശം ഉണ്ടാക്കുന്ന പൊല്ലാപ്പുകളും മാനസിക സംഘർഷവും അതീവ ഗുരുതര സ്വഭാവമുള്ളതാണ്. എമർജൻസി ലാൻഡിങ്, യാത്രക്കാരുടെ ഭക്ഷണം, താമസം ഉൾപ്പെടെ സമയനഷ്ടവും ലക്ഷങ്ങളുടെ സാമ്പത്തിക നഷ്ടവും ഇതുമൂലമുണ്ടാവുന്നു. യാത്രക്കാർക്ക് യഥാസമയം ലക്ഷ്യസ്ഥാനത്തെത്താൻ കഴിയാത്തതിനെ തുടർന്നുണ്ടാവുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. കണക്ഷൻ ഫ്ളൈറ്റ് കിട്ടാതെവന്നാൽ വിമാനക്കമ്പനിക്ക് നഷ്ടപരിഹാരം കൊടുക്കേണ്ടി വരികയും ചെയ്യും.

ഇത്തരം ഭീഷണികൾ വരുത്തിവയ്ക്കുന്ന വിനയെന്താണെന്ന് നോക്കാം...യാത്രക്കാർ വിമാനത്തിൽ കയറിയ ശേഷമാണ് ഭീഷണിയെങ്കിൽ എല്ലാവരെയും ഇറക്കി ഓരോരുത്തരെയായി വിശദമായി പരിശോധിക്കും. വിമാനം ഐസൊലേഷൻ പാർക്കിങ് ഏരിയയിലേക്ക് മാറ്റും. ബോംബ് കണ്ടു

പിടിക്കാനും നിർവീര്യമാക്കാനുമുള്ള സംഘത്തിന്റെ പരിശോധനയിൽ ഒന്നുമില്ലെന്ന് ഉറപ്പായാൽ യാത്രക്കാരെ പ്രത്യേക സ്ഥലത്തേക്ക് മാറ്റും

യാത്രക്കാരെ പരിശോധിച്ച ശേഷം വിമാനത്തിൽ നിന്ന് ബാഗേജുകളെല്ലാം താഴെയിറക്കി ഓരോന്നും പരിശോധിക്കും. ബോംബ് ഭീഷണിയുണ്ടായാൽ സുരക്ഷാ നടപടികൾ പൂർത്തിയാക്കാൻ നാലു മണിക്കൂറെങ്കിലും എടുക്കും. ബോംബ് ഭീഷണി മുഴക്കിയ ആൾക്ക് അഞ്ചു വർഷം വരെ തടവു ശിക്ഷ ലഭിക്കാം. സംശയിക്കത്തക്കതായി ഒന്നുമില്ലെന്ന് ഉറപ്പാക്കിയ ശേഷം വിമാനത്തിൽ പരിശോധന നടത്തും.

ടോയ്‌ലറ്റും സീറ്റുകളുമെല്ലാം നോക്കും. ഭീഷണി ഉണ്ടാകുമ്പോൾ തന്നെ എല്ലാ സുരക്ഷാ ഏജൻസികളുമുൾപ്പെടുന്ന ബോംബ് ത്രെട്ട് റിവ്യു കമ്മറ്റി യോഗം ചേരും. പരിശോധനകൾക്കു ശേഷം ഭീഷണിയിൽ കഴമ്പില്ലെന്ന് ഉറപ്പാക്കിയാൽ വിമാനത്തിന് യാതാനുമതി നൽകും. ആജീവനാന്തം വിമാനയാത്രാ വിലക്ക് ഏർപ്പെടുത്തുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം പ്രഖ്യാപിച്ചിട്ടുണ്ട്.

അതേസമയം, ഭീഷണികളുടെ ഉറവിടം കണ്ടുപിടിക്കുക പ്രയാസകരമാണ്. ഭീഷണി സന്ദേശമയയ്ക്കുന്നവർ ഡാർക്ക് വെബ് പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുമൂലമാണിത്. വേൾഡ് വൈഡ് വെബിന്റെ ഭാഗം തന്നെയാണെങ്കിലും എല്ലാവർക്കും ആക്സസ് ചെയ്യാൻ കഴിയാത്ത ഒരു മേഖലയാണ് ഡാർക്ക് വെബ്. പ്രത്യേകമായി എൻക്രിപ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ഈ ഭാഗത്തെ വിവരങ്ങൾ ഗൂഗിളിലോ മറ്റേതെങ്കിലും സെർച്ച് എൻജിനുകളിലോ ഇൻഡക്സ് ചെയ്യപ്പെടുന്നില്ല.

ഗൂഗിളിൽ തിരഞ്ഞാൽ ലിസ്റ്റ് ചെയ്ത് കിട്ടുന്ന വെബ്സൈറ്റുകളിലും വിവരങ്ങളിലും വെബ്ബിന്റെ ഈ ഭാഗം നമുക്ക് ലഭ്യമാകില്ല. ഇത്തരമൊരു വെബ്പേജ് നമുക്ക് തുറക്കണമെങ്കിൽ പ്രത്യേക സോഫ്റ്റ്‌വെയറിന്റെ സഹായം ആവശ്യമായി വരും. ആ പേജിലേക്കുള്ള ഡിക്രിപ്ഷൻ കീയും നമ്മുടെ കൈവശമുണ്ടാകണമെന്നാണ് ബന്ധപ്പെട്ട വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്.

ഇൻവിസിബിൾ ഇന്റർനെറ്റ് പ്രോജക്ട്, ടോർ തുടങ്ങിയ അനോണിമസ് ബ്രൗസറുകളും മറ്റും ഡാർക്ക് വെബ് ആക്സസ് ചെയ്യാൻ ഉപയോഗിക്കാറുണ്ടെന്നാണ് റിപ്പോർട്ടുകൾ. ഇത്തരം മേഖലകളിൽ സേവനദാതാക്കളുടെയും ഉപയോക്താക്കളുടെയുമെല്ലാം വിവരങ്ങൾ അങ്ങേയറ്റം രഹസ്യമായിരിക്കും. വെബ് പേജ് റിക്വസ്റ്റുകളെ പ്രോക്സി സെർവർ പരമ്പരകളിലൂടെ റൗട്ട് ചെയ്ത് തിരിച്ചറിയാനാകാത്ത ഐ.പി വിലാസങ്ങളിലൂടെ ഉപയോക്താവിനെ ലക്ഷ്യത്തി എത്തിക്കുകയാണ് ചെയ്യുന്നതത്രേ.

അജ്ഞാത ആശയവിനിമയം പ്രാപ്തമാക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമാണ് അമേരിക്കയിൽ പിറന്ന ടോർ. നെറ്റ്‌വർക്ക് നിരീക്ഷണമോ ട്രാഫിക് വിശകലനമോ നടത്തുന്ന ഏതൊരാളിൽ നിന്നും ഒരു ഉപയോക്താവിന്റെ സ്ഥലവും ഉപയോഗവും മറച്ചുവെക്കുന്നതിനായി ഏഴായിരത്തിലധികം റിലേകൾ അടങ്ങുന്ന സൗജന്യ, ലോകമെമ്പാടുമുള്ള സന്നദ്ധ ഓവർലേ നെറ്റ്‌വർക്ക് വഴി ടോർ ഇന്റർനെറ്റ് ട്രാഫിക്കിനെ നയിക്കുന്നു. ടോർ ഉപയോഗിക്കുന്നത് വഴി ഉപയോക്താവിന്റെ ഇന്റർനെറ്റ് പ്രവർത്തനം കണ്ടെത്തുക പ്രയാസകരമാണ്.

നാം സാധാരണമായി ഗൂഗിളിൽ സെർച്ച് ചെയ്താൽ കിട്ടുന്നത് സർഫസ് വെബ് സൈറ്റുകളാണ്. ഇവയ്ക്കു താഴെയായി ഡീപ് വെബ് എന്നറിയപ്പെടുന്ന മറ്റൊരു മേഖലയുണ്ട്. ഇവിടെയുള്ള കണ്ടന്റുകൾ സെർച്ച് എൻജിനുകളിൽ ലിസ്റ്റ് ചെയ്യപ്പെടില്ല. ഇവയുടെ ലിങ്ക് കൈവശമുണ്ടെങ്കിൽ നമുക്ക് ആക്സസ് ചെയ്യാനാകും. ഇതിനും താഴെയുള്ള മേഖലയെയാണ് ഡാർക്ക് വെബ് എന്ന് വിളിക്കുന്നത്. ഇവിടുത്തെ കണ്ടന്റ് നമുക്ക് ലഭിക്കാൻ വെബ് ലിങ്ക് കൊണ്ടൊന്നും പ്രയോജനമില്ലെന്ന് വിദഗ്ഘർ വ്യക്തമാക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിലെ ബോംബ് ഭീഷണികളുടെ ഉറവിടെ പരിശോധിച്ചപ്പോൾ മൂന്ന് സന്ദേശങ്ങൾ അയച്ചത് ഛത്തീസ്ഗഢിലെ രാജ്നന്ദ്ഗാവ് സ്വദേശിയായ ഒരു 17-കാരനാണെന്ന് കണ്ടെത്തിയിരുന്നു. ഇവൻ ഇതെന്തിനുവേണ്ടിയാണ് ഇത് ചെയ്തത്..? അത് നമ്മിൽ കൗതുകവും ഒപ്പം അടങ്ങാത്ത കലിയും ഉണ്ടാക്കുന്നു.

സാമ്പത്തിക തർക്കത്തെത്തുടർന്ന് ഒരു പലചരക്ക് കടയുടമയോട് പകവീട്ടാൻ വേണ്ടി അദ്ദേഹത്തിന്റെ സോഷ്യൽ മീഡിയ അക്കൗണ്ട് ഹാക്ക് ചെയ്ത് അതിലൂടെ ഭീഷണി സന്ദേശമയച്ചതായിരുന്നു ഈ കൗമാര ബുദ്ധി. ഇയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ 17-കാരന്റേത് അപക്വമായ പ്രതികരണമാണെങ്കിൽ എല്ലാ ഭീഷണികളും അത്തരത്തിലുള്ളതല്ല. ഇവിടെയാണ് കുറ്റമറ്റ വ്യോമയാന സുരക്ഷാ ചട്ടത്തിലെ ഭേദഗതികളുടെ അനിവാര്യത.



# ഹൂസ്റ്റണിൽ 'ആത്മസംഗീതം' സംഗീത പരിപാടി ശ്രുതി മധുരമായി



**ജീമോൻ റാന്നി**

ഹൂസ്റ്റൺ: പ്രശസ്ത ക്രിസ്തീയ ഭക്തി ഗായകരായ കെസ്റ്ററും ശ്രീയ ജയദീപും, നയിച്ച 'ആത്മസംഗീതം' ക്രിസ്ത്യൻ ലൈവ് സംഗീത സന്ധ്യ ശ്രുതി മധുരമായ നിരവധി ഗാനങ്ങളുടെ ആലാപനം കൊണ്ട് ശ്രദ്ധേയമായി

ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമിനിക്കൽ കമ്മ്യൂണിറ്റിയുടെ (ഐസിഇസിഎച്ച്) ആഭിമുഖ്യത്തിൽ അംഗത്വമുള്ള 20 ഇടവകകളുടെ സഹകരണത്തിൽ ഹുസ്റ്റൻ സെന്റ് തോമസ് ഓർത്തഡോക്ൾസ് കത്തീഡ്രൽ ഹാളിൽ വെച്ചു ഒക്ടോബർ 12 ന് വൈകിട്ടു 6 മണിക്ക് നടത്തിയ ആത്മസംഗീതം സംഗീത പരിപാടി തികച്ചും ആസ്വാദ്യകരമായി.

കെസ്റ്ററും, ശ്രേയ ജയ്ദ്വീപും ആലപിച്ച ക്രിസ്ത്യൻ ഭക്തി ഗാനങ്ങൾ സദസ്സിനെ ഹർഷ ഭരിതരാക്കി. ഐസിഇസിഎച്ച് പ്രസിഡന്റ് റവ. ഫാ. ഡോ.ഐസക് . ബി. പ്രകാശിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബിഷപ്പ് അഭിവന്ദ്യ ജോഷ്വ മാർ

ഇഗ്നെഷ്യസ് ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജോണികുട്ടി പുലിശ്ശേരി പ്രാരംഭ പ്രാത്ഥന നടത്തി.

റവ. ഫാ. മാമ്മൻ മാത്യു കോർ എപ്പിസ്കോപ്പ , റവ.ഫാ ജോൺസൻ പുഞ്ചക്കോണം , റവ.എബ്രഹാം സക്കറി യ ,റവ.ഫാ.ബിന്നി ഫിലിപ്പ്,റവ.ഫാ.ക്രിസ്റ്റോഫർ മാത്യു റവ. ഫാ പൗലോസ് പീറ്റർ , സ്റ്റാഫോർഡ് സിറ്റി മേയർ ശ്രീ. കെൻ മാത്യു തുടങ്ങിയവർ സന്നിഹിതരായിരുന്നു. ട്രഷറർ രാജൻ അങ്ങാടിയിൽ , പ്രോഗ്രാം കോർഡിനേറ്റർ മിസിസ് സിമി തോമസ് , ജോൺസൻ വറുഗീസ് , റെജി കോട്ടയം , ബിജു ചാലക്കൽ , ഐസിഇസിഎച് പിആർഓ ജോൺസൻ ഉമ്മൻ നൈനാൻ വീട്ടിനാൽ എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി. ഈ സംഗീത പരിപാടിയുടെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും സെക്രട്ടറി റെജി ജോർജ് നന്ദി പ്രകാശിപ്പിച്ചു.





MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**മറിയം**

പിറവം/ന്യുയോർക്ക്: കൈരളി ടിവി യു.എസ്. എഡയറക്ടർ ജോസ് കാടാപ്പുറത്തിന്റെ മാതാവും പരേതനായ സ്റ്റീഫൻ കാടാപ്പുറത്തിന്റെ പത്നിയുമായ മറിയം (90) അന്തരിച്ചു. മക്കൾ: ബേബി & മോളി; രാജു & മേഴ്സി; സ്റ്റീഫൻ & മേഴ്സി; ഗ്രേസി & ജോസഫ് ചാക്കോ, ജോസ് & ജെസി.12 കൊച്ചുമക്കളുണ് അവരുടെ 15 മക്കളുമുണ്ട്.

**എം.ജെ.ജോസഫ്**

അമലഗിരി:മുകളേൽ എം.ജെ.ജോസഫ് (കുഞ്ഞേപ്പ്, 92) അന്തരിച്ചു. ദീപിക മുൻ ഉദ്യോഗസ്ഥനാണ്. ഭാര്യ: ഭരണങ്ങാനം പുരയിടത്തിൽ ഏലിക്കുട്ടി. മക്കൾ: വൽസമ്മ, ജോണി (യുഎസ്), മോളി, ഗ്രേസി, ലിസി, സാലി. മരുമക്കൾ: തോമസ്, ജോളി, ജോർജ്, ജോസ്, ജോണി.




**ഗ്രേസ് എബ്രഹാം**

ഹൂസ്റ്റൺ: നിരണം കുറിച്ചിയേത്ത് എരമല്ലാടിൽ പരേതനായ ഇ.എ.എബ്രഹാമിന്റെ (അനിയൻ) സഹധർമ്മിണി ഗ്രേസ് എബ്രഹാം (80 വയസ്സ്) ഹൂസ്റ്റണിൽ അന്തരിച്ചു. പരേത ചെങ്ങന്നൂർ കേളയിൽ കുടുംബാംഗമാണ്. മകൻ: ജോജു എബ്രഹാം (ഓസ്റ്റിൻ) മരുമകൾ: ജയാ ജോർജ് ഏബ്രഹാം. കൊച്ചുമക്കൾ: നിധി,സേജൽ, ദിലൻ.

**ശ്രീദേവി**

ചങ്ങനാശേരി:പെരുന്ന ശ്രീനികേതൻ വസതിയിൽ ശ്രീദേവി (64) അന്തരിച്ചു. നാരകത്തറ ഇരുപത്തഞ്ചിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ വിജയൻ നായർ. മകൻ: ഹരികൃഷ്ണൻ (മാനേജർ ഫെഡറൽ ബാങ്ക് കൊല്ലകടവ്). മരുമകൾ: അമ്പിളി കോട്ടയം.



**ഡോ.ജോസഫ് കുര്യൻ**

വെർജീനിയ : തിരുവല്ലാ ഇരവിപേരൂർ ശങ്കരമംഗലത്ത് ചേറ്റുകണ്ടത്തിൽ കുടുംബാംഗം ഡോ.ജോസഫ് കുര്യൻ (ബേബി, 81) വെർജീനിയായിലെ ഫാൾസ് ചർച്ച് സിറ്റിയിൽ അന്തരിച്ചു. ഭാര്യ: സൂസി ജോസഫ് ഹൈദരാബാദ്. മകൾ: ഡോ. ആനി ക്രൂഗർ. മരുമകൻ: സ്കോട്ട് ക്രൂഗർ. കൊച്ചുമക്കൾ: ട്രെസ്റ്റൻ, ജൂലിയ. സഹോദരങ്ങൾ : അമ്മിണി കോശി (മുക്കരണത്ത്), സാറാമ്മ കുര്യൻ (മുള്ളാനകുഴിയിൽ ), മാത്യു കുര്യൻ, പരേതനായ കുര്യൻ സി.എബ്രഹാം. ഇന്ത്യയിൽ ആദ്യമായി കമ്പ്യൂട്ടർ അവതരിപ്പിക്കുമ്പോൾ ഡൽഹി ഐ.ഐ.ടിയിൽ കമ്പ്യൂട്ടർ സിസ്റ്റംസ് പ്രോഗ്രാമർ ആയിരുന്നു.ഡൽഹി ഐഐടിയിൽ നിന്ന് പിഎച്ച്ഡി നേടി.




**റജി തോമസ്**

ഹൂസ്റ്റൻ: മലയാളി അസോസിയേഷൻ മുൻ പ്രസിഡൻറ് തോമസ് വർക്കിയുടെ (മൈസൂർ തമ്പി) മകൻ റജി തോമസ് (45) ഹൂസ്റ്റനിൽ അന്തരിച്ചു തോമസ് വർക്കി, മറിയാമ്മ തോമസ് ദമ്പതികളുടെ ഇളയ പുത്രനാണ് റജി. പിതാവിനെ പോലെ മലയാളി സമൂഹത്തിൽ സജീവ സാന്നിദ്ധ്യമായിരുന്നു റജിയും. അതുകൊണ്ടു ഹൂസ്റ്റനിലെ മലയാളി സമൂഹത്തിൽ ചെറുപ്പക്കാർക്കും പ്രായമായവർക്കും പ്രിയപ്പെട്ടവനുമാ യിരുന്നു. മൂവാറ്റുപുഴ മോളയിൽ കുടുംബാംഗം ബിബീന തോമസ് ആണ് ഭാര്യ. മകൾ മിയ.

**പി.കെ.മാധവൻകുട്ടി**

നട്ടാശേരി: കുറുങ്ങൂർ പി.കെ.മാധവൻകുട്ടി (ഓമന 82) അന്തരിച്ചു.



**പി.പി.മാത്യൂസ്**

ഹൂസ്റ്റൺ: തിരുവല്ല പേരുകാവിൽ പി.പി.മാത്യൂസ് (തരകൻ-91) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ: കുഴിക്കാല കുരീക്കാട്ടിൽ ആനി മാത്യൂസ്. മക്കൾ: ഫ്ലോസി, നോയൽ, ഷീല, ഷെർലി, നിർമൽ.മരുമക്കൾ. അച്ചൻകുഞ്ഞ് ചാണ്ടി, സണ്ണി കോവൂർ, പാസ്റ്റർ പി.എസ്.ജോർജ്, പാസ്റ്റർ റോയി മോൻ കോശി, ബോബി ജോൺ.

**ഏലിയാമ്മ**

ഉഴവൂർ:കുറിച്ചിത്താനം കരുമാക്കീൽ പരേതനായ കുരുവിള തോമസിന്റെ ഭാര്യ ഏലിയാമ്മ (93) അന്തരിച്ചു. കുറുമുള്ളൂർ ആയിലാറ്റിൽ കുടുംബാംഗമാണ്. മക്കൾ: കെ.കെ.തോമസ്, ജോളി, മിനി (ഡൽഹി). മരുമക്കൾ: ഡെയ്സി നെച്ചിക്കുന്നേൽ , പി.എം.ജോസ് പാറ്റിയാൽ , പി.വി. തോമസ് (ഡൽഹി).



**ചിന്നമ്മ വർഗീസ്**

മാവേലിക്കര: ചെറുകോൽ അമ്പനാട്ട് വീട്ടിൽ ചിന്നമ്മ വർഗീസ് (96 ) ഒക്ടോബർ 17 വ്യാഴാഴ്ച രാവിലെ അന്തരിച്ചു. ഭർത്താവ്: പരേതനായ വി. വറുഗീസ്. മക്കൾ: അമ്മിണി, മറിയാമ്മ, രാജു വർഗീസ്, ബാബു വർഗീസ്, ജോസ് വർഗീസ്. മരുമക്കൾ:ഡി ചെറിയാൻ, ആലീസ്,അനിത, ജോളി, പരേതനായ കെ വി ജേക്കബ്, രാജു വർഗീസ് ഡാളസ് സെൻ്റ് പോൾസ് ഇടവാംഗവും, ബാബു വർഗീസ് കരോൾട്ടൻ മാർത്തോമാ ഇടവാംഗവും ആണ്.

**രാജു കുര്യൻ**

വാകത്താനം:ആനിക്കലായ പന്ത്രണ്ടാംകുഴിയിൽ രാജു കുര്യൻ (64) അന്തരിച്ചു. ഭാര്യ: വാകത്താനം കൊക്കരവാലയിൽ സുലു. മക്കൾ: ടിന്റു, ടിക്കു, ടിബിൻ. മരുമക്കൾ: സനോജ് (നീറിക്കാട്), ബിയൂലാ.



**ഏലിയാമ്മ കുരുവിള**

ഉഴവൂർ: കരുമാക്കീൽ പരേതനായ കുരുവിള തോമസിന്റെ ഭാര്യ ഏലിയാമ്മ കുരുവിള (93) അന്തരിച്ചു പരേത കുറുമുള്ളൂർ അയലാറ്റിൽ കുടുംബാംഗമാണ്. മക്കൾ: ബേബി, ജോളി, മിനി. മരുമക്കൾ: ഡെയ്സി നെച്ചിക്കുന്നേൽ മോനിപ്പള്ളി, ജോസ് പാറ്റിയാൽ കുറുമുള്ളൂർ, റ്റോമിച്ചൻ പൈയാലുമുറിയിൽ വാഴൂർ.

**ലീല**

വൈക്കം:പടിഞ്ഞാറ്റുംചേരി പടിഞ്ഞാറെമുറി തോട്ടായപ്പിള്ളി പരേതനായ ഭാസ്കരൻ നായരുടെ ഭാര്യ ലീല (95) അന്തരിച്ചു.മക്കൾ: മോഹനചന്ദ്രൻ, ശശികുമാർ, രാജശേഖരൻ (മുനിസിപ്പൽ കൗൺസിലർ), ശ്രീകുമാർ, ഗീത.

**ദേവസ്യ ജോസഫ്**

ശാന്തിപുരം:ചക്കുങ്കൽ ദേവസ്യ ജോസഫ് (കുഞ്ഞച്ചൻ 85) അന്തരിച്ചു.



**ബേബി തോമസ്**

ഓണംതുരുത്ത്: മടപ്പള്ളിക്കുന്നേൽ ബേബി തോമസ് (64)അന്തരിച്ചു.ഭാര്യ: ആൻസി മാഞ്ഞൂർ സൗത്ത് എളമ്പാശേരിൽ കുടുംബാംഗം. മക്കൾ: ടിൻറു (ഖത്തർ), ടോം, ടോണി. മരുമക്കൾ: ജെൻസൺ, രേഷ്മ, ഷീതു.

**സുജ വർഗീസ്**

നട്ടാശേരി:കോട്ടയം ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപിക നാടാവള്ളിൽ സുജ വർഗീസ് (59) അന്തരിച്ചു. എറണാകുളം ടിഡി റോഡ് തറക്കുന്നേൽ അഡ്വ. ടി.പി.വർഗീസിന്റെയും എം.ടി.മേരികുട്ടിയുടെയും മകളാണ്. ഭർത്താവ്: സുജൻ ജേക്കബ് (റിട്ട. അസിസ്റ്റൻ്റ് റജിസ്ട്രാർ എംജി സർവകലാശാല).

**ടി.ജി.അപ്പുക്കുട്ടൻ നായർ**

ഇരവിനല്ലൂർ:തിരുത്തിനായപ്പള്ളിൽ വീട്ടിൽ ടി.ജി.അപ്പുക്കുട്ടൻ നായർ (72) അന്തരിച്ചു.



**മേരി ഫിലിപ്പ്**

ഒളശ്ശ: പുന്നവേലിൽ പരേതനായ ജോൺ ഫിലിപ്പിന്റെ ഭാര്യ മേരി ഫിലിപ്പ് (80) അന്തരിച്ചു. പരേത എസ്.എച്ച് മൗണ്ട് മാലേപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ലൗലി, ഷൈനി. മരുമക്കൾ: ജോയ് മേടയിൽ ഒളശ്ശ, ജോണി പഴേമ്പള്ളി പുത്തൻ പുരയിൽ ഏറ്റുമാനൂർ.

**അലൻ ജോസഫ്**

തൃശൂർ:പുത്തൻപീടിക മാളിയേക്കൽ ജോമോന്റെയും ജൂലിയുടെയും മകൻ അലൻ ജോസഫ് (12) യുഎസിൽ അന്തരിച്ചു.

**ശിവശങ്കരൻ നായർ**

വെളിയന്നൂർ:പിണ്ടിക്കാനേൽ ശിവശങ്കരൻ നായർ (78) അന്തരിച്ചു. ഭാര്യ: വെളിയന്നൂർ പിണ്ടിക്കാനേൽ ഭാനുമതിയമ്മ. മക്കൾ: ശ്രീജ (ആരോഗ്യ വകുപ്പ്), ശ്രീജിത്ത്, ശ്രീജേഷ് (സൗദി). മരുമക്കൾ: അനു, ശ്രീരശ്മി.



**ഏലിയാമ്മ**

കോതനല്ലൂർ: മത്തായി പണയപ്പറമ്പിലിന്റെ ഭാര്യ ഏലിയാമ്മ (90) അന്തരിച്ചു. പരേത മേമ്മുറി മൂലേപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ തങ്കച്ചൻ പണയപ്പറമ്പിൽ, രാജു പണയപ്പറമ്പിൽ, ജെയിംസ് പണയപ്പറമ്പിൽ, ജെയ്സി മറ്റത്തിക്കുന്നേൽ, റോയി പണയപ്പറമ്പിൽ (എല്ലാവരും ചിക്കാഗോ). മരുമക്കൾ: മോളി പീടികകാലായിൽ, മിനി തയ്യിൽ, ജിനി മണിമല, ജോയ്സ് മറ്റത്തിക്കുന്നേൽ, റീന വടകര.

**പി.ജെ.മേരിക്കുട്ടി**

ആലപ്ര:വെച്ചൂക്കുന്നേൽ പ്ലാന്തോട്ടത്തിൽ (മാവുങ്കൽ) പി.ജെ.മേരിക്കുട്ടി (മോളി62) അന്തരിച്ചു.

**മുഹമ്മദ് ഇസ്മായിൽ**

കാഞ്ഞിരപ്പള്ളി:കോവിൽക്കടവ് ലെയ്നിൽ മക്കത്തു വീട്ടിൽ മുഹമ്മദ് ഇസ്മായിൽ (72) അന്തരിച്ചു.


pravasi CHANNEL HD
THE ONE AND ONLY DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News